Reg. No. M. 2293

ഒരുപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 മേടം 15 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ഏപ്രിൽ 28 | ലക്കം 34

## "കത്തോലിക്കാ സർവ്വകലാശാല"

(ജെ. കെ. തയ്യിൽ എസ്. ജെ.)

നവഭാരതത്തിൽ കത്തോലിക്കർക്കു സമുന്നതമായ ഒരു നിലയുണ്ടു്. അവർ മുപ്പത്തിയഞ്ചരക്കോടിയിൽ നാലരലക്ഷം മാത്രമേ ഉള്ളെങ്കിലും ഈ ഒന്നരശതമാനം വരുന്നതായ ന്യൂനപക്ഷത്തിനു അസൂയാവഹമായ ഒരു സ്ഥാനം ഭാരതത്തിലുണ്ടു്. തെക്കേ ഇന്ത്യയിൽ കത്തോലിക്കാസഭ ഒരു മഹാശക്തിയാണു്. അതിലും പ്രത്യേകിച്ചു തിരുക്കൊച്ചിയിൽ. മുപ്പത്തിമൂന്നു ശതമാനം ക്രിസ്ത്യാനികളിൽ 22 ശതമാനവും കത്തോലിക്കരാണു്. അവരുടെ ദേവാലയങ്ങളാലും, സ്ഥാപനങ്ങളാലും, വിദ്യാകേന്ദ്രങ്ങളാലും, ധർമ്മസ്ഥാപനങ്ങളാലും തിരുക്കൊച്ചി പൂർവ്വവൽ പുരോഗമിച്ചിരിക്കുന്നു. ഇന്നു ഇന്ത്യായൂണിയനിലുള്ള 66 രൂപതകളിൽ പതിനാലും തിരുക്കൊച്ചിയിലാണു്. തിരുക്കൊച്ചിയോടടുത്തുകിടക്കുന്ന മലബാറിൽ ഇതാ രണ്ടു രൂപതകളായിക്കഴിഞ്ഞു. തലശ്ശേരി രൂപതയ്ക്കു 75000ത്തിനുമേൽ ജനങ്ങൾ കത്തോലിക്കരായുണ്ടു്. കോഴിക്കോട്ടുരൂപതയ്ക്കു അനേകം വിദ്യാലയങ്ങളും, ഒരു കലാലയവും, അനേകം അനാഥമന്ദിരങ്ങളും, ഒരു കരകൗശലശാലയും അതിനോടു അനുബന്ധിച്ച അനേകം ധർമ്മസ്ഥാപനങ്ങളുമുണ്ടു്. വേറെ വാക്കിൽ പറഞ്ഞാൽ ഇന്നു ഭാരതത്തിൻെറ റോമാ മലബാറാണു്. ഈ മലബാറിൽനിന്നാണു കത്തോലിക്കാ പ്രവർത്തനം ബീജാവാപം ചെയ്യേണ്ടതും ഭാരതത്തെ കാതോലികമാക്കേണ്ടതും.

എന്നാൽ കത്തോലിക്കാതിരുസ്സഭ ഇന്നാൾവരെ പ്രചുരപ്രചാരമായിട്ടുള്ളതു വാൾത്തലയും വലിയതോക്കുമുപയോഗിച്ചല്ല, പട്ടാളവും പടവെട്ടുംകൊണ്ടല്ല. ഇന്നും അതു പ്രചുരപ്രചാരമാകേണ്ടതു് അണുബോംബും, ഹൈഡ്റജൻബോംബും കൊണ്ടല്ല. പിന്നയോ ക്രിസ്തുവിൻെറ ശാന്തിശീതളമായ സന്ദേശം സ്നേഹത്തിലും ത്യാഗത്തിലും അധിഷ്ഠിതമാക്കി സകല ലോകത്തിനും സേവനസന്നദ്ധതയോടെ നൽകുന്നതിലത്രെ.

ഈ പാരത്രികവിജ്ഞാനം നവഭാരതത്തിനു പ്രദാനംചെയ്യുവാൻ നിരവധി മാർഗ്ഗങ്ങൾ നമുക്കു സുലഭമാണെങ്കിലും ഇന്നത്തെ സാഹചര്യങ്ങളിൽ വിദ്യാലയങ്ങൾമൂലമാണു് നാം ഈ നിത്യസത്യങ്ങൾ ലോകത്തിനു, അതെ നമ്മുടെ മാതൃഭൂമിയായ ഭാരതത്തിനു വിളമ്പിക്കൊടുക്കേണ്ടതു്. ഭാരതീയജനങ്ങളെ വിദ്യാസമ്പന്നരാക്കുക. അവർക്കു സത്യം അറിയുവാനും ആരായുവാനുമുള്ള പ്രാപ്തി നൽകുക. അർദ്ധവിദ്യാഭ്യാസം അനേകം അനിഷ്ടസംഭവങ്ങൾക്കു കാരണമാകയാൽ ഇന്ത്യയിലെ മൂകലക്ഷങ്ങൾക്കു സാക്ഷരത്വം നൽകുന്നതോടുകൂടി അവർക്കു ഉപരിവിദ്യാഭ്യാസം നൽകേണ്ടതു ഇന്നു കത്തോലിക്കരായ നമ്മുടെ ഒരു കടമയായിത്തീർന്നിരിക്കുന്നു.

ഇന്നു ഭാരതത്തിൽ 1953-ലെ വാർഷികറിപ്പോർട്ടിൻ പ്രകാരം 31 സർവ്വകലാശാലകൾ ഉണ്ടു്. അവയിൽ ഒന്നു 90ലക്ഷം ജനങ്ങൾ അധിവസിക്കുന്ന തിരുക്കൊച്ചിയിലെ ജനങ്ങൾക്കുള്ള തിരുവിതാംകൂർ സർവ്വകലാശാലയാണു്. തിരുക്കൊച്ചിയിലെ എല്ലാ കലാലയങ്ങളും തിരുവിതാംകൂർ സർവ്വകലാശാലയുടെ കീഴിൽ ആയിട്ടില്ല. ഈ മുപ്പത്തൊന്നു് സർവ്വകലാശാലകളിൽ അനേകം ഗവമ്മെണ്ടിൻെറ സ്വന്തമാണു്. എന്നാൽ ഭാരതത്തിലെ പ്രമുഖസമുദായങ്ങളായ ഹിന്ദുക്കൾക്കു ബനാറീസ് സർവ്വകലാശാലയും, മഹമ്മദീയർക്കു അലിഗാർ സർവ്വകലാശാലയും ഉണ്ടു്.

വിദ്യാഭ്യാസരംഗത്തിൽ അനേകവർഷങ്ങളായി തഴക്കവും പഴക്കവും സിദ്ധിച്ചിരിക്കുന്ന നമുക്കു, അതേ ബോംബെ, മദ്രാസ്, ബംഗാൾ എന്നീ പ്രധാന പ്രവിശ്യകളിലെല്ലാം ഏററവും പ്രശസ്തമായ കലാലയങ്ങൾ നടത്തുന്ന നമുക്കു, നാല്പതിലധികം കലാലയങ്ങൾ സ്വന്തമായി നടത്തുന്ന നമുക്കു, സ്വന്തമായി ഒരു സർവ്വകലാശാല നടത്തുവാൻ സാധിക്കയില്ലെന്നോ! അതിനു മുൻകൈയെടുത്തു പ്രവർത്തിക്കേണ്ടതു തിരുക്കൊച്ചിയാണു്; തിരുക്കൊച്ചിയോടു മലബാറിനേയും ചേർക്കുന്നുവെങ്കിൽ കേരളമാണു്. കേരളത്തിലാകുന്നു അനേകം കലാലയങ്ങൾ കത്തോലിക്കർക്കുള്ളതു്. കേരളമാകുന്നു ഭാരതകത്തോലിക്കാസഭയുടെ ജീവകേന്ദ്രം. കേരളത്തിലാകുന്നു ഭാരതീയകത്തോലിക്കരിൽ നാല്പതു ശതമാനവും. കേരളത്തിൽ മാത്രമാകുന്നു ഏററവും ചെറിയ പരിധിക്കുള്ളിൽ 16 കത്തോലിക്കാരൂപതകളുള്ളതു്. മിക്ക സന്യാസസഭക്കാരും സ്ത്രീകളും പുരുഷന്മാരും കേരളത്തിൽ വിദ്യാഭ്യാസവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ടു്. കേരളത്തിൽ കത്തോലിക്കരുടെ വകയായി ഇന്നു പന്ത്രണ്ടു് കോളെജുകൾതന്നെയുണ്ടു്. ഇനിയും എത്രയെത്ര ഹൈസ്കൂളുകൾ കോളെജുകൾ ആയിത്തീരുവാൻ വെമ്പൽ കൊള്ളുന്നു.



അഭിനവമെത്രാൻ സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനി വിജയിപ്പൂതാക!

പണസംബന്ധമായി കേരളത്തിലെ കത്തോലിക്കർ ഭാരതത്തിലെ ഇതരകത്തോലിക്കരുടെ പിന്നിലല്ല. പൊതുസ്ഥാപനങ്ങൾക്കായി, പ്രത്യേകം വിദ്യാഭ്യാസത്തിനായി കൈയഴിഞ്ഞു ധനസഹായം ചെയ്യുവാനും കേരളീയകത്തോലിക്കർക്കു ഒരു പ്രത്യേക വാസനയുണ്ടു്.

ഇനിയും സർവ്വകലാശാലാ ബിരുദധാരികൾക്കും കേരളത്തിൽ പ്രയാസമില്ല. വിവിധതുറകളിലും വിജ്ഞാനം സമ്പാദിച്ചു പ്രശസ്തിയാർജ്ജിച്ച വിദ്യാകോവിദന്മാർ, വൈദികരായും അൽമേനികളായും നമുക്കു ധാരാളമുണ്ടു്. കേരളക്കരയ്ക്കു പുറത്തും പേരും പെരുമയുമുള്ള അനേകം വിദ്യാവിദഗ്ദ്ധന്മാർ കത്തോലിക്കരായുണ്ടു്.

സ്ഥലം നോക്കിയാലും മലബാർ, അതേ കേരളം ഒരു സർവ്വകലാശാലയ്ക്കു പററിയതാണു്. കടൽമാർഗ്ഗമായും, കരമാർഗ്ഗമായും, വിമാനമാർഗ്ഗമായും, പ്രകൃതിയുടെ സൗന്ദര്യത്തിൻെറ കേളീരംഗമായിരിക്കുന്ന കേരളം ഒരു സർവ്വകലാശാലയ്ക്കു പററിയതുതന്നെ. അല്പമൊന്നു ഉൾനാട്ടിലേക്കു പ്രവേശിക്കുന്നുവെങ്കിൽ നമുക്കു വിശാലമായ സ്ഥലങ്ങൾ കേന്ദ്രസ്ഥാപനങ്ങൾക്കു ലഭിക്കുകയും ചെയ്യും.

ഇനിയും ഒരു പ്രത്യേക വിദ്യാഭ്യാസസമൂഹം അതേറെറടുക്കണമെന്നു തോന്നിയാൽ അതിനു പററിയ ജനങ്ങൾ മലയാളക്കരയിലുണ്ടു്. കലാശാലാപരിശീലനത്തിൽ, അതിൻെറ ഭരണനിർവ്വഹണത്തിൽ ശേഷിയും ശേമുഷിയുമുള്ള വൈദികസമൂഹങ്ങളും, സന്യാസസമൂഹങ്ങളും, അൽമായഘടനകളും നമുക്കുണ്ടു്.

കത്തോലിക്കരുടെ വിദ്യാഭ്യാസപരവും, സാമുദായികവും, രാഷ്ട്രീയവും, സാമ്പത്തികവും, എല്ലാററിലും ഉപരിയായി ആദ്ധ്യാത്മികവുമായ നില ഉയർത്തുന്നതിനും ഇതു വളരെ പററിയതാണു്.

സർവ്വകലാശാലാ വിഷയങ്ങളായി തത്വശാസ്ത്രം, ദൈവശാസ്ത്രം, പ്രസംഗപരിശീലനം എന്നിവ

തിരുസഭാചരിത്രം 25

# രക്തസാക്ഷിവണക്കം

(പ്രഫസർ പി. ററി. തോമസ് എം. എ.)


വിശ്വാസത്തിനു സാക്ഷ്യംവഹിക്കുവാൻവേണ്ടി ജീവാർപ്പണം ചെയ്ത രക്തസാക്ഷികളെ ആദിമ ക്രിസ്ത്യാനികൾ അളവററഭക്തിസ്നേഹങ്ങളോടുകൂടി ബഹുമാനിക്കുകയും അവരുടെ സ്മരണയെ അത്യാദരപൂർവ്വം കൊണ്ടാടുകയും ചെയ്തുപോന്നു. മൂന്നു ശതാബ്ദക്കാലം അസംഖ്യം വിശ്വാസികൾ മർദ്ദനപീഠത്തിൽ ബലിയർപ്പിക്കപ്പെടുകയുണ്ടായി. അവരുടെ ശരീരങ്ങൾ ഞെരിഞ്ഞു തകരുകയും അവരുടെ രക്തം ധാരധാരയായി ഒഴുകുകയും ഭീകരമായ മൃത്യു അവരെ വിഴുങ്ങുകയും ചെയ്തു. എന്നാൽ അവസാനംവരെയും പരാജയബോധം ആ വീരാത്മാക്കളെ തീണ്ടുകയുണ്ടായില്ല. ദൈവരാജ്യത്തിൻെറ ശത്രുക്കളുടെമേലും, മർദ്ദകന്മാരായ ചക്രവത്തിമാരുടെമേലും, റോമൻ രാഷ്ട്രത്തിൻെറമേലും വിജയം കൈവരിക്കുന്നു എന്നുള്ള ദൃഢമായ ബോധത്തോടുകൂടിയാണ് അവർ മരണത്തെ നേരിട്ടതു്. സമകാലികരായ ക്രിസ്ത്യാനികളും രക്തസാക്ഷികളുടെ സഹനത്തിലും മരണത്തിലും വിശ്വാസത്തിൻെറ വിജയത്തെയാണ് ദശിച്ചതു്. ദൈവികപ്രസാദവരത്താൽ പ്രത്യേകം അനുഗ്രഹിക്കപ്പെട്ടവരായിട്ടാണ് ക്രിസ്ത്യാനികൾ രക്തസാക്ഷികളെ കരുതിപ്പോന്നതു്. സവിശേഷമായ ഭക്തിക്കും വണക്കത്തിനും അവർ പാത്രീഭവിച്ചതിൽ അത്ഭുതത്തിനവകാശമില്ല.

രക്തസാക്ഷികളുടെ സഹനത്തിൻെറയും മരണത്തിൻെറയും സൂക്ഷ്മവിവരങ്ങൾ എഴുതി സൂക്ഷിക്കുന്നതിലും അവയെ അടുത്തുള്ള സഭകളിലേക്കു് അയച്ചുകൊടുക്കുന്നതിലും അക്കാലത്തെ ക്രിസ്ത്യാനികൾ അതിശ്രദ്ധാലുക്കളായിരുന്നു. അങ്ങനെയാണ് "രക്തസാക്ഷികളുടെ നടപടികൾ" എന്ന പേരിൽ അറിയപ്പെടുന്ന രേഖാസമുച്ചയം നമുക്കു ലഭിക്കുവാൻ ഇടയായിട്ടുള്ളതു്. മതപീഡനങ്ങളെ സംബന്ധിച്ചു് ഏററം വിശദമായ വിവരങ്ങൾ നമുക്കു ലഭിക്കുന്നതു് ഇവയിൽനിന്നുമാണ്. പ്രസ്തുത രേഖകളെ മൂന്നായി തരംതിരിക്കാം. ആദ്യത്തേതു് രക്തസാക്ഷികളെ വിസ്തരിക്കുന്ന കോടതികളിലെ നടപടിയുടെ വിവരണമാണ്. ഇതു് കോടതിയിലെ ഗുമസ്തൻ രേഖപ്പെടുത്തിയിട്ടുള്ളതോ, അല്ലെങ്കിൽ അതിൽനിന്നും ക്രിസ്ത്യാനികൾ പകത്തി എടുത്തിട്ടുള്ളതോ ആണ്. സാധാരണയായി ഇത്തരം ഔദ്യോഗികരേഖകൾ ലഭിക്കുവാൻ പ്രയാസമായിരുന്നു. കൊണ്ടു് ഈ ഗണത്തിൽപ്പെട്ട "നടപടികൾ" വളരെ ചുരുക്കമാണ്. വി. ജസ്റ്റിൻെറയും വി. സിപ്രിയാൻെറയും രക്തസാക്ഷിനടപടികൾ ഈ തരത്തിൽപ്പെട്ടവയാണ്. രണ്ടാമത്തേതു് സമകാലികരായ ക്രിസ്ത്യാനികളോ ദൃക്സാക്ഷികളോ എഴുതിയിട്ടുള്ള വിവരണങ്ങളാണ്. വി. പെർപെച്ച്വായുടെ ആത്മകഥയും ലയൺസിലെ സഭകൾ ഏഷ്യൻ സഭകൾക്കു് A. D. 177-ൽ അയച്ച ലേഖനങ്ങളും ഈ ഗണത്തിൽപ്പെടുന്നു. ഈ ലേഖനങ്ങളുടെ വിശ്വാസ്യത അനിഷേദ്ധ്യമാണ്. മൂന്നാമത്തേതു് രക്തസാക്ഷികളുടെ മരണശേഷം കുറേനാൾ കഴിഞ്ഞു് എഴുതപ്പെട്ടിട്ടുള്ള വിവരണങ്ങളാണ്. ഈ ഗണത്തിൽപ്പെട്ട രേഖകളിൽ ചിലപ്പോൾ കെട്ടുകഥകളുടെ കലപ്പുണ്ടായി എന്നുവന്നേക്കാവുന്നതാണ്.

മേൽ വിവരിച്ച രേഖകളിൽനിന്നും ഒരു രക്തസാക്ഷിയുടെ അറസ്റ്റുമുതൽ വധംവരെ അയാളുടെമേൽ പ്രയോഗിക്കപ്പെട്ടിരുന്ന പീഡനപരിപാടിയുടെ ഒരു സാമാന്യരൂപം നമുക്കു ലഭിക്കുന്നുണ്ടു്. തടങ്കൽതന്നെ പലതരമുണ്ടായിരുന്നു. ഏററം ലഘുവായ തടങ്കൽ വ്യവസ്ഥ അറസ്റ്റുചെയ്യപ്പെട്ട ആളിനെ പുറത്തു് സാധാരണരീതിയിൽ സഞ്ചരിക്കുന്നതിനു് അനുവദിച്ചിരുന്നു. എന്നാൽ നിത്യവും അയാൾ ഒരു പടയാളിയുടെ സൂക്ഷത്തിലായിരിക്കും. സാധാരണയായി ഒരു ക്രിസ്ത്യാനിയെ പിടികൂടിയാൽ ഭാരമേറിയ ശൃംഖലകൾകൊണ്ടു് ബന്ധിച്ചു് അയാളെ ജയിലിലടയ്ക്കുകയായിരുന്നു പതിവു്. അവിടെ കഠിനമായ വിശപ്പും ദാഹവും അയാൾ സഹിക്കേണ്ടിയിരുന്നു. അടുത്തപടി തടവുപുള്ളിയെ മലത്തിക്കിടത്തിയിട്ടു് അയാളുടെ പാദങ്ങൾ രണ്ടും ഒരു ബന്ധത്തിലുള്ള ദ്വാരങ്ങളിൽക്കൂടി വലിച്ചു ഞെരിക്കുകയായിരുന്നു. ഈ പ്രയോഗം ഉളവാക്കിയ വേദന അസഹനീയമായിരുന്നു. വളരെ താഴ്ചയിലുള്ളതും അന്ധകാരം നിറഞ്ഞതുമായ തുറുങ്കുകളിൽ തടവുകാരെ അടച്ചിടുന്ന ഏർപ്പാടും ഉണ്ടായിരുന്നു. തടങ്കലും അതിനോടനുബന്ധപ്പെട്ട ക്ലേശങ്ങളും പീഡനപരിപാടിയിലെ ആദ്യപടിയാണ്. ബന്ധനസ്ഥരാക്കപ്പെട്ട ക്രിസ്ത്യാനികളുടെ വിശ്വാസസ്ഥൈര്യവും ആത്മവീര്യവും നശിപ്പിക്കുക എന്നുള്ളതായിരുന്നു അതിൻെറ ഉദ്ദേശം. ഡീഷ്യസിൻെറ മതപീഡനകാലത്തു് ക്രിസ്ത്യാനികളെക്കൊണ്ടു് വിശ്വാസനിഷേധം ചെയ്യിക്കുന്നതിനുവേണ്ടി ബന്ധനകാലം വളരെ ദീർഘിപ്പിച്ചിരുന്നു.

കുറേനാളത്തെ ജയിൽവാസം കഴിഞ്ഞാൽ അടുത്തപടി വിസ്താരമാണ്. ഇതു് പരസ്യമായിട്ടാണ് നടത്തിയിരുന്നതു്. സാക്ഷികളെയോ ക്രിസ്തീയപക്ഷാനുകൂലികളെയോ കോടതിയിലെ നടപടിയിൽ പങ്കെടുക്കാൻ അനുവദിച്ചിരുന്നില്ല. കുററവാളിയായ ക്രിസ്ത്യാനിതന്നെ അവൻെറ നിരപരാധിത്വം തെളിയിക്കേണ്ടിയിരുന്നു. വിശ്വാസം നിഷേധിച്ചാൽ അവനു് സ്വാതന്ത്ര്യം നേടാമായിരുന്നു. കോടതി ഒരു ക്രിസ്ത്യാനിയെ വധശിക്ഷയ്ക്കോ മറേറതെങ്കിലും തരത്തിലുള്ള ശിക്ഷയ്ക്കോ വിധിച്ചുകഴിഞ്ഞാൽ അതു ലഘൂകരിക്കുന്നതിനുവേണ്ടി ഒരു അപ്പീൽ കോടതിയെ ഒരാളെങ്കിലും അഭയംപ്രാപിച്ചതായി ഒരു രേഖയിലും കാണുന്നില്ലെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്. രക്തസാക്ഷിത്വം കൈവരിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തരുതെന്നായിരുന്നു വിശ്വാസികളുടെ അഭിവാഞ്ഛ. സാർഡീനിയാ, ആഫ്രിക്കാ, ഈജിപ്തു്, പലസ്തീന തുടങ്ങിയ പ്രദേശങ്ങളിലെ ഖനികളിൽ കഠിനാദ്ധ്വാനം ചെയ്യുന്നതിനായി അസംഖ്യം ക്രിസ്ത്യാനികൾ വിധിക്കപ്പെട്ടിരുന്നു. ക്ലേശങ്ങളും ദുരിതങ്ങളുംനിറഞ്ഞ ഭൗമികനരകങ്ങളായിരുന്നു ഈ ഖനികൾ. മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്ന ക്രിസ്ത്യാനികളെ ജീവനോടെ ദഹിപ്പിക്കുയോ, ഹിംസ്രജന്തുക്കൾക്കെറിഞ്ഞുകൊടുക്കുകയോ, ക്രൂശിക്കയോ ആണ് സാധാരണ ചെയ്താരുണ്ടായിരുന്നതു്. ഡയക്ലീഷ്യൻെറ കാലത്തു് വെള്ളത്തിൽ മുക്കിക്കൊല്ലുന്ന ഏർപ്പാടും നടപ്പിൽവന്നു.

വിശ്വാസത്തിനുവേണ്ടി ബന്ധനസ്ഥരാക്കപ്പെട്ട ക്രിസ്ത്യാനികളോടു് ഏററം ആദരവോടും സ്നേഹത്തോടുംകൂടിയാണ് മററു ക്രിസ്ത്യാനികൾ പെരുമാറിയിരു




For favours received
M. E. Paul
Ernakulam.

ന്നതു്. അവരുടെ അകമഴിഞ്ഞ സംഭാവനകൾകൊണ്ടു് അവർ തടവുകാരെ തീററിപ്പോററിയിരുന്നു. ബന്ധനസ്ഥരുടെ ക്ലേശങ്ങൾ ലഘൂകരിക്കുവാൻ അവർ കഴിവുള്ളതെല്ലാം ചെയ്തു. അവർക്കു നൽകപ്പെടുവാൻപോകുന്ന ശിക്ഷാവിധിയെ വളരെ ഉൽക്കണ്ഠയോടുകൂടി മററു ക്രിസ്ത്യാനികൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഭക്തജനങ്ങൾ ജയിലിൽച്ചെന്നു് ബന്ധനസ്ഥരെ സന്ദശിക്കുക, അവക്കു് ഭോജ്യങ്ങൾ നൽകുക, അവരെ ബന്ധിച്ചിരുന്ന ശൃംഖലകൾ ചുംബിക്കുക, പാപപ്പരിഹാരത്തിനുവേണ്ടി അവരുടെ മാദ്ധ്യസ്ഥം യാചിക്കുക മുതലായ കൃത്യങ്ങൾ മുടക്കംകൂടാതെ നിവ്വഹിച്ചുകൊണ്ടിരുന്നു. വൈദികരും ശെമ്മാശന്മാരും തടവുകാക്കു് വിശുദ്ധകർബാന നൽകുന്നതിലും അവരുടെ വിശ്വാസത്തിനു ദൗർബല്യം നേരിടാതെ സൂക്ഷിക്കുന്നതിലും ഉൽസുകരായി വത്തിച്ചു.

പീഡനത്തിൽനിന്നും ജീവനോടുകൂടി രക്ഷപെടുന്ന ക്രിസ്ത്യാനികളെ ഹൃദയംനിറഞ്ഞ ഭക്തിബഹുമാനങ്ങളോടുകൂടിയാണ് മററു സഭാംഗങ്ങൾ സ്വീകരിച്ചിരുന്നതു്. സഭ അവരെ ഉന്നതസ്ഥാനമാനങ്ങൾ നൽകി ബഹുമാനിക്കുകയും അനുകരണയോഗ്യരായ വീരാത്മാക്കളായി മററു വിശ്വാസികളുടെ മുൻപിൽ അവരെ പ്രകീർത്തിക്കയും ചെയ്തിരുന്നു.

മഹത്തായ
നമ്മുടെ രാഷ്ട്രത്തിനു വേണ്ടി

നിങ്ങൾ ഒരു ബാങ്കിൽ പണം നിക്ഷേപിക്കുന്നതു് സൗകര്യവും സുരക്ഷിതത്വവും കരുതിയാണ്. ആവശ്യപ്പെടുമ്പോൾ പണം തിരികെ ലഭിക്കണം. അതോടൊപ്പംതന്നെ നിങ്ങളുടെ പണം രാജ്യനന്മയ്ക്കുകൂടി ഉപകരിച്ചാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്നു.

ഓറിയൻറു സെൻട്രൽ ബാങ്കിൽ നിക്ഷേപിക്കുന്ന പണം ഈ നാട്ടിലെ വാണിജ്യവ്യവസായങ്ങളുടെ പുരോഗമനത്തിനു സഹായകരമായി വിനിയോഗിക്കപ്പെടുന്നു. വാണിജ്യവ്യവസായങ്ങളുടെ പുരോഗമനം സാധനദൗർലഭ്യം കുറയ്ക്കുകയും തൊഴിലില്ലായ്മ പരിഹരിക്കുകയും ചെയ്യുന്നു. തൊഴിലില്ലായ്മയും സാധനദൗർലഭ്യവും നിർമ്മാർജ്ജനം ചെയ്തു് മഹത്തായ നമ്മുടെ രാഷ്ട്രത്തിൽ സമൃദ്ധിയും സുഭിക്ഷതയും കൈവരുത്തുന്നതിനു് നിങ്ങളുടെ പണം

ഓറിയന്റ് സെന്ട്രൽ ബാങ്കിൽ
നിക്ഷേപിക്കുക

ഹെഡ് ആഫീസ്:- കോട്ടയം

ബ്രാഞ്ചുകൾ

ഈരാററുപേട്ട — കുമരകം — പാമ്പാടി
എറണാകുളം — കോതമംഗലം — പിറവം
എരുമേലി — കൂട്ടിക്കൽ — പൂവരണി
കാളകെട്ടി — വടക്കൻപറവൂർ — തൊടുപുഴ
കോട്ടയം — പാലാ — തിരുവല്ല
വൈക്കം

പ്രവർത്തനമൂലധനം 1 കോടി രൂപായിൽ കൂടുതൽ

രക്തസാക്ഷികളായി മരണംവരിക്കുന്നവരോടു വിശ്വാസികൾ പ്രദർശിപ്പിച്ച ഭക്തിബഹുമാനങ്ങൾ അവരിൽ കുടികൊണ്ടിരുന്ന ആഴമായ ക്രിസ്തീയവിശ്വാസത്തിൻെറ ഒരു പ്രഖ്യാപനമായിരുന്നു. രക്തസാക്ഷിത്വം സകല മാലിന്യങ്ങളേയും കഴുകിക്കളയുന്ന ഒരു ദ്വിതീയജ്ഞാനസ്നാനമായിട്ടാണ് കരുതപ്പെട്ടിരുന്നതു്. രക്തസാക്ഷിയുടെ ആത്മാവു് വിശ്വാസത്തിനുവേണ്ടിയുള്ള ജീവാർപ്പണം മുഖേന സർവ്വപാപങ്ങളിൽനിന്നും വിമോചിതമായി നേരിട്ടു് അനന്തമായ സ്വർഗ്ഗീയ സൗഭാഗ്യത്തിലേക്കു പ്രവേശിക്കുന്നു എന്നു വിശ്വസിക്കപ്പെട്ടുപോന്നു. രക്തസാക്ഷിത്വത്തിൻെറ വാർഷികദിനത്തിൽ വിശ്വാസികൾ ആ രക്തസാക്ഷിയെ സംസ്കരിച്ചിരുന്ന പൂജ്യസ്ഥലത്തു് സമ്മേളിക്കയും ആ വീരാത്മാവിൻെറ സ്മരണയെ കൊണ്ടാടുകയും ചെയ്തിരുന്നു. അന്നു് അവിടെ ദിവ്യബലി അർപ്പിക്കുക, രക്തസാക്ഷിയെ സംബന്ധിച്ചുള്ള സ്തോത്രഗീതങ്ങൾ ആലപിക്കുക, രക്തസാക്ഷിയുടെ നടപടികൾ വായിക്കുക, തുടങ്ങിയ ചടങ്ങുകൾ ഭക്തിപൂർവ്വം നിർവ്വഹിക്കപ്പെട്ടുപോന്നു. അതിനുശേഷം ധനികരുടെ ചെലവിൽ സാധുക്കൾക്കുവേണ്ടിയുള്ള സ്നേഹസദ്യ (Love-feast) നടത്തുകയും പതിവായിരുന്നു. മതപീഡനകാലത്തുതന്നെ രക്തസാക്ഷികളുടെ ശവകുടീരങ്ങളുടെ മീതെ കപ്പേളകൾ നിർമ്മിക്കുകയും അവിടെ ദൈവാരാധന നടത്തുകയും ചെയ്തുപോന്നു. കോൺസ്റ്റൻറയിൻ ചക്രവത്തിയുടെ ഭരണത്തോടുകൂടി ഇത്തരം കപ്പേളകളുടെ എണ്ണം വളരെ വർദ്ധിക്കയുണ്ടായി.

പുണ്യാത്മാക്കളുടെ പൂജ്യാവശിഷ്ടങ്ങളെ വണങ്ങുന്ന ആചാരം ഇക്കാലത്താണ് സമാരംഭിച്ചതു്. വേദസാക്ഷികളുടെ രക്തത്തിൽ വസ്ത്രങ്ങൾ മുക്കുക, രക്തസാക്ഷികൾ ധരിച്ചിരുന്ന വസ്ത്രങ്ങളുടെ അംശങ്ങൾ കരസ്ഥമാക്കുക, മരണത്തെ തൃണവൽഗണിച്ചുകൊണ്ടുപോലും അവരുടെ ശരീരത്തിൻെറ പൂജ്യാവശിഷ്ടങ്ങൾ ശേഖരിക്കുക മുതലായ കാര്യങ്ങളിൽ വിശ്വാസികൾ തീക്ഷ്ണമായ താല്പര്യം പ്രകടിപ്പിച്ചിരുന്നു. രക്തസാക്ഷികളുടെ തിരുശേഷിപ്പുകൾ മുഖേന അസംഖ്യം അത്ഭുതങ്ങളും സംഭവിച്ചുകൊണ്ടാണിരുന്നതു്. അങ്ങനെ ദൈവം അവരുടെ ആദ്ധ്യാത്മികപ്രഭാവത്തിനു സാക്ഷ്യംവഹിച്ചു. രക്തസാക്ഷികളുടെ ശവകുടീരങ്ങളിൽവച്ചും അവരുടെ പൂജ്യാവശിഷ്ടങ്ങൾ ഘോഷയാത്രയായി സംവഹിക്കപ്പെടുന്ന വേളകളിലും സംഭവിച്ചിട്ടുള്ളവയും വി. അഗസ്റ്റീനോസ് നേരിട്ടു കണ്ടിട്ടുള്ളവയുമായ അത്ഭുതങ്ങളുടെ ഒരു പട്ടിക അദ്ദേഹത്തിൻെറ ഒരു ഗ്രന്ഥത്തിൽ ചേത്തിട്ടുണ്ടു്.

പുണ്യവാന്മാരുടെ ആത്മീയ സംസൎഗ്ഗാനുഭവം (Communion) കത്തോലിക്കാസഭയിൽ നിലനിന്നു പോന്നിട്ടുള്ള ഒരു വിശ്വാസസത്യമാണ്. ക്രൈസ്തവലോകത്തിൽ ഈ വിശ്വാസസത്യത്തിനു് നവമായ ഒരു ജീവൻ പ്രദാനംചെയ്തതും അതിനെ പ്രായോഗികമായ ഭക്താനുഷ്ഠാനത്തിനു് നിദാനമാക്കിത്തീർത്തതും രക്തസാക്ഷികളോടുള്ള വണക്കംമുഖേനയാണ്. പുണ്യവാന്മാരോടുള്ള വണക്കത്തിനു് പ്രചാരവും പുഷ്ടിയും നൽകിയതും അതിനെ ഭക്തസുരഭിലമായ ഒരു കുസുമമാക്കി വികസിപ്പിച്ചതും രക്തസാക്ഷികളുടെ ആദ്ധ്യാത്മികചൈതന്യം ഹേതുവായിട്ടാണ്. രക്തസാക്ഷികളുടെ തിരുനാളുകളുടെ പട്ടിക ആദിമശതകങ്ങളിലെ മെത്രാന്മാർ തയ്യാറാക്കി സൂക്ഷിച്ചിരുന്നു. അതിൽനിന്നാണ് സാർവ്വത്രികസഭയിലെ പുണ്യവാന്മാരുടെ കലണ്ടർ കാലക്രമേണ രൂപംപ്രാപിച്ചതു്.

യും ഉൾപ്പെടുത്തി ഭാരതത്തിലെ സകല വൈദികവിദ്യാലയങ്ങളും അതിനോടനുബന്ധിക്കാവുന്നതാണ്. വൈദികസെമ്മിനാരിയിൽ മററു കലാശാലാവിഷയങ്ങളും പഠിപ്പിച്ചു വൈദികവിദ്യാർത്ഥികൾക്കും കലാലയബിരുദങ്ങൾ സമ്പാദിക്കുവാൻ സാധിക്കും.

ഇന്നത്തെ സ്വതന്ത്രഭാരതത്തിൽ നമുക്കു വേണ്ടത്ര സ്വാതന്ത്ര്യം നൽകിയിരിക്കുന്ന ഈ സമയത്തു ഇതു നമ്മുടെ ഗാഢമായ ചിന്തയ്ക്കു വിഷയീഭവിക്കുമെന്നും, ഇപ്പോൾ നടത്തുവാൻ പോകുന്ന കത്തോലിക്കാ കലാലയവിദ്യാത്ഥിസമ്മേളനം ഈ വിഷയത്തെപ്പററി ഗുരുതരമായ നടപടികൾ എടുക്കുമെന്നും നമുക്കു പ്രതീക്ഷിക്കാം.

# തിരുവല്ലാ സഹായമെത്രാൻ തിരുമനസ്സിലെ പട്ടാഭിഷേകമഹാമഹം

തിരുവല്ലാ രൂപതയുടെ ആർച്ചുബിഷപ്പ് ബിഷപ്പ് മാർ സെവേരിയോസ് തിരുമനസ്സിലെ സഹായമെത്രാനായി പ. സിംഹാസനത്തിൽനിന്നു നിയമിതനായ റൈററ് റവ. സക്കറിയാസ് മാർ അത്തനാസ്യോസ് തിരുമനസ്സിലെ പട്ടാഭിഷേകകർമ്മം ആഡംബരസമന്വിതം നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

തിരുവല്ലാ ഭദ്രാസനദൈവാലയത്തിൻെറ വടക്കുഭാഗത്തായി കമനീയമായി കെട്ടിയലങ്കരിച്ചിരുന്ന പന്തലിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന മദ്ബഹായിൽവച്ചാണ് അഭിഷേകകർമ്മം നടന്നതു്. മേരിഗിരി അരമനയിൽനിന്നും കത്തീഡ്റൽവരെയുള്ള പാതകളും ചേതോഹരമായി അലങ്കരിച്ചിരുന്നു.

രാവിലെ കൃത്യം ആററമണിക്ക് അരമനയിൽനിന്നും ഘോഷയാത്ര ആരംഭിച്ചു. ഘോഷയാത്രയിൽ ഇൻറർനൺഷിയോ തിരുമേനിയും രണ്ടു മെത്രാപ്പോലീത്താമാരും, പത്തു മെത്രാന്മാരും, മോൺസിഞ്ഞോർമാരും, ഒട്ടനേകം വൈദികരും സന്യാസിനികളും സംബന്ധിച്ചിരുന്നു.

## ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രസംഗം

പ്രദക്ഷിണം പന്തലിൽ പ്രവേശിച്ച് പ്രാരംഭപ്രാർത്ഥനകൾക്കുശേഷം എറണാകുളം സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ട് മെത്രാൻസ്ഥാനത്തിൻെറ മാഹാത്മ്യത്തെയും അധികാരാവകാശങ്ങളെയും ഉത്തരവാദിത്വങ്ങളെയും ക്രോഡീകരിച്ച് ശ്രദ്ധേയമായ ഒരു പ്രസംഗംചെയ്തു. "എപ്പിസ്കോപ്പോസ്" എന്ന വാക്കിൻെറ അർത്ഥം "മേൽനോട്ടക്കാരൻ" എന്നാണ്. അതു് ആംഗ്ലോ-സാക്സൻ ഭാഷയിൽ "ബിസ്കോപ്പ്" എന്നായി. അതു ലോപിച്ചാണ് "ബിഷപ്പ്" എന്നായിത്തീർന്നതെന്നു തിരുമേനി പ്രഥമതഃ ചൂണ്ടിക്കാണിച്ചു. റോമിലെ ക്ലെമൻറ്, അന്ത്യോക്യയിലെ മൂന്നാമത്തെ മെത്രാനായിരുന്ന സെൻറ് ഇഗ്നേഷ്യസ് മുതലായവരുടെ സാക്ഷ്യങ്ങൾ ഉദ്ധരിച്ച് മെത്രാൻപദത്തിൻെറ മാഹാത്മ്യത്തെയും ചുമതലകളെയും തിരുമേനി വിവരിച്ചു. അഭിഷിക്തനാകുന്ന സക്കറിയാസ് മാർ അത്തനാസ്യോസ് തിരുമേനിയുടെ ഗുണവിശേഷങ്ങളെപ്പററിയും തിരുമേനി പരാമർശിച്ചു. യാക്കോബായസമുദായത്തിലെ ഒരു ഉൽകൃഷ്ടകുടുംബത്തിൽപ്പെട്ട പുതിയ തിരുമേനി, തനിക്കു് സത്യമെന്നു ബോദ്ധ്യമായ മാർഗ്ഗം സ്വീകരിക്കുന്നതിൽ പ്രദർശിപ്പിച്ചിരിക്കുന്ന ധർമ്മധീരതയേയും ആദർശനിഷ്ഠയേയും തിരുമനസ്സുകൊണ്ടു് മുക്തകണ്ഠം പ്രശംസിച്ചു. ധീരോചിതമായ ഈ പന്ഥാവു് സ്വീകരിക്കുന്നതിനു് തിരുമേനിക്കു് നിസ്സാരമല്ലാത്ത ക്ലേശങ്ങൾ സഹിക്കേണ്ടിവന്നു. താനുമായി ദൃഢമായി ബന്ധപ്പെട്ട പലരേയും പലതും തിരുമേനി വിട്ടുപിരിയേണ്ടിവന്നു.

യാക്കോബായസഭയിൽ ജനിച്ചുവളർന്നശേഷം മാതൃസഭയുമായി പുനരൈക്യപ്പെട്ട തിരുമേനിയെ മെത്രാൻ പദവിയിലേക്കു് ഉയർത്തിയിരിക്കുന്നതിൽ തിരുസിംഹാസനം പ്രദർശിപ്പിച്ചിരിക്കുന്ന വാത്സല്യപ്രകർഷത്തെപ്പററിയും തിരുമേനി പരാമർശിച്ചു. യാക്കോബായ സഭയിൽ ജനിച്ചുവളർന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെ മെത്രാൻപദത്തിലേക്കുയർത്തിയതിൽ തിരുസിംഹാസനം പ്രദർശിപ്പിച്ചിരിക്കുന്നതു ഇതുപോലെയുള്ള വാത്സല്യാതിരേകമാണ്. സഭയുടെ ഉന്നതമണ്ഡലങ്ങളിലേക്കുള്ള നിയമനങ്ങളിൽ തിരുസിംഹാസനം സഭയിലെ പൂർവ്വാംഗങ്ങളോടും സഭയുമായി പുനരൈക്യപ്പെടുന്നവരോടും വ്യത്യസ്തമായ യാതൊരു പരിഗണനയും കാണിക്കുന്നില്ല. മാതൃസഭയുമായി പുനരൈക്യപ്പെടുന്നവരോടു് ഒരു പ്രത്യേക വാത്സല്യമാണ് സഭാമാതാവു് പ്രദർശിപ്പിക്കുന്നതെന്നു പറയാം.

തൻെറ ഭരണത്തിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസികൾക്കു് ബുദ്ധിപരവും ആദ്ധ്യാത്മികവുമായ ഭക്ഷണം നൽകുകയാണ് മെത്രാൻെറ ചുമതല. സഭയുടെ അവകാശങ്ങളിന്മേൽ കൈകടത്തലുകൾ ഉണ്ടാകുമ്പോൾ മെത്രാനു് മൗനമായിരിക്കുവാൻ സാദ്ധ്യമല്ല. കാരാഗൃഹത്തിനുള്ളിൽ അടയ്ക്കപ്പെട്ടിരിക്കുന്ന കർദ്ദിനാൾ മിൻസെൻറിയുടെ ചരിത്രം തിരുമേനി വിവരിച്ചു. വിദ്യാഭ്യാസംസ്റ്റേററിൻെറ കുത്തകയാക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിച്ചതോടുകൂടിയാണ് അവിടെ സഭയും രാഷ്ട്രവുമായി ഉരസൽ ഉണ്ടായതെന്നു തിരുമേനി ചൂണ്ടിക്കാണിച്ചു. ഇത്തരം കൈകടത്തലുകളെ ചെറുക്കുവാനും വിശ്വാസികൾക്കു് ശരിയായ നേതൃത്വം നൽകുവാനും സഭയുടെ അവകാശങ്ങൾ ഭദ്രമായി പാലിക്കുവാനും, മെത്രാനുള്ള ഭാരിച്ച ചുമതലകളെപ്പററിയും തിരുമേനി പരാമർശിക്കുകയുണ്ടായി.

പുനരൈക്യപ്രസ്ഥാനം ഉത്തരോത്തരം വിജയകരമായിത്തീരുവാനിടയാകട്ടെയെന്ന പ്രാർത്ഥനയോടുകൂടി പ്രസംഗം ഉപസംഹരിച്ചു.

### അഭിഷേകകർമ്മം

അനന്തരം ആർച്ചുബിഷപ്പ്-ബിഷപ്പ് മാർ സെവേരിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട്, തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേററർ റൈററ് റവ. ബനഡിക്ട് മാർ ഗ്രിഗോറിയോസ് എന്നീ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും അഭിഷേകകർമ്മങ്ങൾ ആരംഭിച്ചു. ഉപക്രമപ്രാർത്ഥനകൾക്കുശേഷം നിയുക്തമെത്രാനെ മെത്രാനായി നിയമിച്ചുകൊണ്ടു് പരിശുദ്ധ സിംഹാസനത്തിൽനിന്നും അയച്ച ബൂള വികാരി ജനറാൾ മോൺ. മാത്യു നെട്ടങ്ങാട്ട് വായിച്ചു. തുടർന്നു മലയാളതർജ്ജിമയും പാരായണം ചെയ്യപ്പെട്ടു. പിന്നീടു് കാർമ്മികന്മാരായ തിരുമേനിമാർ നിയുക്തമെത്രാൻെറ മുമ്പിൽ മുട്ടിന്മേൽ നിന്നുകൊണ്ടു് "മെത്രാനാകുവാൻ അങ്ങയെ പരിശുദ്ധ റൂഹാ വിളിക്കുന്നു" എന്നറിയിച്ചു. നിയുക്തമെത്രാൻ അൾത്താരയിങ്കൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു് "അതു ഞാൻ സമ്മതിച്ചുകൊള്ളുന്നു" എന്നു പ്രത്യുത്തരം നൽകി.

കാർമ്മികന്മാരായ തിരുമേനിമാർ മദ്ബഹായിൽ കർബാന ആരംഭിച്ചു. മെത്രാൻപട്ടാഭിഷേകത്തിൻെറ ഏററവും പ്രധാനഭാഗമായ സത്യപ്രതിജ്ഞയ്ക്കുശേഷം മെത്രാന്മാർ നിയുക്തമെത്രാനെ മദ്ബഹായുടെ മുമ്പിൽ കൊണ്ടുവന്നു മുട്ടപടം അണിയിച്ചുനിർത്തി. തുടർന്നു പ്രധാന കാർമ്മികൻ കൈ ഉയർത്തി മൂന്നുപ്രാവശ്യം അനുഗ്രഹിച്ചു. പിന്നീടു് നടന്നതു് കൈവയ്പു എന്ന ചടങ്ങാണ്. മെത്രാൻപട്ടാഭിഷേകത്തിൽ ഏററവും പ്രധാനപ്പെട്ടതാണ് കൈവയ്പു്. ആദ്യമായി പ്രധാനകാർമ്മികനും പിന്നീടു് സഹകാർമ്മികരും, നിയുക്തമെത്രാൻെറ തലയിൽ കൈവച്ചു തുടർന്നു ഇൻറർനൺഷ്യോ തിരുമേനിയും സന്നിഹിതരായിരുന്ന മററു തിരുമേനിമാരും നിയുക്തമെത്രാൻെറ ശിരസ്സിൽ കൈവച്ചനുഗ്രഹിച്ചു. വീണ്ടും പ. കുർബാന തുടർന്നു. കർബാനയുടെ പ്രധാനഭാഗങ്ങൾക്കുശേഷം പുതിയ മെത്രാനു തിരുവസ്ത്രങ്ങളും അംശവടിയും നൽകി നിയുക്തമെത്രാനെ മെത്രാന്മാർ ആലിംഗനം ചെയ്തശേഷം തിരുമേനി അംശവടി ഉയർത്തി എല്ലാവരേയും മൂന്നുവട്ടം ആശീർവദിച്ചു. പിന്നീടു പുതിയ മെത്രാൻതിരുമേനിയെ മെത്രാന്മാരും വൈദികരുംകൂടി ഒരു കസ്സേരയിൽ എടുത്തു മൂന്നുപ്രാവശ്യം ഉയർത്തി "ഓക്സിയോസ്" എന്നു ഉച്ചത്തിൽ വിളിച്ചു. ആ അവസരത്തിൽ അവിടെ തടിച്ചുകൂടിയിരുന്ന ജനക്കൂട്ടത്തെ അഭിനവമെത്രാൻ സ്ലീവാകൊണ്ടാശീർവദിച്ചു. തുടർന്നു പ. കർബാനയുടെ ശേഷഭാഗങ്ങൾ പുതിയ മെത്രാൻ ചൊല്ലി അവസാനിപ്പിക്കുകയും ഉണ്ടായി. തിരുവല്ലാരൂപതയ്ക്കു പ്രത്യേകമായും മലങ്കരസഭയ്ക്കും കേരളകത്തോലിക്കാസഭയ്ക്കും പൊതുവേയും ആമോദം നൽകുന്ന ഈ പട്ടാഭിഷേകകർമ്മം സമംഗളം പര്യവസാനിച്ചു. അഭിഷേകകർമ്മങ്ങളിൽ കാർമ്മികന്മാരായ തിരുമേനിമാരെക്കൂടാതെ പേപ്പൽ ഇൻറർനൺഷ്യോ ഡോ. മാർട്ടിൻ ലൂക്കാസ്, വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ ജോസഫ് അട്ടിപ്പേററി, എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയെ പ്രതിനിധീകരിച്ച് സഹായമെത്രാൻ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ, തിരുവനന്തപുരം മെത്രാൻ ഡോക്ടർ വിൻസെൻറ് ഡെരേരാ, കോട്ടയംമെത്രാൻ ഡോക്ടർ തറയിൽ, വിജയപുരം മെത്രാൻ ഡോക്ടർ അംബ്രോസ്, ആലപ്പുഴ മെത്രാൻ ഡോക്ടർ മൈക്കിൾ ആറാട്ടുകുളം, പാലാമെത്രാൻ ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ, ചങ്ങനാശേരിമെത്രാൻ ഡോക്ടർ മാത്യു കാവുകാട്ട്, കൊല്ലംമെത്രാൻ ഡോക്ടർ ജെറോം ഫർണാണ്ടസ് എന്നീ തിരുമേനിമാരും സംബന്ധിച്ചിരുന്നു.

കൂടാതെ, മോൺ. മാത്യു പോത്തനാമൂഴി, ഷെവ. ഫാദർ സി. കെ. മററം, മോൺ ജോർജ്ജ് വല്യാറമ്പത്തു, മോൺ സിറിയക്ക് മററം, മോൺ. ജോൺ കച്ചിറമററം, മോൺ. സ്ലീഹാൻ ഉഴരാളിൽ എന്നീ വൈദികപ്രമുഖരും ഒട്ടനേകം വൈദികരും ഒരു വമ്പിച്ച ജനാവലിയും അഭിഷേകകർമ്മങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

---

## വില കുറച്ചു

ലളിതസുന്ദരമായി പരിഷ്കരിച്ച "മതതത്വബോധിനി" ഗ്രന്ഥങ്ങൾക്കു്, 6-ാം പുസ്തകത്തിനു് 6ണ-5ണ യായും, 7-നു് 8ണ-6ണയായും, 8നു് 8ണ-6ണ യായും, 9നു് 10ണ- 8ണയായും, 10നു് 12ണ- 9ണയായും, 11നു 12ണ- 9ണയായും വില കുറച്ചിരിക്കുന്നു. 6 പുസ്തകമടങ്ങിയ സെററിനു് 2ക. 8ണ. മാത്രം

ഐ. എസ്. പ്രസ്,

എൽത്തുരുത്തു്, തൃശ്ശൂർ

---

# അഭിനവമെത്രാൻ മാർ സക്കറിയാസ് പോളച്ചിറയ്ക്കൽ തിരുമനസ്സുകൊണ്ടു്

കല്ലിശ്ശേരി: തരകസ്ഥാനത്താലുംമററും പ്രസിദ്ധവുമായ പോളച്ചിറയ്ക്കൽ കുടുംബത്തിൽ വിനീതരും മാതൃകാദമ്പതികളുമായ ചെറിയാൻ സാറാമ്മ ഇവരുടെ സന്താനമായി 1909 ഫെബ്രുവരി 19-ാംനു ഭൂജാതംചെയ്ത ഉണ്ണിക്കുഞ്ഞാണ് തിരുവല്ലാരൂപതയുടെ ആർച്ചുബിഷപ്പ് ജോസഫ് മാർ സെവേരിയോസ് തിരുമനസ്സിലെ സഹായമെത്രാനായി ഇപ്പോൾ അഭിഷിക്തനായിരിക്കുന്ന സഖറിയാസ് തിരുമേനി.

തിരുവല്ലാ എം. ജി. എം. ഹൈസ്കൂളിലും എം. ഡി സെമ്മിനാരി ഹൈസ്കൂളിലും അദ്ധ്യയനം നടത്തിയ തിരുമേനി പതിനാറാമത്തെ വയസ്സിൽ സ്കൂൾ ഫൈനൽ പരീക്ഷ പാസായി. തിരുമനസ്സുകൊണ്ടു് സ്വപിതാവിൻെറ സഹോദരനായ പോളച്ചിറയ്ക്കൽ കൊച്ചിപ്പൻ തരകനുമൊരുമിച്ചു പന്ത്രണ്ടു സംവത്സരക്കാലം കോട്ടയത്തു താമസിച്ചു. ബാങ്കുപ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും ഇടയായിട്ടുണ്ടു്. വീട്ടുകാരും കൂട്ടുകാരും ചെറുപ്പത്തിൽ ഇദ്ദേഹത്തെ ഉണ്ണിക്കുഞ്ഞു എ



സക്കറിയാസ് മാർ അത്തനാസ്യോസ് തിരുമേനി

ന്നാണ് വിളിച്ചിരുന്നതു്. യൗവനത്തിലേക്കു് കാലൂന്നിയതോടുകൂടെ ഉണ്ണിക്കുഞ്ഞിനു് താൻ ജനിച്ചുവളർന്ന സഭയുടെ നിലയെപ്പററി സംശയങ്ങൾ ജനിച്ചുതുടങ്ങി. തീരാത്ത വഴക്കുകളും വ്യവഹാരങ്ങളും ദൈവനാമത്തിൽ നടക്കുക സുബുദ്ധികൾക്കു ചിന്തനീയമല്ലല്ലോ.

ഉണ്ണിക്കുഞ്ഞിൻെറ ഒരു സ്നേഹിതനു് കത്തോലിക്കരുടെ പ്രസിദ്ധീകരണങ്ങൾ ധാരാളം ലഭിച്ചിരുന്നു. സ്നേഹിതനിൽനിന്നു് ഉണ്ണിക്കുഞ്ഞു ഈ പ്രസിദ്ധീകരണങ്ങൾ വാങ്ങി വായിച്ചുപോന്നു. കത്തോലിക്കാമതത്തെപ്പററി അഞ്ചാറുകൊല്ലത്തേക്കു് പഠിക്കുവാനിടയായി.

സത്യാന്വേഷണത്തിനിടയിൽ നമ്മുടെ ചരിത്രനായകൻ വിജയപുരം രൂപതയിലെ വികാരി ജനറാളായിരുന്ന പരേതനായ വെ. റവ. ഫാ. കാമ്മെലൂസ് സി. ഡി. അവർകളെ സമീപിക്കുകയും ലത്തീൻറീത്തിൽ ചേരുന്നതിനാഗ്രഹിക്കുന്നതായി അറിയിക്കുകയും ചെയ്തു ലത്തീൻറീത്തിലല്ല ചേരേണ്ടതു്, സ്വന്തം സമുദായക്കാർക്കായി തിരുസ്സഭ അംഗീകരിച്ചിട്ടുള്ള മലങ്കരറീത്തിലാണ് ചേരേണ്ടതെന്നു് വിശാലഹൃദയനായ കമ്മെലൂസച്ചൻ ഉപദേശിച്ചു. ചെറുപ്പത്തിൽ ബഥനികന്യാസ്ത്രീകളുടെ കീഴിലാണ് തിരുമേനി സൺഡേസ്കൂൾ പഠനം നടത്തിയിരുന്നതു്. ബഥനികന്യാസ്ത്രീകൾ കത്തോലിക്കരായപ്പോൾമുതൽ അവരോടുണ്ടായിരുന്ന ബന്ധമെല്ലാം ഉപേക്ഷിച്ചിരിക്കുകയായിരുന്നു. എങ്കിലും കമ്മെലൂസച്ചനെ സന്ദർശിച്ചശേഷം ബഥനി കന്യാസ്ത്രീകളോടുതന്നെ കത്തോലിക്കാപുനരൈക്യകാര്യങ്ങൾ ആലോചിക്കാമെന്നു് അദ്ദേഹം തീരുമാനിച്ചു ഇന്നും തിരുമൂലപുരം ബഥനി മഠാധിപയായിരിക്കുന്ന മദർ ഹുബായെന്ന മഹാമനസ്വിനി ഉണ്ണിക്കുഞ്ഞിനെ മഠത്തിലേക്കു ക്ഷണിച്ചു. ഉണ്ണിക്കുഞ്ഞു മഠത്തിൽ വരുമ്പോൾ സന്നിഹിതനായിരിക്കത്തക്കവിധത്തിൽ മദർ ഹൂബാ ഫാദർ ജോൺ ഒ. ഐ സി യുടെ അടുക്കൽ വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. മദർ ഹൂബായിൽനിന്നും ഫാദർ ജോണിൽനിന്നും കത്തോലിക്കാസഭയെ സംബന്ധിച്ചും വേണ്ട വിവരങ്ങൾ ഇദ്ദേഹത്തിനു ലഭിച്ചു. ഏകദേശം ഇക്കാലഘട്ടത്തിലാണ് മാർ സെവേരിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതു്. കത്തോലിക്കാസഭയുമായി താൻ പുനരൈക്യപ്പെടാൻ ആഗ്രഹിക്കുന്നു എന്ന വിവരം ഉടനെ ഇദ്ദേഹം മാർ സെവേരിയോസ് തിരുമേനിയെ അറിയിച്ചു. തിരുമേനിയിൽനിന്നു് അത്യന്തം പ്രോത്സാഹകമായ മറുപടി ലഭിക്കുകയും ചെയ്തു. അപ്പോൾമുതൽ മാർ സെവേരിയോസ് തിരുമേനിയുടെ പ്രത്യേക പരിലാളനാപാത്രമായിട്ടാണ് ഇദ്ദേഹം വർത്തിച്ചിട്ടുള്ളതു്.

1938 ഫെബ്രുവരി 22-ാംനു തിരുവല്ലാ ബഥനി ആശ്രമത്തിൽവച്ച് മാർ സെവേരിയോസ് തിരുമേനി ഇദ്ദേഹത്തെ പുനരൈക്യപ്പെടുത്തി. തദവസരത്തിൽ പുനരൈക്യപ്രസ്ഥാനത്തിൻെറ ജനയിതാവായ മാർ ഈവാനിയോസ് തിരുമേനിയും സന്നിഹിതനായിരുന്നു. മാർ സെവേരിയോസ് തിരുമേനി ആദ്യമായി പുനരൈക്യപ്പെടുത്തിയതു് ഇന്നത്തെ സഹായമെത്രാനെയാണെന്നുള്ള വസ്തുത ഈ അവസരത്തിൽ സ്മർത്തവ്യമാണ്.

പുനരൈക്യപ്പെട്ട ഒരുകൊല്ലം കഴിഞ്ഞപ്പോൾ വൈദികപഠനാർത്ഥം തിരുവല്ലാരൂപതയ്ക്കുവേണ്ടി തിരുവനന്തപുരം പെററിസെമ്മിനാരിയിൽ പ്രവേശിച്ചു. തിരുവനന്തപുരം പെററിസെമ്മിനാരിയിൽ മോൺസിഞ്ഞോർ മാത്യു പോത്തനാമൂഴി, റവ. ഡോ. തോമസ് നങ്ങച്ചിവീട്ടിൽ എന്നിവർ ഇദ്ദേഹത്തിൻെറ റക്ടറന്മാർ ആയിരുന്നിട്ടുണ്ടു്.

ബ്രദർ സഖറിയാണ് തത്വശാസ്ത്രപഠനം നിർവ്വഹിച്ചതു്, ഭാരതത്തിലെ ഏററം വലിയ വൈദികപാഠശാലയായ മംഗലപ്പുഴ സെമ്മിനാരിയിലും ദൈവശാസ്ത്രം പഠിച്ചതു് കിഴക്കൻ ദേശങ്ങളിലെ ഒന്നാംകിട വൈദികകലാലയങ്ങളിൽപ്പെട്ട കാൻഡി പേപ്പൾ സെമ്മിനാരിയിലുമാണ്. 1946-ൽ റവ. സഖറിയാസ് കാൻഡി സെമ്മിനാരിയിൽ വച്ച് പുരോഹിതപട്ടം സ്വീകരിച്ചു.

കാൻഡിയിൽനിന്നു് തിരിച്ചു

# മോൺസിഞ്ഞോർ ഷീന്റെ ബാല്യം

(ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

അഖിലലോകപ്രസിദ്ധനായ ബിഷപ്പ് ഫുൾട്ടൺ ഷീന്റെ ജീവിതകഥനം ആർക്കും ആസ്വാദ്യമായിരിക്കും. അദ്ദേഹത്തിന്റെ ബാല്യകാലത്തെപ്പറ്റി "മിഷനറി യൂത്ത്" എന്ന മാസികയിൽ മോൺസിഞ്ഞോറിന്റെ സ്വന്തം സഹോദരൻ ജോസഫ് ഷീൻ ഈയിടയ്ക്കു് ഒരു ലേഖനം എഴുതുകയുണ്ടായി. പ്രസ്തുത ലേഖനത്തിന്റെ സംക്ഷിപ്ത പരിഭാഷയാണു് കീഴെ ചേർക്കുന്നതു്.

എന്റെ സഹോദരൻ ഒരു അസാധാരണ ബാലനൊന്നുമായിരുന്നില്ല—ഒരു സാധാരണകുട്ടി. ബാല്യകാലത്തിൽ എന്റെ സഹോദരനെ അറിഞ്ഞിരുന്ന ചിലർ വിചാരിച്ചിരുന്നതുപോലെ എനിക്കു് തോന്നിയില്ല ജ്യേഷ്ഠൻ ഭാവിയിൽ ഇത്ര പ്രശസ്തി സമാർജ്ജിക്കുമെന്നു്. ഞാനും എന്റെ സഹോദരനും പഠിച്ചിരുന്ന സെന്റു് വിയാറ്ററിന്റെ വിദ്യാലയത്തിലെ ഒരു പ്രൊഫസറായിരുന്നു ഫാദർ മണ്ടി. അദ്ദേഹം ഒരു ഇടവകപ്പട്ടക്കാരനായിരുന്നു. ഒരു ദിവസം അദ്ദേഹം തന്റെ പരീക്ഷക്കടലാസുകൾ പരിശോധിച്ചു മാർക്കിടാനായി ഒരു കന്യാസ്ത്രീയെ ഏല്പിച്ചു. കുറേ വാക്കുകൾ മാത്രമേ ഉത്തരമായി എഴുതാനുണ്ടായിരുന്നുള്ളൂ. ഷീന്റെ ഉത്തരം മുഴുവനും ശരിയാണെന്നു കണ്ടു് ഡോക്ടർ മണ്ടിയോടു് സിസ്റ്റർ മന്ദഹാസപൂർവ്വം ചോദിച്ചു: "എന്താ, ഈ പുള്ളി കോപ്പിയടിച്ചതാണോ? എല്ലാ ഉത്തരവും ശരിയാണു്. തീർച്ചയായും കണ്ടുപിടിച്ച റോബർട്ടു് ഫുൾട്ടന്റെ വല്ല രക്തബന്ധുവാകയാലായിരിക്കാം പുള്ളിക്കു് ഇത്ര തലച്ചോറും കണ്ടുപിടിത്തശക്തിയുമുള്ളതു്." ഡോക്ടർ മണ്ടി ഉടനെ ഇപ്രകാരം പ്രസ്താവിച്ചു: "സിസ്റ്റർ, കണ്ടുപിടിത്തശക്തി എന്ന വാക്കു് മാറ്റി ഓർമ്മശക്തിയെന്നു് പ്രയോഗിക്കണം. തികഞ്ഞ ഓർമ്മശക്തിയും വിശകലനവൈദഗ്ദ്ധ്യവും അവനു സ്വായത്തമാണു്. ചെയ്യുന്നതിലെല്ലാം നാടകീയമായ ഒരാകർഷണമുണ്ടു്. അവൻ ഒരിക്കൽ ഒരു വൈദികനാകുമെന്നാണു് എനിക്കു തോന്നുന്നതു്.

അപ്പോൾ അവൻ ലോകപ്രസിദ്ധനാകും." ഡോക്ടർ മണ്ടിക്കു് ആ സുദിനം കാണാൻ കഴിഞ്ഞില്ല. 1918-ൽ അദ്ദേഹം മരിച്ചു.

ഡോക്ടർ മണ്ടി വിചാരിച്ചിരുന്നതുപോലെ ഞാൻ വിചാരിച്ചില്ല എന്റെ സഹോദരനെ ഞാൻ കണ്ടിട്ടു്. ജ്യേഷ്ഠൻ ഒരു പുരോഹിതനാകുമെന്നു ഞങ്ങൾക്കു തോന്നിയിരുന്നു; എന്നാൽ ജ്യേഷ്ഠന്റെ ദൈവവിളിയിൽ അസാധാരണമായി ഞാനൊന്നും കണ്ടില്ല. ഏതൊരു യുവാവിനും ബിഷപ്പ് ഷീനിനെപ്പോലെയാകാമെന്നാണു് എനിക്കു തോന്നുന്നതു്. ഒരു ആദ്യവെള്ളിയാഴ്ച ഞാനും എന്റെ സഹോദരനും കൂടി വീട്ടിൽനിന്നു് ആറുമൈൽ അകലെയുള്ള വയോമിങ്ങിലെ വി. ഡൊമിനിക്കിന്റെ ദൈവാലയത്തിലേക്കുപോയി. ഫാദർ ഹംഫ്റിക്കു സുഖമില്ലാഞ്ഞതിനാൽ ഞങ്ങൾക്കു കുർബാന കാണാനോ കൈക്കൊള്ളാനോ സാധിച്ചില്ല. അതിനാൽ അവിടെനിന്നു തിരിച്ചു വീട്ടിലേക്കുപോന്നു് എട്ടുമൈൽ ദൂരെയുള്ള വേറൊരു ദൈവാലയത്തിലേക്കുപോയി. സ്ഥലത്തെത്തിയപ്പോൾ കേട്ടു വൈദികൻ എന്തോ കാരണവശാൽ സ്ഥലംവിട്ടുകഴിഞ്ഞുവെന്നു്. തിരിച്ചു് ഒരു തീവണ്ടിയിൽക്കയറി 31 നാഴിക യാത്രചെയ്തു് പെയോറിയ എന്നൊരു പട്ടണത്തിലെത്തി. പന്ത്രണ്ടുമണിക്കു് സ്വല്പം മുമ്പായി ഞങ്ങൾ രണ്ടുപേരും വി. കുർബാന കൈക്കൊണ്ടു.

ജ്യേഷ്ഠന്റെ വാഗ്വിലാസത്തിനു ബാല്യത്തിൽ യാതൊരു ലക്ഷ്യവും ഞാൻ കണ്ടില്ല. ആദ്ധ്യാത്മികപ്രസംഗങ്ങൾ ചെറിയതോതിൽ ചെയ്യുമായിരുന്നുവെന്നുമാത്രം മനഃപാഠമാക്കിയാണു് ആ പ്രസംഗങ്ങൾ നടത്തിയിരുന്നതു്. ബന്ധുക്കൾ വരുമ്പോൾ ഫുൾട്ടണെക്കൊണ്ടു് അമ്മ ആ പ്രസംഗങ്ങൾ ചെയ്യിപ്പിച്ചു് അഭിമാനംകൊണ്ടിരുന്നു. ആ അവസരങ്ങളിലെല്ലാം ജ്യേഷ്ഠനു നല്ല ഉത്സാഹമുണ്ടായിരുന്നു. ശ്രോതാക്കളുടെ മേലെല്ലാം കണ്ണു പായിച്ചിരുന്നുവെന്നു മാത്രമല്ല ആംഗ്യങ്ങൾ ഉപയോഗിച്ചും മുഖഭാവം മാറ്റിയും ഫുൾട്ടൺ തന്റെ ആശയങ്ങൾ വിശദമാക്കിയിരുന്നു. അനന്തരകാലങ്ങളിൽ ശ്രോതാക്കളുടെ ശ്രദ്ധയെ ആകർഷിച്ചിരുന്ന ശക്തിയും പ്രശാന്തതയും അന്നും ദൃശ്യമായിരുന്നുവെന്നു നിസ്സംശയമാണു്.

ബാല്യകാലത്തു് ഇതരബാലരിൽനിന്നു വ്യത്യസ്തനായിരുന്നില്ല ഫുൾട്ടൺ. താഴ്ന്ന ക്ലാസ്സുകളിൽ സാധാരണ കുട്ടികളെക്കാൾ കൂടുതലായിട്ടു് എന്റെ ജ്യേഷ്ഠൻ പഠിച്ചിരുന്നു. അൾത്താര ബാലസംഘത്തിലെ ചുമതലകൾ ഫുൾട്ടൺ വിശ്വസ്തതാപൂർവ്വം നിർവ്വഹിച്ചുവന്നു. പരസ്യങ്ങൾ വാങ്ങുന്നതിനും ധർമ്മം ശേഖരിക്കുന്നതിനും പള്ളിക്കാര്യങ്ങൾ നടത്തുന്നതിനും ജ്യേഷ്ഠനു് ഉത്സാഹമുണ്ടായിരുന്നുവെന്നതു വാസ്തവംതന്നെ; എന്നാൽ അസാധാരണപാടവമൊന്നും പ്രദർശിപ്പിച്ചിരുന്നില്ല. ഹൈസ്കൂളിൽവച്ചു കളിച്ചിരുന്നു; എന്നാൽ മറ്റു കുട്ടികളോളം കളിച്ചിരുന്നില്ല. പഠനത്തിനായിരുന്നു പ്രാധാന്യം നൽകിയിരുന്നതു്; എന്നാൽ, മറ്റു പ്രവർത്തനങ്ങളിലും വിനോദങ്ങളിലും ശ്രദ്ധിക്കാതിരുന്നില്ല.

ക്രിസ്തുമസ്സിനും മറ്റു് ഒഴിവുകാലത്തും പള്ളിക്കൂടത്തിൽനിന്നു വീട്ടിലേക്കു വരുമ്പോൾ അൾത്താരബാലനായിട്ടു കുർബാനയ്ക്കു ശുശ്രൂഷിക്കുവാൻ ജ്യേഷ്ഠനു ധാരാളം അവസരമുണ്ടായിരുന്നു. ശേഷം കുടുംബാംഗങ്ങളോടുകൂടെ രണ്ടു കുതിര പൂട്ടിയ ഒരു വണ്ടിയിലാണു വയോമിങ്ങിലുള്ള വി. ഡോമിനിക്കിന്റെ പള്ളിയിലേക്കു ജ്യേഷ്ഠൻ പോയിരുന്നതു്. രണ്ടുഭാഗത്തും വണ്ടിക്കു ചില്ലുകളുണ്ടായിരുന്നു അഭിമുഖമായിട്ടാണു് ആസ്ഥാനങ്ങൾ ക്രമപ്പെടുത്തിയിരുന്നതു്. പ്രേക്ഷകർക്കുതോന്നും സർക്കസ്സു വന്നിരിക്കയാണെന്നു്. വിനീതപ്രകൃതിയായ ഞങ്ങളുടെ അമ്മ ഒരുത്തരുടേയും കുററങ്ങൾ പറയുകയില്ല. കൃത്യസമയത്തു് പള്ളിയിൽ കുർബാനയ്ക്കെത്തിയിരുന്നു. ചില ദിവസങ്ങളിൽ ഫാദർ ഹെയ്ഡൺ അൾത്താരബാലനെ കൂടാതെ പീഠത്തിലേക്കു വരും. അപ്പോഴെല്ലാം ഫുൾട്ടൺ ഫുൾസൂട്ടോടുകൂടി പാദപീഠത്തിൽ കയറി മുട്ടുകുത്തി വി. കുർബാനയ്ക്കു കൂടും. വസ്ത്രങ്ങളെല്ലാം വളരെ ശുചിയായിരിക്കും. പെയോറിയിലെ മാതാവിന്റെ പള്ളിയിൽവച്ചാണു് ജ്യേഷ്ഠൻ ഭംഗിയായിട്ടു് വി. കുർബാനയ്ക്കു ശുശ്രൂഷിക്കുവാൻ പഠിച്ചതു്.

മാതാപിതാക്കന്മാർക്കും പ്രാർത്ഥനയ്ക്കും വലിയ സ്ഥാനമുണ്ടു് ദൈവവിളിയുണ്ടാകുന്ന കാര്യത്തിൽ. ഞങ്ങളുടെ കുടുംബത്തിൽ ഒരാൾക്കു് ദൈവവിളിയുണ്ടാകുക എന്നതു് ഒരിക്കലും വിസ്മയാവഹമായിരിക്കയില്ല. എല്ലാ ദിവസവും ഞങ്ങളുടെ വീട്ടിൽ നിദ്രയ്ക്കുമുമ്പു് കൊന്തനമസ്കാരം ചെയ്യുന്നുണ്ടു്. അയർലണ്ടിലെപ്പോലെ ഒരു നന്മനിറഞ്ഞ മറിയം ചൊല്ലിത്തീരുന്നതിനു മുമ്പാണു് ഞങ്ങളും അടുത്ത "നന്മനിറഞ്ഞമറിയം" ചൊല്ലിയിരുന്നതു്. ഒരു ഐറിഷ് വൈദികന്റെ ഫലിതവാക്കുകൾ ഞാൻ ഓർക്കുന്നുണ്ടു്: "ഇങ്ങനെ ചെയ്തിരുന്നതു് രണ്ടു നന്മനിറഞ്ഞ മറിയത്തിന്റെ ഇടയ്ക്കു പിശാചു് നമ്മുടെ തലയിൽ കയറിപ്പറ്റാതിരിക്കാനായിരിക്കണം."

അനന്തരസംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ഞാൻ പുറകോട്ടു നോക്കാറുണ്ടു് ഇതെല്ലാം സംഭവിച്ചതെങ്ങനെയെന്നു് അറിയുവാൻ. ജ്യേഷ്ഠൻ ഒരിക്കലും വൈദികനാകുന്നകാര്യം വീട്ടിൽ പറഞ്ഞിട്ടില്ല. എന്നാൽ എല്ലാവരും വിചാരിച്ചിരുന്നു ജ്യേഷ്ഠൻ ഒരിക്കൽ ഒരു വൈദികനാകുമെന്നു്. എന്താണു് അങ്ങനെ എല്ലാവരും വിചാരിച്ചതെന്നു് ഊഹിക്കുവാൻ വഴിയാ. ഫാദർ ടോം ഓബ്രിയന്റെ നവപൂജ ഒരു പ്രധാന സംഭവമായിട്ടു തോന്നുന്നുണ്ടു്. പതിവുപോലെ റബ്ബർ ടയറും ഗ്ലാസ്സു ജനാലകളുമുള്ള ഞങ്ങളുടെ കുതിരവണ്ടിയിൽ അമ്മയും അപ്പനും ഞങ്ങൾ രണ്ടുപേരുംകൂടിയാണു നവപൂജയ്ക്കുപോയതു്. വണ്ടിയിൽനിന്നു് ഇറങ്ങിയ ഉടനെ ഫുൾട്ടനോടു പറഞ്ഞു കുർബാനയ്ക്കു് കൂടാൻ ആഗ്രഹമുണ്ടെങ്കിൽ അങ്ങനെ ചെയ്യാമെന്നു്. ജ്യേഷ്ഠൻ സന്തോഷം കൊണ്ടുവാ പൊളിച്ചുപോയി കുർബാന കഴിഞ്ഞപ്പോൾ ഭാവിയിലെ മെത്രാൻ ഫാദർ ടോമിനോടു പറഞ്ഞു: "അച്ചാ, ഒരിക്കൽ അച്ചനെപ്പോലെയാകുവാൻ ഞാൻ ആഗ്രഹിക്കുന്നു." വീട്ടിൽ വന്നപ്പോൾ ഫാദർ ടോം ഈ സംഗതി പുറത്തുപറഞ്ഞു. ആ കുട്ടി എവിടെയെങ്കിലുമൊക്കെ പോകുന്നൊണു ഫാദർ ടോം അഭിപ്രായപ്പെട്ടതു്. ഞാൻ ജ്യേഷ്ഠന്റെ ശോഭനഭാവിയെ അന്നു കണ്ടില്ലായിരുന്നുവെങ്കിലും. ഫാദർ ടോമിനെപ്പോലെ പലരും അതു ദർശിച്ചിരുന്നു നല്ല സാമർത്ഥ്യവും സൽസ്വഭാവവും ആരോഗ്യവുമുള്ളതുകൊണ്ടു് എനിക്കു തോന്നി ജ്യേഷ്ഠനു് ദൈവവിളിയുണ്ടെന്നു്. ചിലർ വിചാരിച്ചിരുന്നതു ജ്യേഷ്ഠനു് കുട്ടിക്കാലത്തു് ആരോഗ്യമില്ലായിരുന്നുവെന്നാണു്. അതു ശരിയല്ല. എനിക്കു ജ്യേഷ്ഠന്റെ നില അറിയാമായിരുന്നതിനാൽ അയൽക്കാർ ഫുൾട്ടന്റെ കഴിവുകൾ തെററിദ്ധരിച്ചപ്പോൾ എനിക്കു് തമാശയാണു തോന്നിയതു്.

ഒരു ദിവസം ജ്യേഷ്ഠൻ ഒരു ധാന്യവണ്ടി പിറകോട്ടു് തള്ളി ഷെഡ്ഡിൽ കയററി ഇടാൻ ശ്രമിച്ചു കുറേ തള്ളിനോക്കിയിട്ടു് വണ്ടി അനങ്ങിയില്ല. കണ്ടുനിന്ന കർഷകർ വന്നു ജ്യേഷ്ഠനെ സഹായിച്ചു. അവരിൽ ഒരാൾ ഫ്രാങ്കുനീൽ അന്നു വീട്ടിൽ അത്താഴത്തിനു് ഇരുന്നപ്പോൾ പറയുകയാണു്: "ഷീന്റെ മൂത്ത കുട്ടിക്കു് ഒന്നും ആവുകയില്ല. ഒരു ധാന്യവണ്ടിപോലും തള്ളിമാററാൻ അവനെക്കൊണ്ടു സാധിക്കുന്നില്ല." ഫ്രാങ്കു മരിച്ചുപോയി ആ മൂത്ത കുട്ടി ബിഷപ്പു ഫുൾട്ടൺ ഷീൻ ആകുന്നതിനുമുമ്പു്.

—o—

വന്നതിനുശേഷം ബ. സഖറിയാസച്ചൻ എരുമേലി, വെച്ചൂച്ചിറ, വെണ്ണിക്കുളം, തെള്ളിയൂർ, കുന്നംകുളം എന്നീ സ്ഥലങ്ങളിൽ മിഷൻപ്രവർത്തനങ്ങൾ ഏററം സ്തുത്യർഹമായി നടത്തിയിട്ടുണ്ടു്. 1950-മുതൽ ഫാദർ സഖറിയാസ് തിരുവല്ലാ രൂപതാ കൗൺസിലിലെ അംഗവുമാണു്.

ഇക്കഴിഞ്ഞ ഫെബ്രുവരിമാസത്തിലാണു് വെ. റവ. ഫാദർ സഖറിയാസിനെ പ. സിംഹാസനത്തിൽനിന്നു് മാർ സെവേരിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സഹായമെത്രാനായി തിരഞ്ഞെടുത്തതു്. ഫെബ്രുവരി 27-ാംനു ശനിയാഴ്ച തിരുവല്ലാ ഭദ്രാസനദേവാലയത്തിൽവച്ചു് നിയുക്തസഹായമെത്രാൻ തിരുമനസ്സിലേക്കു റമ്പാൻസ്ഥാനം നൽകപ്പെട്ടു. മാർ സെവേരിയോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും മാർ ഗ്രിഗോരിയോസ് തിരുമേനിയുടെ സഹകരണത്തിലുമാണു് ആ കർമ്മം നടത്തപ്പെട്ടതു്.

ഇപ്പോൾ പൗരോഹിത്യത്തിന്റെ പരിപൂർണ്ണതയാൽ അനുഗൃഹീതനായിരിക്കുന്ന കൊച്ചുതിരുമേനിക്കു് സകല ഭാവുകങ്ങളും സപ്രകർഷം നേർന്നുകൊള്ളുന്നു.

—o—



പ്രവിത്താനം സെന്റു് മൈക്കിൾസ് ഹൈസ്കൂൾ ജൂബിലിയും വിദ്യാലയദിനവും സംബന്ധിച്ചു് മാർച്ചു് 28-ാംനു നടന്ന മഹായോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുവാൻ ആഗതനായ തിരുവിതാംകൂർ ഇളയരാജാ ശ്രീ മാർത്താണ്ഡവർമ്മ തിരുമേനിയെ പാലാ രൂപതാദ്ധ്യക്ഷനും ഹെഡ്മാസ്റ്റർ വെരി റവ. ഡോക്ടർ സി. ററി കൊട്ടാരം അവർകളുംകൂടി സ്വീകരിക്കുന്നു. ഇളയരാജാ തിരുമേനി ഇദംപ്രഥമമായിട്ടാണു് മീനച്ചിൽ താലൂക്കു് സന്ദർശിക്കുന്നതും ഒരു കത്തോലിക്കാ ഹൈസ്കൂൾ ചടങ്ങുകളിൽ ആദ്ധ്യക്ഷം വഹിക്കുന്നതും.

## പരിഹാര പ്രദക്ഷിണങ്ങൾ

### കരിമണ്ണൂർ

മരിയൻവത്സരവും നോയമ്പുകാലവും പ്രമാണിച്ചു് കരിമണ്ണൂർ, നെയ്യശ്ശേരി, ഉടുമ്പന്നൂർ, ചീനിക്കുഴി എന്നീ പള്ളികളുടെ സംയുക്താഭിമുഖ്യത്തിൽ കുരിശും, കൊന്തയും സംവഹിച്ചുകൊണ്ടുള്ള ഒരു വമ്പിച്ച പരിഹാരപ്രദക്ഷിണം ഏപ്രിൽ 11-ാംനു നടത്തിയിരിക്കുന്നു.

4 മണിക്കു് പ്രദക്ഷിണം, സ്ഥലം ഹൈസ്കൂൾ മൈതാനത്തു് എത്തിച്ചേർന്നു. തദവസരത്തിൽ പ്രസിദ്ധ വാഗ്മികളായ റവ. ഫാ. ലിയോൺ, സി. ഡി., ബി. എ. ബി. ടി., ശ്രീ ഇ. പി. ഐസക്കു് ബി. എ. ബി ടി. എന്നിവർ പ്രസംഗിച്ചു.

### കുടമാളൂർ

സ്ഥലം സെന്റു് വിൻസെന്റു് ഡി പോൾ സൊസൈററിയുടെ ആഭിമുഖ്യത്തിൽ ദുഃഖശനിയാഴ്ച രണ്ടര മണിക്കു കുടമാളൂർപള്ളിയിൽനിന്നും ആരംഭിച്ച പരിഹാരപ്രദക്ഷിണം തിരുഹൃദയക്കുന്നു ദേവാലയത്തിൽ എത്തിച്ചേരുകയും അവിടെ വച്ചു് റവ. ഫാ. ചൂളപ്പറമ്പിൽ ഒരു പ്രസംഗം നടത്തുകയും ചെയ്തു. നല്ല ഇടയൻ പള്ളി സന്ദർശിച്ചശേഷം കോട്ടയം കത്തീഡ്രലിൽ വന്നുചേരുകയും ഡോക്ടർ തോമസ തറയിൽ തിരുമേനിയുടെ പ്രസംഗത്തോടുകൂടി ചടങ്ങുകൾ മംഗളമായി പര്യവസാനിക്കുകയും ചെയ്തു.

### തോട്ടകം

തോട്ടകത്തു പള്ളിയിൽനിന്നു് അലങ്കരിച്ചു ഒരു ലോറിയിൽ കർത്താവിന്റെ ക്രൂശിതരൂപവും, മാതാവിന്റെ വ്യാകുലസ്വരൂപവും വഹിച്ചുകൊണ്ടു് മാരാംവീട്ടിലേക്കു് പരിഹാരപ്രദക്ഷിണവും, അവിടെനിന്നു് പള്ളിയിലേക്കു് കുരിശിന്റെ വഴിയും നടത്തപ്പെട്ടു. വിൻസെൻഷ്യൻ ആശ്രമത്തിലെ ബ. ശെമ്മാശന്മാർ പതിന്നാലുസ്ഥലങ്ങളിൽ പ്രസംഗിക്കുകയുണ്ടായി. ക്രിസ്തുനാഥന്റെ പീഡാനുഭവങ്ങളെക്കുറിച്ചുള്ള ശോകഗാനങ്ങൾ ഉച്ചഭാഷിണിയിൽകൂടി ആലപിക്കപ്പെട്ടു.

### തുരുത്തി

തുരുത്തി കാത്തലിക്കു് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇക്കൊല്ലവും ദുഃഖവെള്ളിയാഴ്ച പരിഹാരപ്രദക്ഷിണം ഉണ്ടായിരുന്നു. 3 മണിക്കു് റവ. ഫാ. പാമ്പത്തിൽ അവർകളുടെ പ്രസംഗത്തോടുകൂടി പൊടിപ്പാറപ്പള്ളിയിൽനിന്നും പ്രദക്ഷിണം ആരംഭിച്ചു് തുരുത്തിപ്പള്ളിയിൽ വന്നവസാനിച്ചു. പൊടിപ്പാറ പള്ളിമുതൽ തുരുത്തിപള്ളിവരെയുള്ള പ്രദക്ഷിണവേളയിൽ പതിന്നാലു സ്ഥലങ്ങളിലായി ലഘുപ്രസംഗങ്ങളും ഉണ്ടായിരുന്നു. ഫാ. സി. കെ. മററം അവർകളുടെ പ്രസംഗത്തോടുകൂടി പ്രദക്ഷിണച്ചടങ്ങുകൾ അവസാനിച്ചു.

### തിടനാട്ട്

ഇക്കഴിഞ്ഞ നാല്പതാം വെള്ളിയാഴ്ച സ്ഥലത്തെ വിവിധ ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ, ഊട്ടുപാറ എന്ന കുരിശുമലയിലേക്കു് ഭക്തജനങ്ങൾ നൂററൻപത്തിമൂന്നുമണിജപം ചൊല്ലിക്കൊണ്ടും സ്ലീവാപ്പാത നടത്തിക്കൊണ്ടും ഒരു പരിഹാരപ്രദക്ഷിണം നടത്തിയിരിക്കുന്നു.

Permissu Ecclesiastico
Printed & Published by
K. L. Varkey,
at the Mar Louis Memorial Press
Ernakulam—1

## ഇടവകവാർത്തകൾ

കുണ്ടന്നൂർ:— കുണ്ടന്നൂർ പള്ളിയിലെ വാർഷിക പൊതുധ്യാനം ഏപ്രിൽ 4-ാംനു തുടങ്ങി 7-ാംനു അവസാനിച്ചിരിക്കുന്നു. ധ്യാനഗുരു റവ. ഫാ. വിക്ടർ ററി. ഒ. സി. ഡി അവർകളായിരുന്നു. 8-ാംതീയതി വ്യാഴാഴ്ച 1½മണി ആരാധനയും ഉച്ചകഴിഞ്ഞ് നാലരമണിക്കു കാഞ്ഞിരക്കോട്ട് കുരിശുപള്ളിവരെ പരിഹാരപ്രദക്ഷിണവും ഉണ്ടായിരുന്നു.

ചെമ്പിളാവ്:— സ്ഥലത്തെ ചെറുപുഷ്പ ദേവാലയസന്ദർശനാർത്ഥം ഇവിടെ ആഗതനായ പാലാ ബിഷപ്പ് റൈററ് റവ. ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയെ ഇടവകജനങ്ങളുടെ സാന്നിദ്ധ്യത്തിൽ പള്ളിവികാരി റവ. ഫാദർ മാത്യു വടാന സ്വീകരിച്ചു തുടർന്നു കുട്ടികളുടെ സ്ഥൈര്യലേപനം മുതലായ കർമ്മങ്ങൾക്കുശേഷം ഉച്ചകഴിഞ്ഞ് നടത്തപ്പെട്ട സംഘടനാ വാർഷികയോഗത്തിൽ തിരുമേനി അദ്ധ്യക്ഷത വഹിച്ചു. മെ. ജോസഫ് താരാമംഗലം, ഏ. ററി. ദേവസ്യാ എം. എ., കുര്യാക്കോസ് മററം ബി. എസ്സ് സി. മുതലായവർ പ്രസംഗിച്ചു. അഞ്ചുമണിയോടുകൂടി തിരുമേനി പാലായിലേക്കു തിരിച്ചെഴുന്നള്ളി.

ചെമ്മലമററം:—റവ. ഫാദർ സി. എം. ഫിലാരി അവർകളുടെ നേതൃത്വത്തിലുള്ള കൊളച്ചൽ സെൻറിനറി ടാക്കീസ് വക "മരിയഗൊരേത്തി" എന്ന ചലച്ചിത്രം സ്ഥലം ചെറുപുഷ്പമിഷൻ ലീഗിൻെറ ആഭിമുഖ്യത്തിൽ ഏപ്രിൽ 3-ാംനു അത്യന്തം വിജയകരമായി പ്രദർശിപ്പിക്കപ്പെട്ടു. ദുഷിച്ച സിനിമാകളുടെ അനിയന്ത്രിതമായ മുന്നേററത്തെ ഉത്തമാദർശപ്രചോദകങ്ങളായ ഏതാദൃശചിത്രങ്ങൾകൊണ്ടു തടയുന്നതിനു ഭക്തസംഘടനകൾ മുൻകൈയെടുത്തു പ്രവർത്തിക്കുന്നതു സമുചിതവും അഭിനന്ദനീയവുമത്രെ.

മേവെള്ളൂർ:—സ്ഥലത്തെ പുരാതനമായ നടത്തായിൽ കുടുംബത്തിലെ കാരണവരായിരുന്ന ശ്രീ പൈലി അവർകൾ വാർദ്ധക്യസഹജമായ അസ്വാസ്ഥ്യങ്ങൾമൂലം 101-ാമത്തെ വയസ്സിൽ ഏപ്രിൽ 9-ാംനു നിര്യാതനായി. ശവസംസ്കാരം പിറേറദിവസം നാനാജാതിമതസ്ഥരായ ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ യഥാവിധി നിർവ്വഹിച്ചു. പൊതുക്കാര്യപ്രസക്തനായ ഇയാളുടെ പരിശ്രമഫലമായിട്ടാണ് മേവെള്ളൂർ പള്ളി സ്ഥാപിതമായതു്.

കാഞ്ഞിരത്താനം:— സ്ഥലത്തെ ഇക്കൊല്ലത്തെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് "മരിയൻ ജൂബിലി തീർത്ഥാടനം" സ്ഥലത്തെ ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിലും രണ്ടായിരത്തിൽപ്പരം വരുന്ന ഒരു ജനാവലിയുടെ സഹകരണത്തിലും നടത്തപ്പെട്ടിരിക്കുന്നു. ജപമാല എത്തിച്ചുകൊണ്ടും, സ്ലീവാപ്പാത നടത്തിക്കൊണ്ടും, ഗാനങ്ങൾ ആലപിച്ചുകൊണ്ടും പ്രദക്ഷിണം കുറവിലങ്ങാട്ടു പള്ളിയിൽ എത്തുകയും, അവിടത്തെ നാല്പതുമണിയാരാധന സമാപനചടങ്ങുകളിൽ സംബന്ധിക്കുകയും ചെയ്തു.

ചങ്ങനാശ്ശേരി:— അഖിലകേരള ചെറുപുഷ്പമിഷൻലീഗിൻെറ ഒരു ശാഖ സ്ഥലത്തെ യുവജനങ്ങളുടെ പരിശ്രമഫലമായി ചങ്ങനാശ്ശേരി പാലസ്‌വാർഡിൽ 12-4-54-ൽ റവ. ഫാ. ജോസഫ് മാപ്പിള്ളറമ്പിൽ ഉൽഘാടനം ചെയ്തിരിക്കുന്നു ലീഗിൻെറ പ്രവർത്തനത്തിനായി മെസ്സേഴ്സ് ഏ. വി. ജോസഫ് കെ. ജെ. സിറിയക്, ആൻറണി സഖറിയാ, കെ. ററി. ജോസഫ് എന്നിവരെ യഥാക്രമം തിരഞ്ഞെടുത്തു.

മററക്കര:—സ്ഥലം തിരുക്കുടുംബപ്പള്ളി ഇടവകയിൽ ബ. കപ്പൂച്ചിൻ വൈദികരുടെ നേതൃത്വത്തിൽ ഏപ്രിൽ 4-ാംനു ഞായറാഴ്ച മുതൽ ഒരാഴ്ചത്തേക്കു ഒരു മിഷൻധ്യാനം നടത്തുകയുണ്ടായി. തദവസരത്തിൽ സത്യാരാധനസഖ്യത്തിൻെറ ഒരു ശാഖ മൂന്നു ഗ്രൂപ്പുകളായി ബ. ലിയോ അച്ചൻ ഉൽഘാടനം ചെയ്യുകയുണ്ടായി. നൂററിയൻപതിൽപ്പരം യുവജനങ്ങൾ സത്യാരാധനാസഖ്യത്തിൽ ചേർന്നിട്ടുണ്ട്. ഏപ്രിൽ 9-ാംനു വെള്ളിയാഴ്ച മരക്കുരിശു വഹിച്ചുകൊണ്ടും ജപമാല ചൊല്ലിക്കൊണ്ടും ഇടവക ചുററി ഒരു പരിഹാരപ്രദക്ഷിണവും നടത്തുകയുണ്ടായി.

# തിരുകൊച്ചിവാർത്തകൾ

### ഹൈക്കോടതിബഞ്ച് തിരുവനന്തപുരത്ത്

തിരുക്കൊച്ചി ഹൈക്കോടതിയുടെ ഡിവിഷൻബഞ്ച് തിരുവനന്തപുരത്തു സ്ഥാപിക്കുന്നതു സംബന്ധിച്ച് മുഖ്യമന്ത്രി, ചീഫ്ജസ്റ്റിസ്, ലോ സിക്രട്ടറി എന്നിവരുടെ ഒരു കോൺഫറൻസ് സെക്രട്ടറിയേററിൽ സമ്മേളിക്കുകയുണ്ടായി. മദ്ധ്യവേനലവധി കഴിഞ്ഞ് ഉടനെ പ്രസ്തുത ഡിവിഷൻബഞ്ച് ആരംഭിക്കണമെന്നും രണ്ടു ജസ്റ്റിമാർ ഒരു കൊല്ലംവീതം തുടർച്ചയായി അവിടെ ഉണ്ടായിരിക്കണമെന്നും മൂന്നാഴ്ചയിലൊരിക്കൽ ചീഫ് ജസ്റ്റിസ് അവിടെ എത്തി ഒരാഴ്ച താമസിക്കണമെന്നും കോൺഫറൻസ് തീരുമാനം ചെയ്തിരിക്കുന്നു.

### പബ്ളിക്ക് സർവ്വീസ് ഉദ്യോഗസ്ഥന്മാർ

പബ്ളിക്ക് സർവ്വീസിൽ നിയമിക്കപ്പെടുന്നവരുടെ ഭൂതകാലരാഷ്ട്രീയ പ്രവർത്തനങ്ങളെക്കുറിച്ച് ഇപ്പോൾ നടത്തിവരാറുള്ള സി. ഐ. ഡി. രഹസ്യാന്വേഷണംമേലിൽവേണ്ടെന്നുവച്ചിരിക്കുന്നതായറിയുന്നു. ഉദ്യോഗങ്ങളിൽ പ്രവേശിച്ചതിനുശേഷമുള്ള ചെയ്തികളെമാത്രം നിരീക്ഷിച്ചാൽ മതിയെന്നാണത്രെ ഇപ്പോൾ ഗവർമ്മെൻറു തീരുമാനിച്ചിരിക്കുന്നതു്.

### കടലാക്രമണനിരോധനം

തിരുക്കൊച്ചിയുടെ തീരപ്രദേശങ്ങളിൽ കടലാക്രമണം നിരോധിക്കുന്നതിനായി സ്റ്റേററ്ഗവർമ്മെൻറിനു ധനസഹായം നൽകുവാൻ കേന്ദ്രം തീരുമാനിച്ചിരിക്കുന്നു. ഇതേത്തുടർന്നു് കടലാക്രമണസാദ്ധ്യതയുള്ള പ്രദേശങ്ങളിൽ കരിങ്കൽച്ചിറകൾ കെട്ടുവാൻ തിരുക്കൊച്ചി ഗവർമ്മെൻറു് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

### ഇൻറർനൺഷ്യോ തിരുക്കൊച്ചിയിൽ

പേപ്പൽ ഇൻറർനൺഷ്യോ മോസ്റ്റ് റവ. ഡോ മാർട്ടിൻ ലൂക്കാസ് തിരുമനസ്സുകൊണ്ടു് ഏപ്രിൽ 2-ാംനു വിമാനമാർഗ്ഗം തിരുവനന്തപുരത്തെത്തിച്ചേർന്നു. തിരുവല്ലാ ആർച്ചുബിഷപ്പ് ബെ..ഷപ്പ് മാർ സെവേരിയോസ്, തിരുവനന്തപുരം അതിരൂപതാ അഡ്‌മിനിസ്ട്രേറർ മാർ ഗ്രിഗോരിയോസ്, തിരുവനന്തപുരം മെത്രാൻ ഡോ. വിൻസെൻറ് ഡിരേരാ എന്നീ തിരുമേനിമാരും മററനേകം പുരോഹിതാത്മായ പ്രമുഖരുംചേർന്ന് ഇൻറർനൺഷ്യോ തിരുമേനിയെ സ്വീകരിച്ച് പട്ടം അരമനയിലേക്കാനയിച്ചു. ലഞ്ചിനുശേഷം തിരുമേനി മാർ തിരുവല്ലായിലെ ജൂബിലി, പട്ടാഭിഷേകകർമ്മങ്ങളിൽ സംബന്ധിക്കുന്നതിലേക്കു് അങ്ങോട്ടു പുറപ്പെട്ടു. 23-ാംനു ഇൻറർനൺഷ്യോ തിരുമേനി പട്ടം അരമനയിൽ തിരിച്ചെത്തുകയും 25-ാംനു കൊല്ലംരൂപതാ സന്ദർശനാർത്ഥം അങ്ങോട്ടെഴുന്നള്ളുകയും ചെയ്തു. 28-ാംനു തിരുമേനി കോട്ടയത്തേക്കു് പുറപ്പെടുന്നതും വിജയപുരം, ചങ്ങനാശേരി എന്നീ രൂപതകളും സന്ദർശിച്ചശേഷം എറണാകുളത്തെത്തി കത്തോലിക്കാ വിദ്യാർത്ഥികോൺഫറൻസിൻെറ അടുത്ത ഞായറാഴ്ചയിലെ ചടങ്ങുകളിൽ ആദ്ധ്യക്ഷം വഹിക്കുന്നതുമായിരിക്കും. അനന്തരം തിരുമേനി ആലപ്പുഴ രൂപത സന്ദർശിക്കുന്നതും അതിനുശേഷം എറണാകുളംവഴി കോഴിക്കോട്ടേക്കും അവിടെനിന്നും മംഗലാപുരംവഴി ഡൽഹിയിലേക്കും പുറപ്പെടുന്നതുമാണ്.

### കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനി

അഖിലകേരള കത്തോലിക്കാ കോൺഗ്രസിൻെറ 36-ാമത്തെ വാർഷികം ഉൽഘാടനം ചെയ്യാമെന്നു സദയം സമ്മതിച്ചിട്ടുള്ള അത്യുന്നത കർദ്ദിനാൾ വലേറ്യൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടു് മേയ് 26-ാംനു എറണാകുളത്തെത്തുന്നതും അന്നുതന്നെ പാലായിലേക്കെഴുന്നള്ളി അവിടെ മെത്രാൻ തിരുമനസ്സിലെ അതിഥിയായി താമസിക്കുന്നതുമാണെന്നറിയുന്നു. 27-ാംനു കർദ്ദിനാൾ തിരുമേനിക്കു് മുട്ടുചിറവച്ച് ആഘോഷമായ ഒരു സ്വീകരണം നൽകപ്പെടുന്നതായിരിക്കും.

### പുതിയ വിദ്യാലയങ്ങൾ

സംസ്ഥാനത്തു് പുതിയ വിദ്യാലയങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ മുൻഗവമ്മെൻറു് സ്വീകരിച്ചിരുന്ന തോതുതന്നെയാണു് ഇത്തവണയും അംഗീകരിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്നറിയുന്നു. പ്രൈവററ് മാനേജുമെൻറിനു് 16 പ്രൈമറിസ്കൂളുകളും 8 മിഡിൽ സ്കൂളുകളും ആൺകുട്ടികൾക്കു് 4-ം പെൺകുട്ടികൾക്കു് 2-ം ഉൾപ്പെടെ 6 ഹൈസ്കൂളുകളും, ഗവർമ്മെൻറിനു് ഇവയുടെ പകുതിയും അനുവദിക്കുവാനാണു് മുൻഗവർമെൻറു തീരുമാനിച്ചിരുന്നതു്.

### ഖദർ വ്യവസായത്തിനു പ്രോത്സാഹനം

ഖദർ വ്യവസായപ്രോത്സാഹനാർത്ഥം ഗവമ്മെൻറിൽനിന്നും ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. ഇതനുസരിച്ച 25-ൽ കുറയാതെ അംഗങ്ങളും 500ക.യിൽകുറയാത്തമൂലധനവും ഉള്ള സഹകരണസംഘങ്ങൾക്കും 10 വാർഷിക തവണകളിലായി തിരിച്ചടയ്ക്കത്തക്കവണ്ണം 6000 ക. വരെ വായ്പ നൽകുന്നതും, അവർ നെയ്ത്തുകാർക്കും നൂൽനൂല്പുകാർക്കും നൽകുന്ന കൂലിയുടെ നാലു ശതമാനം സബ്സിഡി അനുവദിക്കുന്നതുമാണു്. വായ്പ എടുക്കാത്ത സഹകരണസംഘങ്ങൾ നൽകുന്ന കൂലിയുടെ 3 ശതമാനം സബ്സിഡി നൽകാനും ഉദ്ദേശിച്ചിട്ടുണ്ടു്.

## അഖിലേന്ത്യാ കാത്തലിക്ക് സോഷ്യൽ കോൺഫറൻസ്

അഖിലേന്ത്യാ കത്തോലിക്കാ സാമൂഹ്യസമ്മേളനം മുൻപരിപാടിയനുസരിച്ച് ഏപ്രിൽ 21-ാം തീയതി പ്രഭാതത്തിൽ എറണാകുളം സെൻറ് ആൽബർട്ട്സ് കോളജിൽവച്ച് അഖിലേന്ത്യാ കാത്തലിക്ക് ബിഷപ്പ്സ് കോൺഫറൻസ് സാമൂഹ്യപ്രവർത്തനവിഭാഗത്തിൻെറ അദ്ധ്യക്ഷനായ വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സുകൊണ്ടു് ഉൽഘാടനം ചെയ്യുകയുണ്ടായി. കൊച്ചിമെത്രാൻ തിരുമേനി, ബോംബെ വികാരി ജനറാൾ മോൺ. ലോബോ, മദ്രാസിലെ മുൻമന്ത്രി മി. റോച്ചു വിക്ടോറിയ എന്നിവരും ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നുമായി അമ്പതിൽപ്പരം രൂപതകളെ പ്രതിനിധാനം ചെയ്തുകൊണ്ടു് വന്നുചേർന്നിരുന്ന വൈദികരും അൽമായ സ്ത്രീപുരുഷരും അടങ്ങിയ പ്രതിനിധിസംഘവും സ്ഥലവാസികളായ മററനേകരും തദവസരത്തിൽ സന്നിഹിതരായിരുന്നു.

ആദ്യമായി റവ. ഫാ. ജറോം ഡിസൂസ എസ്. ജെ. കോൺഫറൻസിൻെറ ഉദ്ദേശം വിശദീകരിച്ചുകൊണ്ടും, വിവിധസ്ഥലങ്ങളിൽ സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ ഒരുമിച്ചുകൂടി തങ്ങളുടെ അനുഭവങ്ങളെപ്പററി ആശയവിനിമയം ചെയ്യുന്നതും ഒന്നിച്ചിരുന്നു ചിന്തിക്കുന്നതും എത്രകണ്ടു പ്രയോജനപ്രദമാണെന്നു വിവരിച്ചുകൊണ്ടും ഒരു പ്രസംഗം ചെയ്തു. തുടർന്നു് ഡോ. അട്ടിപ്പേററി തിരുമനസ്സുകൊണ്ടു് തൻെറ ഉൽഘാടനപ്രസംഗം നടത്തി. കത്തോലിക്കർ വെറും പ്രാദേശികപ്രശ്നങ്ങളെപ്പററിമാത്രം ചിന്തിച്ചാൽ പോരെന്നും അവർ ദേശീയമായ ഒരു വീക്ഷണഗതി സ്വീകരിക്കേണ്ടതുണ്ടെന്നും ദയനീയവും ഭയാനകവുമായ ഇൻഡ്യയുടെ ഇന്നത്തെ സാമൂഹ്യ സാമ്പത്തികസ്ഥിതിയിൽ പരിവർത്തനങ്ങൾ വരുത്തുവാനുള്ള പരിശ്രമങ്ങളിൽ കത്തോലിക്കർക്കു് ഒരു വലിയ പങ്കുവഹിക്കുവാനുണ്ടെന്നും പ്രസ്തുത പ്രസംഗത്തിൽ തിരുമനസ്സുകൊണ്ടു് ഉൽബോധനം നൽകി. അനന്തരം കോൺഫറൻസിനു് വിജയമാശംസിച്ചുകൊണ്ടു് അത്യുന്നത കർദ്ദിനാൾ വലേര്യൻ ഗ്രേഷ്യസ്, പേപ്പൽ ഇൻറർ നൺഷ്യോ മോസ്റ്റ് റവ. ഡോക്ടർ മാർട്ടിൻ ലൂക്കാസ് എന്നീ തിരുമേനിമാർ അയച്ചിരുന്ന സന്ദേശങ്ങൾ യോഗത്തിൽ വായിക്കപ്പെട്ടു.

ഉച്ചതിരിഞ്ഞ് ബോംബെ വികാരിജനറാൾ മോൺ ലോബോയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിനിധിസമ്മേളനത്തിൽ സാമൂഹ്യ സാമ്പത്തി കദുരിതങ്ങളെ വിപാടനം ചെയ്യുവാനായി ഇടവകകൾതോറും നടത്തേണ്ട സാമൂഹ്യസേവനസംരംഭങ്ങളെപ്പററി ചർച്ചചെയ്യുകയുണ്ടായി.

സമാപനദിനമായ ഏപ്രിൽ 25-ാംനു സാമൂഹ്യസേവനപരിപാടികളടങ്ങിയ ഏതാനും പ്രമേയങ്ങളും കോൺഫറൻസ് പാസാക്കി. (കൂടുതൽ അടുത്തതിൽ)

## ഇന്ത്യാവാർത്തകൾ

### മദ്രാസിൽ പുതിയ മന്ത്രിസഭ

മദ്രാസിൽ ശ്രീ കാമരാജനാടാരുടെ നേതൃത്വത്തിലുള്ള പുതിയ എട്ടംഗമന്ത്രിസഭ ഏപ്രിൽ 13-ാംനു ഗവർണ്ണർ ശ്രീ പ്രകാശയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു് ഉദ്യോഗത്തിൽ പ്രവേശിച്ചിരിക്കുന്നു. മെ. കാമരാജനാടാർ (ആഭ്യന്തരവകുപ്പ്) എ. ബി. ഷെട്ടി (പൊതുജനാരോഗ്യം), എം. ഭക്തവത്സലം (തൊഴിൽ), സി. സുബ്രഹ്മണ്യം (ധനകാര്യം, വിദ്യാഭ്യാസം, ഭക്ഷ്യം), ബി. പരമേശ്വരൻ (ഗതാഗതം), ഷൺമുഖരാജേശ്വര സേതുപതി (പൊതുമരാമത്തു്), മാണിക്കവേലുനായിക്കർ (റവന്യൂ) രാമസ്വാമി പടയാച്ചി (സ്വയംഭരണം) എന്നിവരാണു് പുതിയ മന്ത്രിസഭാംഗങ്ങൾ. ഇവരിൽ അഞ്ചുപേർ രാജാജിമന്ത്രിസഭയിലും അംഗങ്ങളായിരുന്നു. മലബാറിൽനിന്നു് ഒരു മന്ത്രിയെക്കൂടി തൻെറ മന്ത്രിസഭയിൽ ഉൾപ്പെടുത്തുന്നതാണെന്നു് മുഖ്യമന്ത്രി ശ്രീ നാടാർ പ്രസ്താവിക്കുകയുണ്ടായി. മന്ത്രിസ്ഥാനം സ്വീകരിച്ചതിനെത്തുടർന്നു് ശ്രീ നാടാർ തമിഴ്നാട് പി. സി. സി. പ്രസിഡണ്ടുസ്ഥാനം രാജിവച്ചിരിക്കുന്നു.

### എം. പി. മാരുടെ അലവൻസ്

ഇൻഡ്യൻ പാർലമെൻറു് മെമ്പർമാരുടെ അലവൻസുകാര്യത്തിൽ വ്യക്തമായ ഒരു തീരുമാനമുണ്ടായിരിക്കുന്നു. തത്സംബന്ധമായ ഒരു പ്രമേയം ഇപ്രാവശ്യം തന്നെ പാർലമെൻറിൽ അവതരിപ്പിക്കപ്പെടുന്നതാണു്. പ്രതിമാസം 300 ക. ശമ്പളവും സഭയിൽ ഹാജരാകുന്ന ദിവസത്തേക്കു് 20ക. അലവൻസും, അല്ലെങ്കിൽ ഇപ്പോൾ നൽകുന്നതുപോലെ ഓരോ സമ്മേളനകാലത്തു് ദിവസം 40ക. വീതം അലവൻസ്. ഈ രണ്ടിൽ ഏതെങ്കിലുമൊന്നു് യഥേഷ്ടം സ്വീകരിക്കാവുന്നതാണു്. ടി. എ. ഇനത്തിൽ ഓരോരുത്തർക്കും രണ്ടു രണ്ടാം ക്ലാസ് ടിക്കററുകളും ഒരു മൂന്നാം ക്ലാസ് ടിക്കററും നൽകപ്പെടുന്നതായിരിക്കും.

### ശ്രദ്ധിക്കുക

31-3-54-ൽ സത്യദീപത്തിൽ അഭിപ്രായമെഴുതിയിരുന്ന "പരിശുദ്ധ കന്യകാമറിയം" എന്ന പുസ്തകം എവിടെ വാങ്ങാൻ കിട്ടുമെന്നന്വേഷിച്ച് പലരും ഇവിടേക്കെഴുതിക്കൊണ്ടിരിക്കുന്നു. പുസ്തകം മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സിലാണു് അച്ചടിച്ചിട്ടുള്ളതു്. അതുകൊണ്ടു് സെൻറ് ജോസഫ്സ് പ്രസ്സ് മാന്നാനത്തേക്കോ, ഗ്രന്ഥകാരനായ റവ. ഫാദർ എ. സി ഈപ്പൻ സെൻറു് ബർക്കുമാൻസ് കോളേജ് ചങ്ങനാശ്ശേരിയിലേക്കോ എഴുതണമെന്നു് നിർദ്ദേശിച്ചുകൊള്ളുന്നു.

സ. ദീ. പ.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol· 27 ‖ ERNAKULAM, APRIL 28· 1954 No. 34


# തിരുവല്ലാരൂപത വിജയിക്കട്ടെ!

ഏപ്രിൽ 22-ലെ ബാലാർക്കൻ മനോഹരങ്ങളും ചിന്തോദ്ദീപകങ്ങളുമായ ചടങ്ങുകളാണ് തിരുവല്ലാ നഗരത്തിൽ ദർശിച്ചതു്. ദൈവത്തിൻെറ അനന്തമായ പരിപാലനയുടെ നിഗൂഢപ്രവൎത്തനങ്ങളുടെ ഫലമായി 24കൊല്ലം മുമ്പുദയംചെയ്ത തിരുവല്ലാരൂപത അവളുടെ മൂന്നു വൈദികാദ്ധ്യക്ഷന്മാരെ ഒന്നിച്ചനുമോദിക്കുന്ന രംഗമായിരുന്നു അതു്. രൂപതാചരിത്രത്തിലും തിരുവല്ലാ നഗരത്തിൻെറ ചരിത്രത്തിലും തങ്കലിപികളിൽ ഈ മഹാസംഭവം ആലേഖനം ചെയ്യപ്പെടാതിരിക്കയില്ല—തിരുവല്ലാ രൂപതയുടെ പ്രഥമമെത്രാനായി പരിശുദ്ധസിംഹാസനം നിയമിച്ച പുണ്യശ്ലോകനും സർവ്വജനാരാദ്ധ്യനുമായ അഭിവന്ദ്യ മാർ തിയോഫിലോസ് തിരുമേനിയുടെ മെത്രാൻപട്ട സ്വീകരണത്തിൻെറ രജതജൂബിലിയാഘോഷമാണു് പ്രസ്തുത പരിപാടികളിൽ ഒന്നു്.

അനാരോഗ്യംമൂലം രൂപതാഭരണത്തിൽനിന്നു വിരമിച്ചു വിശ്രമിക്കുന്ന വന്ദ്യതിരുമേനിയുടെ സ്ഥാനത്തു ഇപ്പോൾ രൂപതാദ്ധ്യക്ഷനായി അതിപ്രശസ്തമായ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന അതിവന്ദ്യ മാർ സെവേരിയോസ് തിരുമനസ്സിലെ വൈദികപദപ്രാപ്തിയുടെ രജതജൂബിലിയാണു് രണ്ടാമത്തേതു്. ഈ ജൂബിലിദ്വയത്തെ മകുടംചാർത്തുന്നതും ജൂബിലേറിയന്മാരേയും തിരുവല്ലാരൂപതയേയും മലങ്കരഹയരാർക്കിയേയും മാത്രമല്ല എല്ലാ കത്തോലിക്കരേയും അകത്തോലിക്കരേയും ഒന്നാകെ പുളകംകൊള്ളിക്കുന്ന അഭിനവമെത്രാൻ വന്ദ്യ ദിവ്യശ്രീ സക്കറിയാസ് മാർ അത്തനാസിയോസ് പോളച്ചിറയ്ക്കൽ തിരുമനസ്സിലെ മെത്രാഭിഷേകകർമ്മമാണു് മൂന്നാമത്തെ പരിപാടി.

ഇന്ത്യയിലെ പേപ്പൽ ഇൻറർനൺഷ്യോ മോസ്റ്റ് റവ. ഡോക്ടർ മാർട്ടിൻ ലൂക്കാസ് തിരുമനസ്സിലെ മഹനീയ സാന്നിദ്ധ്യത്തിലും അതിവന്ദ്യ ആർച്ച്ബിഷപ്പ്-ബിഷപ്പ് മാർ സെവേരിയോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും അഭിവന്ദ്യ വൈദികാദ്ധ്യക്ഷന്മാരുടേയും നിരവധി മോൺസിഞ്ഞോർമാരുടേയും വൈദികപ്രമുഖന്മാരുടേയും കന്യാസ്ത്രീകളുടേയും അനേകായിരം ജനങ്ങളുടേയും സഹകരണത്തിലും മോടിയായി നിർവ്വഹിക്കപ്പെട്ട മനോഹര ചടങ്ങുകൾ ഭക്തിനിർഭരവും ആകർഷകത്വം നിറഞ്ഞതുമായിരുന്നു. തിരുവല്ലാ പട്ടണത്തിൻെറ ചരിത്രത്തിൽ ഇത്ര മഹത്തായ ഒരു പരിപാടി വേറെ നടന്നിട്ടുണ്ടോ എന്നു സംശയമാണു്.

## മാർ തിയോഫിലോസു

യാക്കോബായസഭയിലെ വൈദികാദ്ധ്യക്ഷന്മാരിൽവച്ചു പുണ്യശിരോമണിയും ബഹുജനാരാദ്ധ്യനുമായിരുന്നു വന്ദ്യ ദിവ്യശ്രീ മാർ തിയോഫിലോസ് തിരുമേനി. 1892 ലാണു് തിരുമേനി ജനിച്ചതു്. 1925-ൽ പുരോഹിതപട്ടം സ്വീകരിച്ചു. 1929 ഫെബ്രുവരി 16-ാംതീയതി മെത്രാനായി അഭിഷേചിക്കപ്പെട്ടു. 1930 സെപ്റ്റംബർ 20-ാം തീയതി ചരിത്രപ്രസിദ്ധമായ പുനരൈക്യം നടന്നു. 1933-ൽ മലങ്കര സുറിയാനി ഹയരാർക്കിയിൽപ്പെട്ട തിരുവല്ലാ രൂപത കാനോനികമായി സ്ഥാപിക്കപ്പെട്ടപ്പോൾ തിരുമേനി അതിൻെറ മെത്രാനായി. 1938 നവമ്പർ 20-ാംതീയതി വരെ അധികാരത്തിൽ തുടർന്നു. തിരുമേനി അനാരോഗ്യംമൂലം ഭരണജോലിയിൽനിന്നു ഒഴിവാക്കപ്പെടുകയും ഇപ്പോൾ വിശ്രമജീവിതം തുടരുകയുമാണു്.

മൂന്നു നൂററാണ്ടുകൾക്കുമുമ്പ് പോർത്തുഗീസുകാരുമായുണ്ടായ വഴക്കുകൾമൂലം കൂനൻകുരിശു സത്യം നടന്നു. തൽഫലമായി മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായ പുത്തൻകൂറു പഴയകൂറു തിരിവിൻെറ മുറിവിനെ പൊറുപ്പിച്ചു് സഭൈക്യം പുനസ്ഥാപിക്കുന്നതിനു് നിരവധി ക്ലേശങ്ങൾ സഹിച്ചു് നടത്തപ്പെട്ട പുനരൈക്യസംരംഭചരിത്രത്തിൻെറ വിജയരംഗം സമുൽഘാടനം ചെയ്യുന്നതിനു് ഭാഗ്യമുണ്ടായ വിജിഗീഷുക്കളിൽ അഗ്രഗണ്യനായ മാർ ഇവാനിയോസു് തിരുമേനിയുടെ സന്തതസഹചാരിയും വലംകൈയുമായി വിരാജിക്കുന്നതിനു് ഭാഗ്യമുണ്ടായ ചരിത്രപുരുഷനാണു് മാർ തിയോഫിലോസു്. അദ്ദേഹത്തിൻെറ നാമസ്മരണയിൽ കേരളസഭയെ പ്രക്ഷുബ്ധമാക്കിയ പുത്തൻകൂർ ശീശ്മയുടെ മുന്നൂറുകൊല്ലത്തെ ചരിത്രവും അക്കാലങ്ങളിലെ നിരന്തരമായ പ്രാർത്ഥനയുടേയും നിരവധിയായ ത്യാഗങ്ങളുടേയും ഫലമായി ദൈവം അനുഗ്രഹിച്ചു സാധിച്ച പുനരൈക്യത്തിൻെറ പ്രാരംഭവുമാണു് ജനഹൃദയങ്ങളിൽ തെളിഞ്ഞുപ്രകാശിക്കുന്നതു്. തിരുമേനി അനാരോഗ്യപരമായ സാഹചര്യങ്ങളിലാണെങ്കിലും ഈ മഹാപുരുഷൻെറ മെത്രാൻസ്ഥാനലബ്ധിയുടെ രജതജൂബിലി സാഘോഷം കൊണ്ടാടേണ്ടതു് ഏററവും സമുചിതമായ കർത്തവ്യം മാത്രമാണല്ലോ. ജൂബിലേറിയനെ ഹൃദയപൂർവ്വം ഞങ്ങൾ അനുമോദിക്കുകയും ദൈവാനുഗ്രഹത്തിൻെറ വിശിഷ്ടോപകരണമായി അദ്ദേഹം വെട്ടിത്തുറന്ന പുനരൈക്യപ്രസ്ഥാനത്തിനു് സർവ്വവിജയങ്ങളും നേരുകയും ചെയ്തുകൊള്ളുന്നു.

## മാർ സെവേരിയോസ്

പുനരൈക്യ പ്രസ്ഥാനത്തെ തെററിദ്ധരിച്ചു് വീറോടെ അതിനെ എതിർത്തുകൊണ്ടിരുന്ന ഒരു ധീരയോദ്ധാവാണു് ദിവ്യശ്രീ ജോസഫ് മാർ സെവേരിയോസു് തിരുമേനി. അദ്ദേഹം 1894-ൽ ജനിച്ചു. 1916-ൽ അദ്ദേഹം ബി. എ. ബിരുദംനേടി. 1929 ൽ വൈദികപട്ടം സ്വീകരിച്ചു. 1933-ൽ മെത്രാനായി അഭിഷേചിക്കപ്പെട്ടു. 1937 നവമ്പർ 29-ാം തീയതി ദൈവപ്രസാദവരത്തിൻെറ പ്രചോദനത്തിനു് തലകുനിച്ചു തിരുമേനി കത്തോലിക്കാതിരുസഭയുമായി പുനരൈക്യപ്പെട്ടു. 1938-ൽ പരിശുദ്ധസിംഹാസനത്തിൻെറ തീരുമാനമനുസരിച്ചു് ഒരു മെത്രാനുള്ള സകല അധികാരങ്ങളോടുംകൂടി തിരുമേനി തിരുവല്ലായുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കായായി അവരോധിക്കപ്പെട്ടു. 1950-ൽ തിരുമേനിയെ തിരുവല്ലായുടെ മെത്രാനായി നിയമിച്ചു. 1954 ഫെബ്രുവരി 11-ാം തീയതി തിരുസിംഹാസനത്തിൽനിന്നും അദ്ദേഹത്തിനു് മെത്രാപ്പോലീത്താ സ്ഥാനം നൽകി. തിരുവല്ലാരൂപതയുടെ ആർച്ചുബിഷപ്പ്-ബിഷപ്പ് എന്ന സ്ഥാനപ്പേരിലാണു് തിരുമേനി ഇപ്പോൾ അറിയപ്പെടുന്നതു്. തിരുമേനി വൈദികപട്ടം സ്വീകരിച്ചതിൻെറ രജതജൂബിലിമഹാമഹമാണു് ഇപ്പോൾ ആഘോഷപൂർവ്വം കൊണ്ടാടുന്നതു്.

## തിരുവല്ലാരൂപതയുടെ പുരോഗതി

പുനരൈക്യത്തെത്തുടർന്നു് നാമമാത്രമായി സമാരംഭിച്ച തിരുവല്ലാരൂപതയെ അതിൻെറ ഇന്നത്തെ മഹത്തായ സ്ഥിതിയിലേക്കാനയിക്കുന്നതിനു് മാർ സെവേരിയോസു് തിരുമേനി നിർവ്വഹിച്ചിട്ടുള്ള നിസ്തുലസേവനങ്ങൾ നിരവധിയാണു്. തിരുമേനിയുടെ അഗാധമായ പാണ്ഡിത്യവും, ഹൃദയാവർജ്ജകമായ കർമ്മകുശലതയും, അസാധാരണമായ ബുദ്ധിപ്രകർഷവും രൂപതയെ ഉത്തരോത്തരം ശ്രേയസ്കരമായി നയിച്ചുകൊണ്ടിരിക്കുകയാണു്. രൂപതയ്ക്കു ഇന്നു 80 ഇടവകകളും 25 മിഷൻ കേന്ദ്രങ്ങളും 65 വൈദികരും, 8 സന്യാസികളും, 55 സന്യാസിനികളും, 36 വൈദികവിദ്യാർത്ഥികളും, 7 ഹൈസ്കൂളുകളും, 9 മിഡിൽസ്കൂളുകളും, 22 പ്രൈമറിസ്കൂളുകളും, 2 ആശ്രമങ്ങളും, 4 കന്യകാമഠങ്ങളും, 1 ട്രെയിനിങ്ങ്സ്കൂളും, ധ്യാനമന്ദിരങ്ങൾ, അനാഥശാലകൾ, അച്ചടിശാല മുതലായ വിവിധസ്ഥാപനങ്ങളുമുണ്ടു്. രൂപതയിലെ പുനരൈക്യപ്പെട്ട കത്തോലിക്കരുടെ സംഖ്യ ഇപ്പോൾ 16000 ത്തിലധികമുണ്ടു്. തിരുമേനിയുടെ പ്രശസ്തമായ നേതൃത്വത്തിൽ പുനരൈക്യപ്രസ്ഥാനം ത്വരിതപുരോഗതിയിൽ തുടരുകയാണെന്നുള്ളതു ഏററം ചാരിതാർത്ഥ്യജനകമത്രെ. എങ്കിലും ഏകദേശം 6500 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള അതിവിസ്തൃതമായ തിരുവല്ലാരൂപതയുടെ ഭരണഭാരം അവിടുത്തെ കഴിവുകളെ പരീക്ഷിക്കുന്ന ഒരു വസ്തുതയാണു്. പരിശുദ്ധസിംഹാസനം ഈ വസ്തുതയെ ശരിയായി ഗ്രഹിച്ചതിൻെറ ഫലമായിട്ടാണു് യുവചൈതന്യവാനെങ്കിലും 60 കഴിഞ്ഞിരിക്കുന്ന ഈ സേനാനിയോടു് സഹകരിക്കുന്നതിനു് ഒരു യുവസഹായിയെ പ്രദാനംചെയ്യുന്നതിനു് തീരുമാനിച്ചതു്.



ജൂബിലേറിയനായ
മാർ തിയോഫിലോസ് തിരുമേനി



ജൂബിലേറിയനായ
മാർ സെവേരിയോസ് തിരുമേനി

## സക്കറിയാസ് മാർ അത്തനാസിയോസ്

വിസ്തൃതമായ തിരുവല്ലാ രൂപതയുടെ ബഹുമുഖമായ പ്രവർത്തനങ്ങളിൽ മാർ സെവേരിയോസു് തിരുമേനിയെ സഹായിക്കുന്നതിനു്, തിരുമേനിയുടെ അഭിലാഷാപേക്ഷകളെ പരിഗണിച്ചു് തിരുസിംഹാസനം നിയമിച്ചിട്ടുള്ള അഭിനവമെത്രാൻ പോളച്ചിറയ്ക്കൽ സക്കറിയാസു് മാർ അത്തനാസിയോസു് തിരുമേനി തൽസ്ഥാനത്തിനു് സർവ്വഥാ യോഗ്യനായ ഒരു ദേഹമാണെന്നു് അദ്ദേഹത്തെ പരിചയമുള്ളവർക്കെല്ലാം അറിയാവുന്നതാണു്. അന്യത്ര ചേർത്തിട്ടുള്ള അദ്ദേഹത്തിൻെറ ചുരുങ്ങിയ ജീവചരിത്രം ഇതു വിശദമാക്കുന്നുണ്ടു്. അഭിഷിക്തനായ അഭിനവമെത്രാൻ തിരുമേനിയെ അത്യാനന്ദപൂർവ്വം ഞങ്ങൾ അനുമോദിക്കുകയും അവിടുത്തേക്കു് സർവ്വവിധ ഭാവിശ്രേയസ്സുകളും ഹൃദയപൂർവ്വം ആശംസിക്കുകയും ചെയ്തുകൊള്ളുന്നു. തിരുമേനി നീണാൾ വിജയിപ്പൂതാക!

## തിരുസഭയുടെ മനോഭാവം

മാർത്തോമ്മാശ്ലീഹായിൽ നിന്നു രക്ഷാകരമായ സുവിശേഷസന്ദേശം സ്വീകരിക്കുന്നതിനു മഹാഭാഗ്യമുണ്ടായ കേരളീയസുറിയാനിക്കാർ സാഹചര്യങ്ങളുടെ വൈകല്യങ്ങൾക്കു വിധേയരായി തമ്മിൽ പിരിയുന്നതിനും ഒരു ഭാഗം ശീശ്മയിൽ നിപതിക്കുന്നതിനും നിർഭാഗ്യവശാൽ ഇടയായി. പത്രോസാകുന്ന പാറമേൽ പടുത്തിരിക്കുന്ന തിരുസഭയെ സംബന്ധിച്ചുള്ള തെററിധാരണകൊണ്ടല്ല ഈ ദുരദൃഷ്ടം വന്നുഭവിച്ചതെന്നും പ്രത്യുത തിരുസഭാസേവനത്തിനു വന്ന വിദേശീയരായ മിഷനറിമാരിൽ കടന്നുകൂടിയ ചില തെററിധാരണകളുടേയും തന്മൂലം സംജാതമായ പരസ്പരവിരോധത്തിൻേറയും ഫലമായിട്ടാണു് ഒരു വലിയ വിഭാഗം അടിപതറി ശീശ്മയിൽ അധഃപതിക്കുന്നതിനിടയായതെന്നും ചരിത്രം നമ്മെ തുറന്നു കാണിക്കുന്ന വാസ്തവങ്ങളാണു്. വിശുദ്ധപത്രോസിൻെറ റോമാസിംഹാസനത്തിൽ നിന്നും അകന്ന വിഭാഗം അന്ത്യോക്യായെ അഭയം തേടുകയും യാക്കോബായ ശീശ്മയിൽ അകപ്പെടുകയും ചെയ്തു. അന്ത്യോക്യായിൽനിന്നും സ്വീകരിച്ച മലങ്കരറീത്തിൽ തിരുകർമ്മങ്ങൾ വ

ളരെക്കാലം അനുഷ്ഠിച്ചു പരിചയിച്ചതുകൊണ്ടു് പുരാതന കൽദായസുറിയാനിറീത്തിലേക്കു മടങ്ങുക എന്നതു അവർക്കു പുനരൈക്യത്തിനുള്ള ഒരു പ്രതിബന്ധമായി വന്നുകൂടി. എന്നാൽ പുരാതനമായ വിശുദ്ധ റീത്തുകളെയെല്ലാം ബഹുമാനപുരസ്സരം ആദരിക്കുന്ന തിരുസഭയ്ക്കു് അക്കാര്യത്തിൽ ആവശ്യമായ വിട്ടുവീഴ്ചകൾ ചെയ്തുകൊടുക്കുന്നതിനു യാതൊരു തടസ്സവുമുണ്ടായിരുന്നില്ല. മിഷ്യനറി വൈദികാദ്ധ്യക്ഷന്മാരിൽ ചിലരുടെ തെററിധാരണകൾകൊണ്ടും, മനഃപൂർവ്വമല്ലെങ്കിലും തന്മൂലമുണ്ടായ ചില കുത്തിത്തിരിപ്പുകൾകൊണ്ടും മുൻകാലങ്ങളിൽ വസ്തുതകളെ വേണ്ടവിധത്തിൽ പരിശുദ്ധസിംഹാസനത്തെ ധരിപ്പിക്കുക ശ്രമകരമായിരുന്നു. എങ്കിലും പരിശുദ്ധസിംഹാസനം മാർത്തോമ്മാക്രിസ്ത്യാനികളുടെ കാര്യത്തിൽ എപ്പോഴും വളരെ അനുഭാവപൂർവ്വമാണു് പ്രവർത്തിച്ചിട്ടുള്ളതെന്നു ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്.

ഇവിടത്തെ ശീശ്മയെപ്പററിയും അതിൻെറ നിവാരണത്തിനുള്ള മാർഗ്ഗങ്ങളെപ്പററിയും പുണ്യശ്ലോകനും നമ്മുടെ സമുദായത്തിൻെറ അഭിമാനസ്തംഭവുമായ ദിവ്യശ്രീ കരിയാററിൽ മല്പാൻവഴീ പരിശുദ്ധസിംഹാസനം ഗ്രഹിച്ചപ്പോൾ എത്ര ഉദാരമായ നടപടികളാണു് സ്വീകരിക്കപ്പെട്ടതെന്നു ചരിത്രം വിശദമാക്കുന്നുണ്ടല്ലോ. അദ്ദേഹത്തെത്തന്നെ മെത്രാപ്പോലീത്തായായി വാഴിക്കുകയും ആർക്കുവേണ്ടി അദ്ദേഹം ക്ലേശകരമായ ദൗത്യം വഹിച്ചുവോ ആ മാർത്തോമ്മാ മെത്രാപ്പോലീത്തായെ അനുഭാവപൂർവ്വം പുനരൈക്യപ്പെടുത്തി ശീശ്മയുടെ വിഭാഗത്തെ സഭയുടെ മടിയിലേക്കു സ്വീകരിക്കുന്നതിനു വേണ്ട എല്ലാ അധികാരങ്ങളും അദ്ദേഹത്തിനു നൽകുകയും ചെയ്തുകൊണ്ടാണല്ലോ അദ്ദേഹത്തെ പരിശുദ്ധപിതാവു മടക്കി അയച്ചതു്. പക്ഷെ നിർഭാഗ്യവശാൽ അന്നതു സാധിച്ചില്ല. ഇന്നാകട്ടെ അതിലുപരി അനുഭാവപൂർവ്വകമായ നടപടികളാണു് പരിശുദ്ധസിംഹാസനം സ്വീകരിച്ചിരിക്കുന്നതു്. ജനതയുടെ വികാരങ്ങളെ ആദരിക്കുന്നതിനും അവരുടെ മാനസികമായ വിഷമതകളെ ദൂരീകരിക്കുന്നതിനും വേണ്ടി ഒരു പ്രത്യേകറീത്തും ആ റീത്തിൽ ഒരു പുതിയ ഹയരാർക്കിയും കല്പിച്ചു നൽകിയിരിക്കുന്നു. ഒരു യാക്കോബായ സഭാംഗത്തിനു ഇന്നു ക്രിസ്തുവിൻെറ സത്യസഭയിലേക്കു പുനരൈക്യപ്പെടുന്നതിനു അയാൾ പരിചയിച്ചിട്ടുള്ള ആരാധനക്രമങ്ങളെ ഉപേക്ഷിക്കേണ്ടതില്ല. റീത്തിലോ ഭരണക്രമത്തിലോ വ്യത്യാസം വരുത്തേണ്ടതില്ല. വിശ്വാസസംബന്ധമായി കാലാന്തരത്തിൽ കടന്നുകൂടിയിട്ടുള്ള ഏതെങ്കിലും അബദ്ധങ്ങളുണ്ടെങ്കിൽ അവയെ ഉപേക്ഷിച്ചു പരിശുദ്ധ റോമാസിംഹാസനവുമായി രമ്യപ്പെട്ടു അപ്പസ്തോലസംഘത്തിൻെറ തലവനായ വിശുദ്ധ പത്രോസുവഴി മിശിഹായുടെ സഭയിൽ സജീവാംഗമായി തീരണം. ഇത്രമാത്രമേയുള്ളു. ഈ സുഗമമായ രക്ഷാമാർഗ്ഗമാണു് മലങ്കര റീത്തു പ്രസ്ഥാനംകൊണ്ടു വെട്ടിത്തുറന്നിട്ടുള്ളതു്. ചിരപ്രാർത്ഥിതമായ ഈ അനുഗ്രഹത്തിൻെറ സാഫല്യത്തിനു വേണ്ടിയാണു് നാം ഇനിയും പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യേണ്ടതു്. അതു പരിപൂർണ്ണമായി സാധിക്കുന്നതുവരെ വിഭക്തമായ നമ്മുടെ സമുദായഗാത്രം സജീവമായ ഐക്യത്തിൽ യോജിക്കുകയില്ല. അതുകൊണ്ടു പുനരൈക്യപ്രസ്ഥാനത്തിൻെറ മാലുമിയായി വിരാജിക്കുന്ന പുണ്യശ്ലോകനായ മാർ തിയോഫിലോസ് തിരുമേനിയുടെ മെത്രാൻപട്ടാഭിഷേകത്തിൻേറയും, റീത്തിനും ജനതയുടെ അഭിമാനസംരക്ഷണത്തിനും വേണ്ട വീറോടെ പൊരുതിയ ധീരയോദ്ധാവായ മാർ സെവേരിയോസ് തിരുമേനിയുടെ വൈദികപട്ടത്തിൻേറയും രജതജൂബിലിമഹാമഹങ്ങൾ കൊണ്ടാടുന്ന ഈ ശുഭാവസരത്തിൽ, പൗരോഹിത്യത്തിൻെറ ഉന്നതനിലയായ മെത്രാൻസ്ഥാനത്തിലേക്കു സക്കറിയാസ് മാർ അത്തനാസിയോസ് അഭിഷേചിച്ചുയർത്തപ്പെടുന്ന ഈ സുവർണ്ണാവസരത്തിൽ യാക്കോബായസഹോദരന്മാർ പരിശുദ്ധസിംഹാസനം അവരുടെ നേരെ കാണിക്കുന്ന ഉദാരമായ അനുകൂലമനോഭാവവും മാതൃതുല്യമായ സ്നേഹവായ്പും മനസ്സിലാക്കുന്നതിനും അവരുടെ തെററിധാരണകൾ നീങ്ങി മാതൃവക്ഷസ്സിലേക്കു സ്നേഹപൂർവ്വം ഓടിയണയുന്നതിനും ഇടയാകുവാൻ പരമകാരുണികനായ ദൈവം അനുഗ്രഹിക്കട്ടെ.

# പ്രസാധകക്കുറിപ്പുകൾ

## പിന്നോക്കസമുദായക്കമ്മീഷൻെറ തിരുക്കൊച്ചി പര്യടനം

ഇൻഡ്യൻ ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ചു് ഇൻഡ്യൻ പ്രസിഡൻറു് ഏർപ്പെടുത്തിയ പിന്നോക്കസമുദായക്കമ്മീഷൻ കഴിഞ്ഞ ഒൻപതുമാസക്കാലമായി ഇൻഡ്യയിലെ 16 സംസ്ഥാനങ്ങളിൽ പര്യടനം നടത്തിയതിനുശേഷം ഈ ഏപ്രിൽ രണ്ടാം വാരത്തിൽ തിരുക്കൊച്ചിയിൽ നാലുദിവസം പര്യടനം നടത്തി. 1i പിന്നോക്കസമുദായസ്ഥാപനങ്ങളും 10 കോളനികളും സന്ദർശിച്ചു. തിരുക്കൊച്ചിയിലെ അവശക്രൈസ്തവരുടെ കാര്യം മെമ്മോറാണ്ഡങ്ങളും അഭിമുഖസംഭാഷണങ്ങളും മററും വഴിയായി കമ്മീഷൻെറ ദൃഷ്ടിയിൽ പ്രത്യേകം പെടുത്തുകയുണ്ടായി. ഈ അവശക്രൈസ്തവർ പട്ടികജാതിയിലുൾപ്പെടുന്ന ഹിന്ദുവർഗ്ഗങ്ങളിൽ നിന്നു് ക്രിസ്തുമതം സ്വീകരിച്ചവരാണു്; പട്ടികജാതി ഹിന്ദുക്കളും ഈ ക്രൈസ്തവരും തമ്മിൽ അവശതകളുടെ കാര്യത്തിൽ യാതൊരു വ്യത്യാസവും ഇല്ല. എന്നവരികിലും പട്ടികജാതി ഹിന്ദുക്കൾക്കു നൽകിയ ആനുകൂല്യങ്ങളും സൗജന്യങ്ങളും ഈ അവശക്രൈസ്തവർക്കു് ഭരണഘടന നൽകിയിട്ടില്ല. നേരേമറിച്ചു് സിക്കുമതം സ്വീകരിച്ചിട്ടുള്ള പട്ടികജാതിക്കാർക്കു് പട്ടികജാതി ഹിന്ദുങ്ങൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും സൗജന്യങ്ങളും ഭരണഘടന നൽകിയിട്ടുണ്ടു്. നിയമസഭ, മുനിസിപ്പാലിററി മുതലായ സ്വയംഭരണസമിതികളിൽ സീററു സംവരണം എന്നതൊഴിച്ചു പട്ടികജാതി ഹിന്ദുക്കൾക്കു ഭരണഘടന നൽകുന്ന എല്ലാത്തരം ആനുകൂല്യങ്ങളും സൗജന്യങ്ങളും അവശക്രൈസ്തവർക്കും ലഭിക്കുന്നതാണെന്നു് പ്രസിഡൻറു് ശ്രീ രാജേന്ദ്രപ്രസാദും പ്രധാനമന്ത്രി ശ്രീ നെഹ്റുവും പ്രസ്താവിച്ചിട്ടുള്ളതാണു്. പക്ഷേ അനുഭവത്തിൽ ഇതൊന്നും ഇന്നുവരെ അവശക്രൈസ്തവർക്കു് ലഭിക്കുന്നില്ല. അതിനുത്തരവാദികൾ ഓരോ സ്റ്റേററിലേയും ഭരണാധികാരികളാണു്. ഈ അനീതികളെപ്പററിയാണു് കമ്മീഷൻെറ മുൻപാകെ തിരുക്കൊച്ചി അവശക്രൈസ്തവരുടെ നാമത്തിൽ നിവേദനങ്ങൾ സമർപ്പിച്ചതു്.

* * *

## നിവേദനങ്ങൾ സമർപ്പിച്ച അവശക്രൈസ്തവരുടെ വിവിധ ഗ്രൂപ്പുകൾ

കമ്മീഷൻ എറണാകുളത്തു എത്തിയപ്പോൾ മെ. ജോസഫ് വിതയത്തിൽ, വള്ളമററം എന്നിവർ കമ്മീഷനെ സന്ദർശിച്ചു്, പിന്നോക്കക്രൈസ്തവർക്കു് മതപരിവർത്തനംകൊണ്ടു് സാമ്പത്തികമായി യാതൊരു പ്രയോജനവും ഉണ്ടാകാനില്ലെന്നു് അറിയിച്ചു. വരാപ്പുഴ അതിരൂപതയിലെ പിന്നോക്കക്രൈസ്തവകമ്മററി കമ്മീഷനു് ഒരു മെമ്മോറാണ്ഡം സമർപ്പിച്ചു. അതിരൂപതാതിർത്തിയിൽ ആ വിഭാഗത്തിൽപ്പെടുന്നവരായി 3500 പേർ ഉണ്ടു്. മതമാററംമൂലം സാമ്പത്തികരംഗങ്ങളിൽ മാററമൊന്നും ഉണ്ടാകാത്തതിനാൽ ഹിന്ദു പിന്നോക്കവിഭാഗക്കാർക്കു നൽകപ്പെടുന്ന സഹായങ്ങൾ അവർക്കും നൽകണമെന്നു് ആവശ്യപ്പെട്ടു.

കമ്മീഷൻ കോട്ടയത്തു ചെന്നപ്പോൾ വിജയപുരത്തുനിന്നു ശ്രീ മർക്കോസ് എം. എൽ. എ. യുടെ നേതൃത്വത്തിൽ ഒരു ഡെപ്യൂട്ടേഷൻ നിവേദനം നടത്തി. കാളേജുകളിൽ ഹിന്ദു അവശർക്കു് ഓരോരുത്തർക്കും പല ഇനങ്ങളിലായി 700—800 രൂപായോളം ലഭിക്കുമ്പോൾ ഒരു അവശക്രൈസ്തവനു് ലഭിക്കുന്നതു് 150രൂപാ മാത്രം. ഹൈസ്കൂളുകളിൽ ഹിന്ദു അവശർക്കു് 40 രൂപാ വീതം ലഭിക്കുമ്പോൾ അവശക്രൈസ്തവനു് 25 രൂപാമാത്രം. മിഡിൽ സ്കൂളിൽ അവശക്രൈസ്തവർക്കു് ഒരു സൗജന്യവും ഇല്ല. ഹിന്ദുഅവശർ ഒരുകൊല്ലം തോല്ക്കുവാനിടയായാൽ രണ്ടാംകൊല്ലം സൗജന്യം ലഭിക്കും. അവശക്രൈസ്തവർക്കാകട്ടെ ഒരിക്കൽ തോററാൽ സൗജന്യം നഷ്ടപ്പെടുന്നു. സാങ്കേതികസ്കൂളുകളിൽ ഹിന്ദുഅവശർക്കു് സംവരണമുള്ളപ്പോൾ അവശക്രൈസ്തവർക്കതില്ല. അവശക്രൈസ്തവർ ഭൂമിരഹിതരായാലും ഗവണ്മെൻറു് കോളനികളിൽ അവർക്കു് പ്രവേശനം നൽകുന്നില്ല. ഈ വിവരങ്ങൾ എല്ലാം ഡെപ്യൂട്ടേഷൻ സമർപ്പിച്ച മെമ്മോറാണ്ഡത്തിൽ കൊള്ളിച്ചിരുന്നു.

അഖില തിരുവിതാംകൂർ ലത്തീൻ ക്രിസ്ത്യൻ മഹാസഭ പ്രസിഡൻറു് ശ്രീ ജെയിക്കബ് അററ്ക്കൽ കമ്മീഷൻ മുൻപാകെ ആലപ്പുഴവച്ചു ഒരു മെമ്മോറാണ്ഡം സമർപ്പിച്ചു. 6ലക്ഷത്തിൽപ്പരം വരുന്ന ലത്തീൻ കത്തോലിക്കരിൽ ഭൂരിപക്ഷം സാമ്പത്തികമായും വിദ്യാഭ്യാസപരമായും അവശത അനുഭവിക്കുന്നവരാണു്. ഗവണ്മെൻറു് സർവ്വീസുസംബന്ധിച്ച കാര്യത്തിലെങ്കിലും അവശസമുദായമെന്നു് തിരുക്കൊച്ചിഗവണ്മെൻറു് ഇപ്പോൾ സമ്മതിച്ചുവരുന്ന ലത്തീൻ ക്രിസ്ത്യൻ സമൂഹത്തിനു് മറേറതു ഹിന്ദു അവശസമുദായത്തിനും ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കേണ്ടതാണു്, എന്നെല്ലാം മെമ്മോറാണ്ഡത്തിൽ പറഞ്ഞിരുന്നു. കൊല്ലത്തുവച്ചു് ലത്തീൻ ക്രിസ്ത്യാനികൾക്കുവേണ്ടി മെ. എ. വി. ഫെർണാണ്ടസ്സും സി. എ. ഗൊൺസ്സഗയും കമ്മീഷനെ സന്ദർശിച്ചു നിവേദനം നടത്തി.

10 പേരടങ്ങിയ കൊല്ലംരൂപതാക്കമ്മററിയും മെമ്മോറാണ്ഡം സമർപ്പിച്ചു. ഹരിജനങ്ങളിൽനിന്നും മതപരിവർത്തനം നടത്തിട്ടുള്ള പതിനായിരത്തോളം കത്തോലിക്കർ കൊല്ലം രൂപതാതിർത്തിയിലുണ്ടു്. അവർക്കു് ഭരണഘടനപ്രകാരമുള്ള എല്ലാ സൗജന്യങ്ങളും അനുവദിച്ചുകൊടുക്കണമെന്നായിരുന്നു മെമ്മോറാണ്ഡത്തിലെ പ്രധമാഭ്യർത്ഥന.

സാംബവക്രൈസ്തവ പ്രതിനിധികളും കൊല്ലത്തുവച്ചു് കമ്മീഷനെ സന്ദർശിച്ചു. അവശക്രൈസ്തവർ മതത്തിൻെറപേരിൽ അനുഭവിക്കുന്ന അവശതകളെ ശ്രീ കെ. എം. കോര കമ്മീഷനെ വിവരിച്ചുകേൾപ്പിച്ചു. അവശക്രൈസ്തവർക്കും പട്ടികജാതികളോടൊപ്പം സീററു സംവരണം ചെയ്തുകൊടുക്കണമെന്നുകൂടി അദ്ദേഹം വാദിച്ചു.

## തിരുനാൾമംഗളം



തൃശ്ശൂർമെത്രാൻ മാർ ജോർജ്ജ് ആലപ്പാട്ടു് തിരുമേനി
(തിരുനാൾ—ഏപ്രിൽ 23)

* * *

## അവശക്രൈസ്തവനിവേദനങ്ങൾക്കു് കമ്മീഷൻെറ മറുപടി

കമ്മീഷൻ മടങ്ങിപ്പോകുന്നതിനുമുൻപു് പത്രപ്രതിനിധികളുമായി നടത്തിയ സംഭാഷണത്തിൽ ചില അഭിപ്രായങ്ങൾ പ്രകാശിപ്പിക്കപ്പെട്ടു. ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ട പിന്നോക്കസമുദായക്കാരുടെ കാര്യം വളരെ വിഷമംപിടിച്ചതാണു്. തിരുക്കൊച്ചിയിലും മദ്രാസിൻെറ ചില ഭാഗങ്ങളിലും മാത്രമേ ഇത്ര ഗുരുതരമായിക്കാണുന്നുള്ളു. ഇൻഡ്യയിൽ ക്രിസ്ത്യാനികൾക്കു് വെള്ളക്കാരുടെ ഭരണകാലത്തു് വേണ്ടത്ര സൗജന്യങ്ങൾ നൽകിയിരുന്നുവെന്നു് പൊതുവായ ധാരണയുണ്ടു്. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം അവരുടെ സൗജന്യങ്ങൾ എല്ലാം നഷ്ടപ്പെട്ടുപോയേക്കുമോ എന്നൊരു ഭീതിയും കാണുന്നുണ്ടു്. ഈ രണ്ടു ചിന്തകളും വെടിഞ്ഞു് ശരിയായ മാർഗ്ഗം സ്വീകരിക്കുന്ന പക്ഷം ഇന്നത്തെ വിഷമതകൾ ഇല്ലാതാകുന്നതാണു്. തലമുറകൾക്കു മുൻപു് പിന്നോക്കസമുദായങ്ങളിൽനിന്നു് മതപരിവർത്തനം ചെയ്തവർ ഏതു സമുദായത്തിൽനിന്നു വന്നവരാണെന്നു് കണ്ടുപിടിക്കുവാൻ വിഷമമുണ്ടു്. ഇന്നത്തെ നയത്തിനു് മാററംവരുത്തണമെങ്കിൽ അതു ചെയ്യേണ്ടതു് സംസ്ഥാനഗവണ്മെൻറാണു്. പത്രപ്രതിനിധികളുമായി നടത്തിയ സംഭാഷണത്തിൽ പ്രകടിപ്പിച്ച ഈ അഭിപ്രായങ്ങൾക്കും പുറമെ കൊല്ലത്തുവച്ചു് മെമ്മോറാണ്ഡം നൽകിയവരോടു് കമ്മീഷൻ വേറൊന്നുകൂടി പറയുകയുണ്ടായി. തീണ്ടൽ തൊടീൽകാരായ ഹരിജനങ്ങൾക്കാണു് ഭരണഘടനപ്രകാരം സൗജന്യങ്ങൾ അനുവദിച്ചിട്ടുള്ളതെന്നും, അവർ ക്രിസ്തുമതം സ്വീകരിച്ചാൽ തീണ്ടൽതൊടീൽ മാറുന്നു എന്നും, അതു് അഖിലേന്ത്യാപ്രശ്നമായിത്തീർന്നിരിക്കുകയാണെന്നും മററുമായിരുന്നു ആ അഭിപ്രായം.

## കമ്മീഷൻെറ മറുപടി നീതിക്കു ചേർന്നതല്ല

അവശക്രിസ്ത്യാനികളുടെ പ്രശ്നം വിഷമംപിടിച്ചതാണെന്നും, ഇന്നത്തെ നയത്തിനു് മാററം വരുത്തേണ്ടതു് സംസ്ഥാനഗവർമ്മെൻറാണെന്നും പറഞ്ഞു് കമ്മീഷൻ ഒഴിഞ്ഞുമാറുന്നതു് നീതിക്കു ചേർന്നതല്ല. പ്രശ്നം വിഷമംപിടിച്ചതാണെങ്കിലും അതിനു് പരിഹാരം കണ്ടുപിടിക്കാനാണു് കമ്മീഷനെ ഇൻഡ്യൻ പ്രസിഡൻറു് നിയോഗിച്ചിരിക്കുന്നതു്. അവർ നീതിക്കും യാഥാർത്ഥ്യങ്ങൾക്കും യോജിച്ച റിപ്പോർട്ടു് കേന്ദ്രത്തിനു സമർപ്പിക്കുകയും അതിൻെറ ഫലമായി സംസ്ഥാനഗവർമ്മെൻറു് അവരുടെ നയത്തിനു് ആവശ്യകമായ മാററം വരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. പട്ടികജാതിയിൽപ്പെട്ട വിവിധവിഭാഗങ്ങളുടെ നാമം ധരിക്കുന്ന അവശക്രൈസ്തവർ ഏതു പിന്നോക്കസമുദായത്തിൽനിന്നു് മതപരിവർത്തനം ചെയ്യപ്പെട്ടവരാണെന്നു് കണ്ടുപിടിക്കുവാൻ ഒരു പ്രയാസവുമില്ല. യാതൊരു പ്രയാസവുംകൂടാതെ മുൻസമുദായമേതെന്നു് കണ്ടുപിടിക്കുവാൻ ആർക്കും കഴിയത്തക്കവണ്ണം ഇന്നും ഇന്നലെയും മതപരിവർത്തനം ചെയ്ത അവശക്രൈസ്തവർക്കും ആനുകൂല്യങ്ങൾ മെമ്മോറാണ്ഡങ്ങളിൽ പറഞ്ഞിരിക്കുന്നവിധം നിഷേധിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഭരണഘടനയിലെ 17-ാം ആർട്ടിക്കിൾ തീണ്ടൽതൊടീലിനെ കുററകരമാക്കിയിട്ടുണ്ടു്. തിരുക്കൊച്ചിയിൽ വിശേഷിച്ചും ക്ഷേത്രപ്രവേശനവിളംബരത്താൽ ഹിന്ദുഹരിജനങ്ങൾക്കതു ഇല്ലാതായിട്ടുണ്ടു്. തന്നിമിത്തം തീണ്ടൽതൊടീൽ മാനദണ്ഡമായി നോക്കിയാൽത്തന്നെയും, ഇക്കാലത്തു് ഹിന്ദുമതത്തിൽ നില്ക്കുന്ന ഹരിജനങ്ങളും ക്രിസ്തുമതത്തിൽ നില്ക്കുന്ന ഹരിജനങ്ങളും തമ്മിലൊരു വ്യത്യാസവുമില്ല. ആകയാൽ തീണ്ടൽതൊടീലുകാരായ ഹരിജനങ്ങൾക്കാണു് സൗജന്യങ്ങൾ ഭരണഘടന അനുവദിച്ചിട്ടുള്ളതെന്ന കമ്മീഷൻെറ അഭിപ്രായം സ്വീകാര്യമല്ല. വെള്ളക്കാരുടെ ഭരണത്തിലായാലും ഇൻഡ്യാക്കാരുടെ ഭരണത്തിലായാലും നീതി ലഭിക്കണമെന്നേ അവശക്രൈസ്തവർ ആവശ്യപ്പെടുന്നുള്ളു. മതത്തെ അടിസ്ഥാനപ്പെടുത്തി ഹിന്ദു അവശരേയും ക്രൈസ്തവ അവശരേയും ആനുകൂല്യത്തിൻെറ കാര്യത്തിൽ വേർതിരിക്കുന്ന സംസ്ഥാനഗവർമെൻറിൻെറ ഇപ്പോഴത്തെ നയത്തിൽ ഭീതിയും അതൃപ്തിയുമുണ്ടാകാതെ കഴിയുമോ?

* * *

## മാർപ്പാപ്പാ അപലപിക്കുന്ന പുതിയ നശീകരണായുധങ്ങളെ

പരിശുദ്ധ പിതാവു് പന്ത്രണ്ടാംപീയൂസു് തിരുമേനി ഈസ്റ്റർ പ്രമാണിച്ചു് ലോകത്തോടായി ചെയ്ത പ്രക്ഷേപണിപ്രസംഗത്തിൽ "ഭീകരാക്രമണത്തിനായുള്ള പുതിയ നശീകരണായുധങ്ങൾക്കു്" എതിരായി മുന്നറിയിപ്പുനൽകുകയും, അണുകവും ജീവശാസ്ത്രപരവും രാസതന്ത്രപരവുമായ യുദ്ധസമ്പ്രദായത്തെ നിരോധിക്കണമെന്നു് ഉദ്ബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു. പരസ്പരം ഭീതിജനിപ്പിക്കുന്നതും നിരാശനിറഞ്ഞതും ധനവ്യയം ഏറിയതുമായ ബന്ധത്തിൽ സമാധാനം നിലകൊള്ളാൻ സാദ്ധ്യമല്ല; സാർവ്വത്രികമായ സ്നേഹബന്ധത്തെ അനുശാസിക്കുന്ന ക്രിസ്തീയതത്വത്തിലും, യാതൊരു നിർബന്ധവും കൂടാതെ സ്വമേധയാ പ്രയോഗിക്കുന്ന നീതിയിലുമാണു് സമാധാനം അടങ്ങിയിരിക്കുന്നതു്.

ഈ വസ്തുത രാഷ്ട്രങ്ങളെ നയിക്കുന്നവർ എന്നു മനസ്സിലാക്കുമെന്നു തിരുമേനി ചോദിക്കുന്നു. പദാത്ഥത്തിൻെറ ആഴത്തിൽ കുടികൊള്ളുന്ന ശക്തികളുടെ വിസ്മയാവഹങ്ങളായ കണ്ടുപിടുത്തങ്ങൾ സമാധാനസംരക്ഷണത്തിനു വേണ്ടി മാത്രം പ്രയോജനപ്പെടുത്തേണ്ടതാണു്; ജീവിതവിഭവങ്ങളുടെ ദുർഭിക്ഷതയെ ലഘൂകരിക്കുന്നതിനും, പ്രകൃതിവിഭവങ്ങളുടേയും അവകൊണ്ടു് നടത്തുന്ന ജോലികളുടേയും വിതരണത്തിൽ ഭൂവിഭാഗങ്ങളിലുള്ള അസമതകൾ തിരുത്തുന്നതിനും പശ്ചാത്ത്യമായവിധം മനുഷ്യപ്രവൎത്തനങ്ങൾക്കു് കുറഞ്ഞ ചിലവിൽ ശക്തി നൽകാനും ആ കണ്ടുപിടുത്തങ്ങൾ പ്രയോജനപ്പെടണം; വൈദ്യശാസ്ത്രത്തിനും കൃഷിക്കും പുതിയ പ്രവൎത്തനശക്തികൾ നൽകുകയും, അങ്ങനെ സകല ജനങ്ങൾക്കും സമ്പൽസമൃദ്ധിയുടേയും ഐശ്വര്യത്തിൻെറയും പുതിയ മാൎഗ്ഗങ്ങൾ തുറന്നുകൊടുക്കുകയും ചെയ്യുന്നതിനും ആ കണ്ടുപിടുത്തങ്ങൾ പ്രയോജനപ്പെടണം. ഇക്കാൎയ്യങ്ങളിലേക്കു് ലോകത്തിലെ വിജ്ഞാനികളുടെ ശ്രദ്ധ എന്നു പതിയുമെന്നു് തിരുമേനി ചോദിക്കുന്നു.

എട്ടുമിനിട്ടുനേരത്തേക്കു് ദീർഘിച്ച പ്രസംഗം അവസാനിച്ച ശേഷം കാഹളസ്വരങ്ങളുടെ മുന്നറിയിപ്പോടുകൂടി പരിശുദ്ധ പിതാവു് സെൻറു് പീറേറഴ്സ് ബസ്സിക്കായുടെ മുഖവശത്തുള്ള ഉന്നതമായ മട്ടുപ്പാവിൽ പ്രത്യക്ഷപ്പെട്ടു്, താഴെ തടിച്ചുകൂടി ഹർഷാരവങ്ങൾ മുഴക്കിയിരുന്ന രണ്ടരലക്ഷം ജനങ്ങൾക്കു ദശ്നം നൽകി. "റോമ്മാനഗരത്തിനും ലോകംമുഴുവനും"ആയി മാപ്പാപ്പാമാർ ഔദ്യോഗികരീതിയിൽ നൽകാറുള്ള ആശീൎവ്വാദം തിരുമേനി കരങ്ങളുയൎത്തി കുരിശാകൃതിയിൽ നൽകുകയും വമ്പിച്ച പുരുഷാരം മുട്ടുകുത്തി അതു സ്വീകരിക്കുകയുംചെയ്തു.

മനുഷ്യരാശിയെ മുഴുവനും അവരുടെ സംസ്കാരസമ്പത്തു മുഴുവനും ഞൊടിയിടകൊണ്ടു് നശിപ്പിക്കാൻ പൎയ്യാപ്തമായേക്കുമെന്നു പരക്കെ ഭീതിയുള്ള നശീകരണായുധങ്ങൾ നിരോധിക്കുവാൻ പരിശുദ്ധ പിതാവിൻെറ ഹൃദയാവൎജ്ജകമായ ഈ ആഹ്വാനം രാഷ്ട്രമഹാശക്തികളെ പ്രേരിപ്പിക്കുന്നതിനു് ഇടവരട്ടേയെന്നു് നമുക്കു പ്രാൎത്ഥിക്കാം.

* * *

## കമ്മ്യൂണിസ്റ്റാക്രമണം

### വിരുദ്ധമുന്നണിക്കെതിരായി

ഏപ്രിൽ 11-ാംനു തൃശ്ശൂർ വിദ്യാൎത്ഥികോർണറിൽ സമ്മേളിച്ച കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി യോഗത്തിൻെറ നേക്കു് കമ്മ്യൂണിസ്റ്റ്കാർ നടത്തിയ കയ്യേററത്തെ സൎവ്വശക്തികളോടുംകൂടി പ്രതിഷേധിക്കാതിരിക്കാൻ സമാധാനജീവിതവും നീതിന്യായപരിപാലനവും ആഗ്രഹിക്കുന്ന ആക്കും സാദ്ധ്യമല്ല. പ്രസ്തുത അനിഷ്ടസംഭവത്തെപ്പററി ആ യോഗപ്രവൎത്തകന്മാരിലൊരാളായ ശ്രീ സെയ്തു മുഹമ്മദു് പുറപ്പെടുവിച്ച പ്രസ്താവനയുടെ ചുരുക്കം താഴെ ചേക്കുന്നു.

ഏപ്രിൽ 11-ാംനു ഞായറാഴ്ച പകൽ അഞ്ചുമണിക്കു് വിദ്യാൎത്ഥികോർണറിൽവച്ചു കമ്മ്യൂണിസ്റ്റ്‌വിരുദ്ധമുന്നണിയുടെ യോഗം നടത്തുന്ന വിവരം യോഗഭാരവാഹികൾ നോട്ടീസു മുഖേനയും പത്രം മുഖേനയും പ്രസിദ്ധപ്പെടുത്തിയിരുന്നു. ശനിയാഴ്ച രാത്രി കോർണറിൽ പീതപതാക നാട്ടുകയും ചെയ്തു. ഗ്രൗണ്ടിൻെറ കിഴക്കേഭാഗത്തുള്ള ലേബർ കോർണറിൽ കാണപ്പെട്ടിരുന്ന ചെങ്കൊടി ഞായറാഴ്ച പകൽ പത്തരമണിയായപ്പോൾ കമ്മ്യൂണിസ്റ്റ്കാർ ക. വി. മുന്നണിയുടെ മഞ്ഞപതാകയ്ക്കു സമീപം നാട്ടുകയുണ്ടായി. അഞ്ചരമണിക്കു് യോഗം ആരംഭിച്ചു. കുറെക്കഴിഞ്ഞപ്പോൾ സഖാവു് കെ. കെ. വാര്യരുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ്കാർ പ്രസംഗപീഠത്തിലേക്കു തള്ളിക്കയറുകയും കൂക്കുവിളിക്കുകയും പിന്നിൽനിന്നു കല്ലെറിയുകയും ചെയ്തു. തുടർന്നു് അവർ മൈക്കു ഫിററുചെയ്തു പ്രസംഗം തുടങ്ങി. വിരുദ്ധമുന്നണി പ്രവൎത്തകർ വിവരം പോലീസിൽ അറിയിച്ചുകൊണ്ടു് ശാന്തമായി കാത്തുനിന്നു. അനന്തരം മുൻനിശ്ചയപ്രകാരം തങ്ങൾക്കു് സമ്മേളനം കൂടുവാൻ വിദ്യാർത്ഥി കോർണർ ഒഴിഞ്ഞുതരണമെന്നാവശ്യപ്പെട്ടുകൊണ്ടു് അവർ മി. വാര്യർക്കു് ഒരു കുറിപ്പുനൽകി. വീണ്ടും വീണ്ടും ആവശ്യപ്പെട്ടതിൻെറ ഫലമായി വളരെ നേരം കഴിഞ്ഞു് കമ്മ്യൂണിസ്റ്റ്കാർ അവരുടെ യോഗം പിരിച്ചുവിട്ടു. തുടന്നു് ശ്രീ സെയ്തുമുഹമ്മദിൻെറ അദ്ധ്യക്ഷതയിൽ വിരുദ്ധമുന്നണി യോഗം വീണ്ടും ആരംഭിച്ചു. കമ്മ്യൂണിസ്റ്റ്കാർ പിരിഞ്ഞുപോകാതെ സംഘംസംഘമായി നിന്നു് ആർപ്പുവിളിയും കയ്യടിയും ബഹളം കൂട്ടലും തുടങ്ങി. തുരുതുരെ കല്ലേറും ആരംഭിച്ചു. പ്രസംഗിച്ചുകൊണ്ടിരുന്ന ബ്രദർ വടക്കൻെറ തല പൊട്ടി രക്തം ഒലിച്ചു. അടിയും ഇടിയും കല്ലുകൊണ്ടുള്ള കുത്തും പലക്കും ഏററു. ആൻേറാ എന്ന ഒരു പ്രവൎത്തകനെ ഉടനെ ആസ്പത്രിക്കയച്ചു. ബ്രദറേയും അധികം താമസിയാതെ ആസ്പത്രിയിലേക്കു കൊണ്ടുപോയി. ധാരാളം ചെറുപ്പക്കാക്കു് ചില്ലറ പരുക്കുകൾ ഏററിട്ടുണ്ടു്. ജനങ്ങളെ ശാന്തരാക്കിക്കൊണ്ടു് വിരുദ്ധമുന്നണിക്കാർ യോഗം പിന്നേയും തുടരുകയും രണ്ടു പ്രസംഗങ്ങൾക്കു ശേഷം യോഗം പിരിച്ചുവിടുകയുംചെയ്തു.

മി. സെയ്തുമുഹമ്മദിൻെറ പ്രസ്താവനയിൽ കാണുന്ന ഈ വിവരങ്ങൾ അവിശ്വസിക്കുവാൻ യാതൊരു കാരണവും ഇല്ല. ആ വിവരങ്ങളിൽനിന്നു സ്പഷ്ടമാകുന്നുണ്ടു്, കമ്മ്യൂണിസ്റ്റ്‌വിരുദ്ധമുന്നണിയോഗം കമ്മ്യൂണിസ്റ്റ്കാർ മനഃപൂൎവ്വം അലങ്കോലപ്പെടുത്തുകയും യോഗപ്രവൎത്തകരുടെ മേൽ അക്ഷന്തവ്യമായ കയ്യേററം നടത്തുകയും ചെയ്തെന്നു്. കമ്മ്യൂണിസം ആവശ്യംപോലെ അക്രമപ്രയോഗത്തെ ലക്ഷ്യപ്രാപ്തിക്കായി സ്വീകരിക്കുന്ന നയത്തിൽ വിശ്വസിക്കുന്നുണ്ടെന്നു് പ്രസിദ്ധമാണല്ലോ. ആ നയം എവിടെ തലപൊക്കുന്നുവോ അവിടെ അതില്ലാതാക്കാൻ കഴിവതെല്ലാം ചെയ്യേണ്ടതു് ഗവമ്മെൻറിൻെറ ചുമതലയാണു്. അല്ലാത്തപക്ഷം രാജ്യത്തു് അസമാധാനവും അസ്വസ്ഥതയും നടമാടാതിരിക്കുകയില്ല. ഈ കമ്മ്യൂണിസ്റ്റാക്രമണത്തെ ഞങ്ങൾ സൎവ്വശക്തിയോടുംകൂടി പ്രതിഷേധിക്കുന്നു. നീതിന്യായപരിപാലനത്തിൽ കൂടുതൽ ശ്രദ്ധപതിക്കണമെന്നു് ഗവമ്മെൻറിനെ ഞങ്ങൾ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

## അടുത്തയാഴ്ചയിൽ

മേയ്

- 2 ഞാ: ഉയിർപ്പു 2-ാംഞായർ
- 3 തി: വിശുദ്ധകുരിശു കണ്ടെത്തൽ
- 4 ചൊ: മോനിക്ക
- 5 ബു: പീയൂസ് അഞ്ചാമൻ
- 6 വ്യാ: യോഹന്നാൻശ്ലീഹാ ലത്തീൻ വാതുക്കൽ
- 7 വെ: സ്തനിസ്ലാവോസ്
- 8 ശ: മിഖായേൽ മാലാഖായുടെ പ്രത്യക്ഷം

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6— 8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

## അ. കേ. കത്തോലിക്കാ കോൺഗ്രസ്

### 36-ാമതു വാർഷിക സമ്മേളനം


മേയ് 27, 28, 29, 30 എന്നീ തീയതികളിൽ അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിൻെറ 36-ാം വാർഷികാഘോഷങ്ങൾ മുട്ടുചിറ "സെൻറു് തോമസ് നഗറി"ൽവച്ചു നടക്കുന്നതാണു്. ഇൻഡ്യയുടെ അത്യുന്നത കദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടു് സമ്മേളനം ഉൽഘാടനം ചെയ്യാമെന്നു സദയം സമ്മതിച്ചിരിക്കുന്നു.

ഇതോടുകൂടി മുട്ടുചിറ ഹോളി ഗോസ്റ്റ് മിഷൻ ആശുപത്രിയുടെ ഉൽഘാടനവും തിരുമേനിതന്നെ നിൎവ്വഹിക്കുന്നതാണു്.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എനിക്കു രോഗശാന്തി ലഭിച്ചതിനു കൃതജ്ഞത.

അന്നമ്മ ചിറക്കൽ

## For favours received





Mathai Malanch.

## കഥാപ്രസംഗം



എറണാകുളം, 21-4-1954. സ്ഥലത്തെ ചെറുപുഷ്പസംഘടനയുടെ ധനശേഖരത്തിനായി ശ്രീ കൈമാപറമ്പൻ സെൻറാൽബർട്ട്സ് കോളേജിൽവച്ചു് വിശുദ്ധ യോഹന്നാൻ സ്നാപകൻെറ ശിരച്ഛേദത്തെ അധികരിച്ചും വിശ്വാസസത്യങ്ങൾ സരസമായി വ്യാഖ്യാനിച്ചും ഹൃദ്യമായ ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.


# ഇടപ്പള്ളി ഫൊറോനാപ്പള്ളിയിൽ



## വി. ഗീവർഗീസിൻെറ തിരുനാൾ

ആരംഭം 1954 ഏപ്രിൽ 25

അവസാനം 1954 മേയ് 4 (മേടം 21 ചൊവ്വ)

എട്ടാമിടം

1954 മേയ് 11 (മേടം 28 ചൊവ്വ)

എന്നു് വികാരി

## Assisi Sisters of Mary Immaculate

ഈ സന്യാസിനീസമൂഹത്തിൽ ഈ വർഷവും VI Form ജയിച്ച പെൺകുട്ടികളെ സ്വീകരിക്കുന്നതാണു്. കൂടുതൽ വിവരങ്ങൾ ഇവിടത്തെ കന്യകാമഠങ്ങളും സ്ഥാപനങ്ങളും സന്ദശിച്ചോ, താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ എഴുതിച്ചോദിച്ചോ അറിയാവുന്നതാണു്.

Assisi Convent, Green Gardens, Shertallay


## വിനോദവീഥി



"പൈലിച്ചേട്ടാ, ദേ പെണ്ണുങ്ങളെന്തിനാണിങ്ങിനെ ഇടിയിടുന്നതു്. അങ്ങോട്ടൊന്നു ചെന്നേ!!"

"അതൊരു പച്ചമാങ്ങ വഴക്കാണെന്നോണി. മാങ്ങ തിന്നാലേ അതടങ്ങൂ."

* * *

പരിചിതൻ:- "ഭവതിയുടെ ആ ഭംഗിയുള്ള പേടകത്തിൽ ഇത്ര ഭദ്രമായി സൂക്ഷിക്കുന്ന സാധനം എന്താണെന്നു പറയുമോ?"

സ്ത്രീ:- "അതെൻെറ ഭത്താവിൻെറ തലമുടിയാണു്."

പരിചിതൻ:- "ഭവതിയുടെ ഭത്താവു് ഇപ്പോഴും ജീവിച്ചിരിക്കുകയാണല്ലോ!"

സ്ത്രീ:- "അതെ, പക്ഷെ അദ്ദേഹത്തിൻെറ ആ ഭംഗിയുള്ള തലമുടി മുഴുവൻ കൊഴിഞ്ഞുപോയി കഴിഞ്ഞു!"

* * *

കഥാകൃത്തു്:- "എൻെറ ചെറുകഥയുടെ ചുരുക്കം ഇതാണു്. സമയം ഒരു അദ്ധരാത്രി. രണ്ടു തസ്കരന്മാർ ഒരു വീടിൻെറ മതിലിൽ കയറി ജനൽ തകത്തു അകത്തു കടക്കുന്നു. പെട്ടെന്നു ക്ലോക്കു് ഒന്നടിച്ചു."

സ്ത്രീ:-(ജിജ്ഞാസയോടെ) "അടി പററിയോ?"

വിമർശനവീഥി

# ക്ഷേമരാഷ്ട്രം— സ്വഭാവവും ലക്ഷണങ്ങളും

ഇൻഡ്യാ യൂണിയനെ ഒരു ക്ഷേമരാഷ്ട്രം ആക്കണമെന്നാണല്ലോ പൊതുവായ ഉദ്ദേശം. ഈ സാഹചര്യത്തിൽ ക്ഷേമരാഷ്ട്രത്തിൻെറ ശരിയായ സ്വഭാവവും ലക്ഷണങ്ങളും മനസ്സിലാക്കിയിരിക്കേണ്ടതു് ആവശ്യകമാകുന്നു. ആകയാൽ അക്കാര്യം പ്രതിപാദിക്കുന്ന ഒരു ലേഖനം പൂനായിലെ "സോഷ്യൽ ആക്ഷൻ" മാസികയിലുള്ളതു് ഇവിടെ ചേർത്തുകൊള്ളാം.

ക്ഷേമരാഷ്ട്രം എന്നാൽ എന്തു്? ആസൂത്രണം ചെയ്യപ്പെടുന്ന സാമ്പത്തികസംവിധാനത്തിൽ അനേകം സോഷ്യൽ സർവ്വീസുകൾ പൗരന്മാൎക്കു് പ്രദാനം ചെയ്യുന്ന രാഷ്ട്രമാണു് ക്ഷേമരാഷ്ട്രം. അനേകങ്ങളായ ഈ സോഷ്യൽ സർവ്വീസുകളെ പ്രധാനമായി നാലുഗണങ്ങളിലുൾപ്പെടുത്താം. (1) സൗജന്യമായ ആരോഗ്യസർവ്വീസുകൾ:— ശാരീരികവും മാനസികവുമായ രോഗങ്ങൾക്കു് ആസ്പത്രിയിലും മററും നൽകപ്പെടുന്ന ശുശ്രൂഷകൾ; ഗർഭിണികളുടേയും കുഞ്ഞുങ്ങളുടേയും ക്ഷേമത്തിനുവേണ്ടി ചെയ്യപ്പെടുന്ന സേവനങ്ങൾ. (2) ദേശീയ ഇൻഷ്വറൻസുകൾ:—കുടുംബങ്ങൾക്കു് വേതനം നൽകുക, കുത്തിവയ്പുകൾ നടത്തുക, പകർച്ചവ്യാധികളെ നിയന്ത്രിക്കുക, വ്യവസായ പ്രവർത്തനത്തിലുണ്ടാകുന്ന കേടുകൾക്കു് പരിഹാരമുണ്ടാക്കുക, വാൎദ്ധക്യവേതനം നൽകുക, പ്രസവത്തിനും കുട്ടികൾക്കുമായുള്ള സഹായങ്ങൾ ദാനം ചെയ്യുക. (3) തൊഴിൽ സർവ്വീസുകൾ:— തൊഴിലില്ലാത്തവൎക്കു് തൊഴിൽ ഏർപ്പാടുചെയ്തു കൊടുക്കുവാനുള്ള ബ്യൂറോകൾ നടത്തുക. തൊഴിൽ കാൎയ്യങ്ങളിൽ പരിശീലനം നൽകുക. തൊഴിലില്ലാത്തവൎക്കു് സഹായധനം കൊടുക്കുക, വേലയുടെ സാഹചര്യങ്ങൾ നന്നാക്കി തൊഴിലാളികളുടെ ക്ഷേമം പുലർത്തുക (4) ഭവനനിൎമ്മാണവും ആസൂത്രണവും:— ഭവനരഹിതൎക്കു് അവ ഉണ്ടാക്കിക്കൊടുക്കുന്നതിനു് രാഷ്ട്രം സഹായം നൽകുക, വാടകകൾ നിയന്ത്രിക്കുക, ഭവനങ്ങൾക്കു് വില നിശ്ചയിക്കുക, പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും ആസൂത്രണങ്ങൾ ഏർപ്പെടുത്തുക.

## പ്രൈവററേർപ്പാടുകൾ മാത്രം പോരാ

ഈ സർവ്വീസുകൾ എല്ലാം രാഷ്ട്രത്തിൻെറ കുത്തകയിലാക്കാതെ പ്രൈവറേറപ്പാടുകൾവഴി നടത്തുകയായിരിക്കും ഏററവും നല്ലതെന്നു് സകലരും സമ്മതിക്കും. എന്നാൽപ്രൈവറേറപ്പാടുമതിയാകയില്ലെന്നാണു് അനുഭവം തെളിയിക്കുന്നതു്. പ്രൈവറേറപ്പാടുകൾ ഈ വിഷയങ്ങളിൽ വിപുലമായ തോതിൽ ഗുണങ്ങൾ ചെയ്തിട്ടുണ്ടെന്നു് ചരിത്രം വ്യക്തമായി സാക്ഷീകരിക്കുന്നുണ്ടു്. എന്നുവരികിലും തൊഴിലാളികളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ പ്രൈവറേറപ്പാടുകൾ പിന്നോക്കം നില്ക്കുകയാണു് ചെയ്തിട്ടുള്ളതെന്നും ചരിത്രം ചൂണ്ടിക്കാണിക്കുന്നുണ്ടു്. ഇംഗ്ലണ്ടിലെ അനുഭവം ഇതിനു് ഏററവും സ്പഷ്ടമായ ദൃഷ്ടാന്തമാണു്. അവിടെ അനേകം സാമുദായികപ്രശ്നങ്ങൾക്കു് പരിഹാരങ്ങൾ ഉണ്ടായിട്ടുള്ളതു് രാഷ്ട്രം നേരിട്ടു ക്രമേണ നടത്തിയിട്ടുള്ള സോഷ്യൽ സർവ്വീസുകൾ വഴിയായിട്ടാണു്. പ്രൈവറേറപ്പാടു് ഏററവും മെച്ചമായി നടന്നിട്ടുള്ള രാജ്യം അമേരിക്കൻ ഐക്യസംസ്ഥാനങ്ങളാണെന്നു് ഗണിക്കപ്പെടുന്നു. ആ രാജ്യത്തിലെ കുടുംബങ്ങളുടെ സമ്പാദ്യങ്ങളുടെ സ്ഥിതിവിവരക്കണക്കുകൊണ്ടു കാണാം, പ്രൈവററു് പരിശ്രമങ്ങൾകൊണ്ടുമാത്രം ജനങ്ങൾക്കു പൊതുവായ ക്ഷേമം കൈവരുത്താൻ കഴിയുകയില്ലെന്നു് യു എസ്സ്. എ. യിലെ ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നു് എടുത്തിട്ടുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

## ചില സ്ഥിതിവിവര കണക്കുകൾ

1949-ൽ ഓഹിയോ സംസ്ഥാനത്തിലെ സിൻസിനാററി പട്ടണത്തിലെ തൊഴിലാളി കുടുംബങ്ങൾക്കു് 3518 ഡോളർ ആയിരുന്നു വാർഷികവരുമാനം. അതിനെക്കാൾ കുറഞ്ഞ വരുമാനമാണു് അമേരിക്കൻ കുടുംബങ്ങളിൽ 51·5 ശതമാനത്തിനും ഉള്ളതു്. യു. എസ്. എ. യിൽ കുടുംബവേതനങ്ങൾ വ്യാപകമായ തോതിൽ നൽകപ്പെട്ടിരുന്നില്ല. തന്മൂലം കുട്ടികളുള്ള അമേരിക്കൻ കുടുംബങ്ങളിൽ ഒരു വലിയ വിഭാഗത്തിനു് കുറഞ്ഞ വരുമാനമേയുണ്ടായിരുന്നുള്ളു. 1950-ലെ കണക്കുകൾ കൊണ്ടു് കാണുന്നു, ആകെയുള്ള കുടുംബങ്ങളിൽ 25·7 ശതമാനത്തിനു് അക്കൊല്ലം രണ്ടായിരം ഡോളറിൽ കുറവായിരുന്നു വരുമാനം എന്നും, 5-ൽ രണ്ടുവീതം കുടുംബങ്ങൾക്കു് 5000 ഡോളർ ആയിരുന്നു വരുമാനമെന്നും.

ചെറിയ സമൂഹത്തിനു് ചെയ്യാൻ കഴിയുന്ന ജോലി വലിയ സമൂഹം ഏറെറടുക്കരുതെന്ന പൊതുനിയമമനുസരിച്ചു് പ്രൈവറേറപ്പാടുവഴി നടത്താവുന്ന സാമുദായികസർവ്വീസുകൾക്കു് രാഷ്ട്രം സഹായഹസ്തം നൽകിയാൽ മതിയാവും. എന്നാൽ ചെറിയ സമൂഹങ്ങൾക്കു് നടത്താൻ സാദ്ധ്യമല്ലാത്ത ചുമതലകൾ രാഷ്ട്രം നേരിട്ടു് ഏറെറടുക്കുകതന്നെ വേണ്ടിയിരിക്കുന്നു. ആകയാൽ രാജ്യത്തിലെ വിഷമതകൾക്കും ജനങ്ങളുടെ ആവശ്യങ്ങൾക്കും പരിഹാരമുണ്ടാക്കുവാൻ മററു സംഘടനകൾക്കു് കഴിവില്ലാതാകുമ്പോഴൊക്കെയും രാഷ്ട്രം ഇടപെടുന്നതു് ന്യായീകരിക്കാമെന്നു മാത്രമല്ല, ഇടപെടേണ്ടതു് അതിൻെറ കടമകൂടിയാകുന്നു.

## ഇംഗ്ലണ്ടിലെ വസ്തുതകൾ

കേവലം താത്വികമായ ഊഹാപോഹങ്ങൾ മാററിവച്ചുകൊണ്ടു് ചില വസ്തുതകളിലേക്കു് നമുക്കു ദൃഷ്ടിതിരിക്കാം. ഇംഗ്ലണ്ടിലെ ക്ഷേമരാഷ്ട്രം അവിടത്തെ ലേബർ പാർട്ടിയുടെ അഭിമാനവിഷയമാണല്ലോ. ആ രാഷ്ട്രം അവിടെ വരുത്തിയിട്ടുള്ള നേട്ടങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് "ക്രിസ്തുരാജൻ" (Christ us Rex) എന്ന പത്രഗ്രന്ഥത്തിൽ മി. ജയിംസ് സ്കാല്ലി (Scally) എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഇങ്ങനെയാണു്.

"ഞങ്ങൾ ആരോഗ്യവിഷയത്തിൽ കൂടുതൽ മെച്ചമായ നിലവാരങ്ങളിൽ എത്തിയിരിക്കുകയാണു്; ശിശുക്കളുടെയും മാതാക്കളുടേയും മരണം വളരെയധികം കുറഞ്ഞിരിക്കുന്നു. മുൻപു് അധഃപതിച്ചിരുന്ന പ്രദേശങ്ങളിൽ ഇപ്പോൾ ഉദിച്ചുയർന്നുകൊണ്ടിരിക്കുന്ന പുതിയ വൃത്തിയുള്ള ഫാക്ടറികളിൽ തൊഴിലാളികൾ സന്തുഷ്ടിയോടുകൂടി ജോലിചെയ്യുന്നു; ഒരു പുതിയ സുരക്ഷിതബോധവും, സുഖപ്രദമായ വീക്ഷണഗതിയും, സ്വന്തം വ്യക്തിമാഹാത്മ്യത്തിൻെറ നവീനബോധവും തൊഴിലാളികൾക്കുണ്ടായിട്ടുണ്ടു്. അധഃപതിച്ചുകിടന്നിരുന്ന വ്യാവസായികപ്രദേശങ്ങളിലെ വൃത്തിഹീനതയും ദരിദ്രവും ദാരിദ്ര്യത്തെപ്പററിയുള്ള ഭീതിയും തൊഴിലില്ലായ്മയും അതുമൂലമുണ്ടാകുന്ന അധഃസ്ഥിതിയും ആലോചിക്കുമ്പോൾ ഇപ്പോഴത്തെ അവസ്ഥ എത്രയോ വ്യത്യസ്തം! സർവ്വോപരി, നമ്മുടെ കുട്ടികളുടെ ഇപ്പോഴത്തെ സ്ഥിതി നോക്കിയാലും. വേണ്ട ഭക്ഷണമില്ലാതെയും, കീറവസ്ത്രങ്ങൾ ധരിച്ചും, പലപ്പോഴും രോഗം പിടിപെട്ടും മുൻപു് കഴിഞ്ഞുകൂടിയിരുന്ന അവരിലധികവും ഇപ്പോൾ നല്ലവണ്ണം പോഷിപ്പിക്കപ്പെട്ടു് ആരോഗ്യവാന്മാരായിതീർന്നിരിക്കുന്നു."

ഈ ലേഖകൻതന്നെ കമ്മ്യൂണിസത്തെപ്പററി ഇങ്ങനെ പറയുന്നു. "കമ്മ്യൂണിസ്റ്റുകൾക്കു് നല്ലവണ്ണമറിയാം, ലേബർപാർട്ടി അവരുടെ ശത്രുവാണെന്നു്. മുൻകാലത്തു് "ചെമന്ന" പ്രദേശങ്ങളെന്നു് വിളിക്കപ്പെട്ടിരുന്ന സ്ഥലങ്ങളിലെ തൊഴിലാളികളുടെ ഇടയിലുണ്ടായിരുന്ന വർഗ്ഗവിദ്വേഷം ആശ്ചര്യകരമായ തോതിൽ അപ്രത്യക്ഷപ്പെട്ടിരിക്കുകയാണു്. ഭീതിയും വിദ്വേഷവും കൊടിയ ദാരിദ്ര്യവും നീങ്ങിയപ്പോൾ കമ്മ്യൂണിസത്തിനു് മുന്നേറുവാനുള്ള ശക്തി നഷ്ടീഭവിച്ചു."

## തൊഴിലില്ലായ്മ പരിഹരിച്ചു

പരിപൂൎണ്ണമായ തൊഴിൽദാനത്തെക്കുറിച്ചു അദ്ദേഹം പറയുന്നു:—"ലേബർ പാർട്ടിപ്രചാരകന്മാൎക്കു് അഭിമാനംകൊള്ളാവുന്ന ഏററവും വലിയ കാൎയ്യം ഒരു പക്ഷേ പരിപൂൎണ്ണമായ തൊഴിൽദാനത്തിനു് തങ്ങൾക്കു കഴിവുണ്ടായി എന്നതാണു്. വാസ്തവത്തിൽ യുദ്ധാനന്തരകാലത്തിലെ ലേബർ ഗവണ്മെൻറിനു് നമ്മുടെ പരിപൂൎണ്ണമായ തൊഴിൽദാനത്തിൽ അഭിമാനംകൊള്ളുവാൻ അവകാശമുണ്ടെങ്കിൽ ഗവണ്മെൻറിൻെറ കൺട്രോളും പണത്തിൻെറ വിലകുറയ്ക്കുന്ന നയവും വളരെയധികം നീതീകരിക്കാവുന്നതാണു്."

ഇപ്രകാരം ക്ഷേമരാഷ്ട്രം സ്ഥാപിക്കപ്പെട്ടപ്പോൾ യുദ്ധാനന്തരമുള്ള ബ്രിട്ടൻെറ കച്ചവടകാൎയ്യം എങ്ങനെ?

"ഭീമമായ യുദ്ധനഷ്ടങ്ങളും മറെറല്ലാ വൈഷമ്യങ്ങളും ബ്രിട്ടൻ സഹിക്കേണ്ടിവന്നെങ്കിലും, ഡോളർ മിച്ചംവയ്ക്കുന്നതിലുണ്ടായിരുന്ന അവളുടെ പോരായ്മ അവൾ വളരെയധികം പരിഹരിച്ചിട്ടുണ്ടെന്നുള്ളതു് ആശ്ചൎയ്യകരമായിരിക്കുന്നു."

ഒടുവിലായി ഒന്നുകൂടി പറയാം. ആരംഭത്തിൽ ക്ഷേമരാഷ്ട്രത്തിനു് കടകവിരുദ്ധരായിരുന്ന പലരും അവരുടെ അഭിപ്രായങ്ങൾ ഏറെക്കുറെ മാററിയിരിക്കുകയാണു്. കാരണം, ആ രാഷ്ട്രനിൎമ്മാണം ശരിക്കു നടത്തിക്കൊണ്ടിരിക്കുകയാണെന്നു് അവർ കണ്ടിരിക്കുന്നു. തന്മൂലം ഇംഗ്ലണ്ടിലെ യാഥാസ്ഥിതികകക്ഷി ക്ഷേമരാഷ്ട്രത്തെ അംഗീകരിച്ചു കഴിഞ്ഞു.

## സാമ്പത്തിക വ്യവസ്ഥിതിയുടെ ആസൂത്രണം

ഒരു രാഷ്ട്രം മററു പലകാൎയ്യങ്ങളിലെന്നപോലെ സാമ്പത്തികവ്യവസ്ഥിതി ആസൂത്രണം ചെയ്യുന്നതിലും അതിരുകടന്നു പ്രവൎത്തിച്ചെന്നുവരാം. അങ്ങനെ വരുമ്പോൾ രാഷ്ട്രം രാജ്യത്തിലെ കൊള്ളക്കൊടുക്കലിൻെറ സകല വിശദാംശങ്ങളും നിയന്ത്രണത്തിൽവയ്ക്കുന്നു, സകലത്തിൻെറയും വില നിശ്ചയിക്കുന്നു, ഉല്പാദിപ്പിക്കപ്പെടേണ്ടതു് എത്രയെന്നു തീരുമാനിക്കുന്നു. ഇതാണല്ലോ സർവ്വാധിപത്യരാഷ്ട്രങ്ങളിൽ നടക്കുന്നതു്. ഇതല്ല ഇവിടെ വിവക്ഷിക്കുന്ന സാമ്പത്തികവ്യവസ്ഥിതിയുടെ ആസൂത്രണം. ക്യാപ്പിററൽ വ്യവസ്ഥിതിയിലെ അനിയന്ത്രിതമായ വ്യക്തിസ്വാതന്ത്ര്യത്തിനു് വേലക്കൂലിയും സാധനങ്ങളുടെ വിലയും ക്രയവിക്രയവും എല്ലാം മുതലാളിമാരുടെ ഹിതാഹിതങ്ങൾക്കുമാത്രം വിട്ടുകൊടുക്കുന്നതിനു്, വലിയതോതിലുള്ള കിടമത്സരവും കുത്തകസമ്പ്രദായവും യാതൊരു നിയന്ത്രണവുമില്ലാതെ വിസ്തൃതമായി നടമാടുന്നതിനു്, എതിരായിട്ടുള്ളതാണു് ഇവിടെ വിവക്ഷിക്കുന്ന ആസൂത്രണം. സർവ്വാധിപത്യരാഷ്ട്രവ്യവസ്ഥിതിക്കും അനിയന്ത്രിത ക്യാപ്പിററലിസ്റ്റു് വ്യവസ്ഥിതിക്കും മദ്ധ്യേയുള്ള ഒന്നു വേണമെന്നാണു് ഇവിടെ വാദിക്കുന്നതു്. ആ മദ്ധ്യമാൎഗ്ഗത്തിൽ രാഷ്ട്രം ചില സാധനങ്ങളുടെ ക്രയവിക്രയവും വിലയും പരിശോധിച്ചുകൊണ്ടിരിക്കും; ധനം ധനികരുടെ കൈയിൽ കുന്നുകൂടുന്നതു് നികുതിചുമത്തൽ വഴിയായി തടയും; മാത്രമല്ല, "ദേശവാസികളുടെ പ്രൈവററും വ്യക്തിപരവുമായ പ്രവൎത്തനങ്ങളെ നിയന്ത്രിക്കുകയും സഹായിക്കുകയും നയിക്കുകയും, തദ്വാരാ പൊതുഗുണത്തിലേക്കു അവയെ ഏകീകരിക്കുകയും ചെയ്യുക" എന്ന സ്വന്തം ചുമതലയുടെ ബോധം സാമാന്യമായി രാഷ്ട്രത്തിനുണ്ടായിരിക്കുകയും ചെയ്യും രാഷ്ട്രത്തിൻെറ ഈ ചുമതല പത്രണ്ടാംപീയൂസ് മാൎപ്പാപ്പാ വ്യക്തമാക്കിയിട്ടുള്ളതാണു്.

നികുതിചുമത്തൽ രാജ്യങ്ങളുടേയും സാഹചൎയ്യങ്ങളുടേയും സ്ഥിതികൾ അനുസരിച്ചു വ്യത്യാസപ്പെട്ടിരിക്കും. ഗ്രേറു് ബ്രിട്ടനിൽ തൊഴിലാളികൾക്കു നൽകുന്ന ഇൻഷ്വറൻസുകൾക്കുള്ള പണം മുതലാളികളിൽനിന്നും തൊഴിലാളികളിൽനിന്നും ശേഖരിക്കുന്നു. ആരോഗ്യസംബന്ധമായ മററു സർവ്വീസുകൾക്കു വേണ്ട പണം ചില സാധനങ്ങളിന്മേൽ, പ്രത്യേകിച്ചും പുകയിലയിലും ലഹരിപാനീയങ്ങളിലും, ചുമത്തുന്ന നികുതിയിൽനിന്നാണു് ശേഖരിക്കുന്നതു്.


ധനികരുടെമേൽ ഇങ്ങനെ നികുതിചുമത്തുന്നതുകൊണ്ടു് ധനവിതരണത്തിലുള്ള പൊരുത്തക്കേ

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ രോഗശാന്തിയുണ്ടായതിനു് നന്ദി. താമസിച്ചതിനു ക്ഷമാപണം.

മാടശ്ശേരിക്കുടി വർക്കി

---




Sincere thanks to Rev. Sr. Alphonsa For Favours Received

Miss P. R. Celina, Ollur

---

നിത്യമായ സന്തോഷത്തിനു്

പണമാണു് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണു്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ചു് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്കു് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്കു്.

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ — അതിരമ്പുഴ — കോഴിക്കോടു്
ചങ്ങനാശ്ശേരി — എടത്വാ - കോട്ടയം
ഏനിമല — തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

K.P.S

കൾക്ക് കൂടുതൽ കുറവു വരുത്തുവാൻ സാധിച്ചിട്ടുണ്ട്. 1938-39ൽ 7000 പേർക്ക് സകല ചിലവും കഴിച്ച് 600റ്റത്തിൽ അധികം പവൻ ആദായമുണ്ടായിരുന്നു. 1948-49ൽ അവരുടെ സംഖ്യ 80 ആയി കുറഞ്ഞു. നേരേ മറിച്ച് 1938-39ൽ 180 പവനിൽ അധികം വാർഷികാദായമുള്ളവർ 70 ലക്ഷമുണ്ടായിരുന്നു; 1942-43ൽ അവരുടെ സംഖ്യ 130 ലക്ഷം ആയി വർദ്ധിച്ചു. ധനവിതരണത്തിൽ നിരപ്പുവരുത്തൽ നടക്കുന്നുണ്ടെന്നാണല്ലോ ഈ കണക്കുകൾ കാണിക്കുന്നത്.

### രാഷ്ട്രസാൽക്കരണം

ക്ഷേമരാഷ്ട്രത്തിൽ രാഷ്ട്രസാല്കരണത്തിനു സ്വതവേ സ്ഥാനമൊന്നുമില്ല. ചില ചുററുപാടുകളിൽ ചില പ്രധാന വ്യവസായങ്ങളുടെ രാഷ്ട്രസാല്കരണം സോഷ്യൽ സർവ്വീസുകൾക്കുള്ള ചിലവുകൾ വഹിക്കുവാൻ ഗവമ്മെൻറിനു സഹായകമായേക്കാം. എന്നാൽ ചില രാജ്യങ്ങളിലെ, ഉദാഹരണമായി ആസ്ത്രേലിയായിലേയും ന്യൂസിലണ്ടിലേയും അനുഭവങ്ങൾ പഠിപ്പിക്കുന്നത്, രാഷ്ട്രസാൽക്കരണം നീതികരിക്കുവാൻ പാടുള്ളപ്പോൾപോലും രാജ്യത്തിനു ദോഷകരമായി ഭവിച്ചേക്കാമെന്നാണ്. ഇതിൻെറ കാരണം മനുഷ്യമനസ്സിൻെറ പ്രവത്തനരീതിയാണ്. രാഷ്ട്രത്തിൻെറ വകയായ വ്യവസായങ്ങളിൽ സ്വകാര്യവ്യവസായങ്ങളിലും സംരംഭങ്ങളിലും പ്രോത്സാഹനം നൽകുന്ന പ്രേരകശക്തി മിക്കവാറും ഇല്ലാതെയായിപ്പോകുന്നു. തന്മൂലം പലപ്പോഴും രാഷ്ട്രത്തിനു ബുദ്ധിപൂർവ്വകമായി ചെയ്യാവുന്നത് വ്യവസായങ്ങളെ രാഷ്ട്രസാല്കരിക്കുകയല്ല, പ്രത്യുത അവയ്ക്കു കൂടുതൽ നികുതിചുമത്തി പണം ഉണ്ടാക്കുകയാണ്.

ക്ഷേമരാഷ്ട്രവും രാഷ്ട്രസാൽക്കരണവും തമ്മിലുള്ള സ്പഷ്ടമായ ഈ വ്യത്യാസത്തെ ഇംഗ്ലണ്ടിലെ വസ്തുതകൾ സ്ഥിരീകരിക്കുന്നു. ക്ഷേമരാഷ്ട്രം ഏർപ്പെടുത്തുവാൻ തുടങ്ങിയതോടുകൂടി ഇംഗ്ലണ്ടിൽ ചില പ്രധാനപ്പെട്ട വ്യവസായങ്ങൾ രാഷ്ട്രസാൽക്കരിക്കുകയുണ്ടായി. എന്നിട്ടും മുക്കാൽഭാഗം വ്യവസായങ്ങൾ പ്രൈവററുകരങ്ങളിലായിരുന്നു. എന്നാൽ അതേസമയംതന്നെ കുറെക്കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ രാഷ്ട്രസാൽക്കരിക്കപ്പെട്ട ആ വ്യവസായങ്ങളിൽ പലതും പഴയ നിലകളിലേക്കു പരിവത്തനം ചെയ്യപ്പെട്ടു. രണ്ടു സാഹചര്യങ്ങളിലും ക്ഷേമരാഷ്ട്രം അതിൻെറ പരിപൂർണ്ണമായ ഔർജ്ജിത്യത്തോടുകൂടി തുടന്നുകൊണ്ടിരിക്കുകതന്നെ ചെയ്യുന്നു. ഇതിൻെറ അർത്ഥം ക്ഷേമരാഷ്ട്രത്തിനു രാഷ്ട്രസാൽക്കരണം അവശ്യാവശ്യകമല്ലെന്നാണല്ലോ.

—o—

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ കുഞ്ഞിനു പൂർണ്ണസുഖം പ്രാപിച്ചതിൽ ഉപകാരസ്മരണ. താമസിച്ചതിൽ ക്ഷമാപണം.

ബി. ബി. പെരേര
പുളിക്കുറിച്ചി


അനുകരണങ്ങളെ സൂക്ഷിക്കണം

"കാളൻ'സ്" ബുള്ളററിൻെറ സാമ്പിൾ കോപ്പി സൗജന്യം. താഴെ കാണുന്ന വിലാസത്തിൽ മാത്രം എഴുതുക.

കാളൻ, നെല്ലായി


# മറിയത്തിൻെറ ഭടവ്യൂഹം

(കുര്യാക്കോസ് പുത്തൻപുരയ്ക്കൽ)

"ലീജിയൻ ഓഫ് മേരിയിലെ ഈ മേരി! അവൾ ആരാണ്? അവൾ എവിടെ വസിക്കുന്നു? എങ്ങനെയാണ് അവൾ പ്രവത്തനം നടത്തുന്നത്? നിങ്ങൾ അനുഗമിക്കുന്ന ഈ മുതലാളിസാമ്രാജ്യ ഏജൻറിനെപ്പററി ഒരു കുറിപ്പെഴുതിത്തരിക. അല്ലെങ്കിൽ അനുഭവം വേറെയായിരിക്കും." ഒരു ലീജിയൻ പ്രവത്തകസമൂഹത്തോട് ഷാൻഹേയിലെ കമ്മ്യൂണിസ്റ്റ്പോലീസു മേധാവികൾ അധികാരപൂർവ്വം ആവശ്യപ്പെട്ടു.

"മേരിയോ?" ഒരു ബാലിക ഭയലേശംകൂടാതെ പ്രതിവചിച്ചു. "അവൾ ദൈവത്തിൻെറ മാതാവല്ലേ. മേരി സ്വർഗ്ഗത്തിൽ വസിക്കുന്നു. അഥവാ ആദ്ധ്യാത്മികമായ അർത്ഥത്തിലാണ് നിങ്ങൾ ചോദിക്കുന്നതെങ്കിൽ, അവൾ എല്ലായിടത്തും വസിക്കുന്നു; ഷാൻഹേയിൽ മാത്രമല്ല. മേരിക്കൊരു പുത്രനുണ്ടായിരുന്നു: ദൈവമായ ക്രിസ്തു. അവളുടെ ആത്മീയസുതരെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ നാമേവരും അവളുടെ മക്കളാണ്." "അസംബന്ധം; നിറുത്തണം നിൻെറ പ്രസംഗം" പോലീസുദ്യോഗസ്ഥൻ രോഷാകുലനായി അലറി. "നിങ്ങളെ സംഘടിപ്പിക്കുന്ന ഈ മേരിയെ ഞങ്ങൾ പിടികൂടും. അവൾക്കു തക്ക പ്രതിഫലം കിട്ടുകയും ചെയ്യും."

ഈ ഭീഷണിയെത്തുടന്നു ചൈനയിൽനിന്നു മെത്രാന്മാരും പുരോഹിതന്മാരും, സഹോദരന്മാരും കന്യാസ്ത്രീകളും ബഹിഷ്കരിക്കപ്പെട്ടു ലീജിയനോടു സമ്പക്കം പുലത്തിയെന്നതാണ് അവരുടെ കുററം. ഒരിക്കൽ ഷാൻഹേയിലെ പ്രമുഖ കുടുംബങ്ങളിൽപെട്ട 27 കത്തോലിക്ക യുവതീയുവാക്കന്മാരടങ്ങിയ ഒരു സംഘത്തെ കമ്മ്യൂണിസ്റ്റുകൾ അജ്ഞാതങ്ങളായ കാരാഗൃഹങ്ങളിലേക്കു നാടുകടത്തിക്കളഞ്ഞു. അവർ ലീജിയനെ അപലപിക്കുവാൻ വിസമ്മതിച്ചതാണതിനു കാരണം.

ഉത്തരചൈനയിലെ ഒരു മിഷനിൽപെട്ട മാർഗരററ് മേരി വോംഗ് എന്ന ധീരവനിതയുടെ ദൃഷ്ടാന്തം, ലീജിയൻപ്രവത്തകരുടെ സ്വാധീനശക്തിക്കു നാമ തെളിവാണ്: 1950-ൽ കമ്മ്യൂണിസ്റ്റുകൾ മതപീഡനം ആരംഭിച്ച അവസരത്തിലായിരുന്നു മേരി വോംഗ് സഭയെ ആശ്ലേഷിച്ചത്. അവൾ താമസിയാതെ ലീജിയൻെറ അംഗവും അചിരേണ അതിലെ ഒരുദ്യോഗസ്ഥയുമായിത്തീന്നു. അധികകാലം കഴിയുന്നതിനുമുമ്പ് കമ്മ്യൂ: പോലീസ് അവളെ അറസ്റ്റുചെയ്തു. താൻ ഒരു ലീജിയൻ പ്രവത്തകയാണെന്ന് മാഗ്ഗരററ് സാഭിമാനം ഏററുപറഞ്ഞു. ലീജിയനെതിരായുള്ള ഒരു പ്രസ്താവനയിൽ ഒപ്പുവച്ചുകൊടുക്കുന്നതിനു മേരി വോംഗിനെ പ്രേരിപ്പിക്കുവാൻ പോലീസ് അനേകം മണിക്കൂറുകൾ നീണ്ടുനിന്ന ഒരു പരിശ്രമം നടത്തി. അവൾ വഴിപ്പെട്ടില്ല.

രണ്ടാം ലോകമഹായുദ്ധത്തിൽ ധീരസേവനം നടത്തിയ ഒരു ജമ്മൻ ഡോക്ടർ ഈ അവസരത്തിൽ മാഗ്ഗരററ് മേരിയുടെ സമീപമുണ്ടായിരുന്നു. ഈ ചൈനീസ് ബാലികയുടെ അചഞ്ചലമായ ധീരത അദ്ദേഹത്തെ ആശ്ചര്യഭരിതനാക്കി. കുറെ മാസങ്ങൾക്കു ശേഷം അദ്ദേഹം ഹോംകോങ്ങിലെത്തിയപ്പോൾ ഒരു മേരിനോൾ സഹോദരിയെ പ്രസ്തുത രംഗം വിവരിച്ചുകേൾപ്പിക്കുകയുണ്ടായി. "സിസ്റ്റർ!" ആ ഡോക്ടർ അവസാനമായി പറഞ്ഞു, "കത്തോലിക്കാസഭയ്ക്കെതിരായി ജീവിതകാലം മുഴുവൻ നീണ്ടുനിന്ന ഒരു മുൻവിധിയാണെനിക്കുണ്ടായിരുന്നത്. എന്നാൽ അന്ന് ഇത്ര ഭക്തിനിർഭരമായ ധീരോദാത്തതയ്ക്കു പ്രചോദനം നൽകുവാൻ ശക്തമായ ആ ആദ്ധ്യാത്മികസ്ഥാപനത്തിൻെറ നേക്കുള്ള ബഹുമാനത്താലും അഭിനന്ദനത്താലും ഞാൻ പൂരിതനായിപ്പോയി. കമ്മ്യൂണിസത്തെ വിജയപൂർവ്വം എതിർക്കുന്നതിനു പര്യാപ്തമായ ഏകശക്തി കത്തോലിക്കാ സഭയാണെന്നെനിക്കു ബോദ്ധ്യമായിരിക്കുന്നു. മാഗ്ഗരററ് മേരി വോംഗിൻെറ ദുർബ്ബലമായ ആ ചെറിയ ചട്ടക്കൂട്ടിൽ നിറഞ്ഞുനിന്ന ചൈതന്യവിശേഷത്തിനു മാത്രമേ കമ്മ്യൂണിസത്തെ അമത്തുവാൻ സാധിക്കുകയുള്ളൂ."

ഇതുകൊണ്ടുതന്നെയാണു ചൈനീസ് രക്തവർണ്ണർ ലീജിയൻ ഓഫ് മേരി സംഘടനയെ തങ്ങളുടെ ആക്രമണത്തിൻെറ പ്രധാന ലക്ഷ്യമാക്കിയിരിക്കുന്നത്. കെൻറക്കിയിലുള്ള കൊവിംഗ്ടൺ എന്ന സ്ഥലത്തെ ഫാദർ ആൽബർട്ട് വി ഫെഡേഴ്സിൻെറ കഥ ഇതിനു തെളിവാണ്. അദ്ദേഹം തന്നെ പറയുന്നു: "പതിനഞ്ചുമാസക്കാലത്തേക്കു രക്തവർണ്ണർ എന്നെ ററായ്‌വാൻ ദൈവാലയത്തിൻെറ സങ്കീത്തിമുറിയിൽ തടങ്കലിൽ പാപ്പിച്ചു. എൻെറ കുററം എന്തായിരുന്നുവെന്ന് അവർതന്നെ പറഞ്ഞിരുന്നു: ഞാൻ ലീജിയൻ സ്ഥാപിച്ചു എന്നതുമാത്രം."

ലീജിയൻെറ നിയമാവലിയും, പ്രാത്ഥന കടലാസുകളും മാത്രമല്ല അംഗങ്ങളുടെ ജപമാലകളും, കാശുരൂപം ആദിയായ സകലതും ചെമ്പടയെ ഏല്പിച്ചുകൊടുക്കണമെന്നവർ നിർബന്ധിച്ചു. നിരീശ്വരത്വത്തിൻെറ സൈ്വരവിഹാരത്തിനു പ്രതിബന്ധമായിനിന്ന അജയ്യശക്തി ലീജിയനാണെന്നു രക്തവർണ്ണർ മനസ്സിലാക്കി ജനങ്ങളിൽവിശ്വാസചൈതന്യത്തെ നിലനിത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും അത്രയധികം സഹായിച്ചുകൊണ്ടിരുന്നു ലീജിയൻ.

ഇരുപത്തൊന്നുകൊല്ലങ്ങൾക്കുമുമ്പ് അയർലണ്ടിൽ കേവലം വിനീതമായ രീതിയിൽ ഉത്ഭവിച്ച ഒരു സംഘടനയാണ് ലീജിയൻ ഓഫ് മേരി. അചിരേണ അതു ക്രൈസ്തവലോകം മുഴുവനിലും വ്യാപിച്ചു. ചൈന, ഇൻഡ്യാ മുതലായ മിഷൻ രാജ്യങ്ങളിലും അതിനു പ്രചാരംസിദ്ധിച്ചു. ഇതിലെ പ്രവത്തകാംഗങ്ങൾ, ഗൃഹസന്ദശ്നം, ആതുരസന്ദശ്നം, മതാദ്ധ്യാപനം ആദിയായ സാധാരണജോലികൾ മാത്രമാണ് നിവ്വഹിച്ചുവരുന്നത്. പ്രാത്ഥനയാലും ചുരുക്കം ചില പ്രവത്തനങ്ങളാലും ഇതിനോട് സഹകരിക്കുന്ന സഹായാംഗങ്ങളും ഇതിനുണ്ട്. പ്രേഷിതജോലിയെ എന്തുമാത്രം ഈ സംഘടന സഹായിക്കുന്നുണ്ടെന്നു, ഇടവകജോലിയിൽ ഏപ്പെട്ടിരിക്കുന്ന അനേകം വൈദികരുടെ സാക്ഷ്യങ്ങളിൽനിന്ന് ഏതാണ്ടു വ്യക്തമാകുന്നുണ്ട്. അമേരിക്കയുടെ കിഴക്കേഭാഗത്തുള്ള നാല്പതോളം ഇടവകകളിൽ പര്യടനം നടത്തിയ രണ്ടു വൈദികരാണ് പ്രസ്തുത സാക്ഷ്യങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു ഇടവകവികാരിയുടെ വാക്കുകളാണ് താഴെ ഉദ്ധരിക്കുന്നത്. "ഇരുപതു സംവത്സരങ്ങളോളം ഞാൻ ഒരു വലിയ നഗരത്തിലുള്ള പള്ളിയിലായിരുന്നു. ഓരോ കൊല്ലവും ഇടവകയിലെ സ്ഥിതിവിവരങ്ങൾ ശേഖരിച്ചുകഴിയുമ്പോൾ അടിയന്തിരശ്രദ്ധ അർഹിക്കുന്ന അനേകം കേസുകൾ ഞങ്ങൾ കണ്ടുപിടിച്ചിരുന്നു. അവയെല്ലാം യഥാർഹം കൈകാര്യം ചെയ്യുക അസാദ്ധ്യമായിരുന്നതിനാൽ പലതും ശ്രദ്ധിക്കാതെ വിട്ടുകളയുവാൻ ഞങ്ങൾ നിർബന്ധിതരായി. ഈ രീതിയിൽ മുന്നോട്ടുപോയാൽ എൻെറ സ്വന്തം ആത്മാവിൻെറ രക്ഷപോലും ആപത്തിലാകുമെന്നു ഞാൻ ഭയപ്പെട്ടു.

എന്നാൽ ഈ ഇടവകയിൽ വന്നതിനുശേഷം എന്നെ സഹായിക്കുവാൻ ലീജിയനുണ്ട്. അതുവഴിയായി ഇപ്പോൾ ജനങ്ങളുടെ ആത്മീയാവശ്യങ്ങൾ ഞാൻ നിഷ്പ്രയാസം നിവ്വഹിക്കുന്നു. ഞങ്ങളുടെ സമ്മർക്ലാസ്സ് അവസാനിച്ചതേയുള്ളൂ; അതൊരു വലിയ വിജയമായിരുന്നു. ലീജിയനാണ് വിജയത്തിനുകാരണം. ഓരോ ദിവസവും ലീജിയനംഗങ്ങൾ ഏററം വിദൂരസ്ഥങ്ങളായ സ്ഥാനങ്ങളിലും തീരെ വിസ്മൃതങ്ങളായ ഭവനങ്ങളിലുംപോയി യുവജനങ്ങളെ കൂട്ടിക്കൊണ്ടുവന്നിരുന്നു. ഇതു ചെയ്യുവാൻ എനിക്കു തനിയെ സാധിക്കുമായിരുന്നില്ല. എത്ര മഹത്തായ ഒരു കാര്യമാണ് ലീജിയൻ നിവ്വഹിച്ചതെന്നു കണ്ടാലും."

ഇടവകയിലെ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിനു ലീജിയൻെറ സഹായം പല വികാരിമാരും തേടുന്നുണ്ട്. ഒരു വൈദികൻ പറയുന്നു: "എൻെറ ഇടവകയിലെ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിൽ ലീജിയൻ അനുഷ്ഠിച്ച സേവനം വിസ്മയാവഹമാണ്. ആറു ലീജിയനംഗങ്ങൾകൂടി ഇടവകയുടെ മൂന്നിൽ രണ്ടു ഭാഗത്തിൽ ആ ജോലി ഏററം പ്രശംസാർഹമായവിധം നിവ്വഹിച്ചു. ഞങ്ങൾ 250 ഭവനങ്ങൾ സന്ദശിച്ചപ്പോൾ അവർ 500 കുടുംബങ്ങളിൽ സന്ദശ്നം നടത്തി."

"ലീജിയൻ പ്രവത്തനം ജനങ്ങളുടെ കണ്ണുതുറപ്പിക്കുന്നു," വേറൊരു വികാരി പറയുകയാണ്, "ഇടവകയിലെ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്ന ജോലി ലീജിയനംഗങ്ങളെ ഞാൻ ഏല്പിച്ചു. ഇടവകാംഗങ്ങൾ ഈവിധം വൈദികരെ സഹായിക്കുന്നതിൽ എത്ര പേരാണെന്നോ ചാരിതാത്ഥ്യം പ്രകടിപ്പിച്ചത്?"

"ലീജിയൻ എൻെറ ഇടവകയിൽ ഉള്ളിടത്തോളംകാലം പ്രയാസമേറിയതോ ശ്രമസാദ്ധ്യമോ ആയ ഒരു കാര്യവുമില്ല; ആത്മികദാരിദ്ര്യത്തിൽപ്പെട്ട് ഉഴലുന്നവർക്കുവേണ്ടി സമയവും സമസ്തകഴിവുകളും വിനിയോഗിക്കുവാൻ സന്നദ്ധരായ സഹപ്രവത്തകരെ എപ്പോഴും എനിക്കു ലഭിക്കുന്നു." ആഹ്ലാദഭരിതനായിട്ടാണ് ഒരു വികാരി ഇപ്രകാരം പറഞ്ഞത്.

"ചൈനയിൽ ലീജിയനംഗങ്ങൾ നിവ്വഹിച്ച അത്ഭുതാവഹങ്ങളായ പ്രവത്തനങ്ങളെപ്പററി കേട്ടശേഷം ഞാൻ എൻെറ ഇടവകയിൽ ഒരു ലീജിയൻ സംഘടിപ്പിച്ചു. ലീജിയൻ ഓഫ് മേരിയെപ്പോലുള്ള ഒരു ആദ്ധ്യാത്മിക സൈന്യം സഹായത്തിനുള്ളപ്പോൾ എൻെറ കരങ്ങൾ എത്ര സുശക്തങ്ങളാണെന്നു സ്വാനുഭവംകൊണ്ടു മനസ്സിലാക്കിയപ്പോൾ മാത്രമാണ്, ഞാൻ കേട്ട വിസ്മയാവഹങ്ങളായ കഥകൾ വിശ്വസിക്കുവാൻ എനിക്കു മനസ്സുവന്നത്." ഒരു വന്ദ്യവൈദികൻെറ അനുഭവസാക്ഷ്യമാണിത്.

ഇടവകഭരണം നിവ്വഹിക്കുന്ന കേരളത്തിലെ വൈദികരെ സമീപിക്കുന്നപക്ഷം ഇതുപോലെ അഭിനന്ദനാത്മകങ്ങളായ എത്ര പ്രസ്താവനകൾ വേണമെങ്കിലും ശേഖരിക്കാമെന്നുള്ളതു നിസ്സംശയമാണ്. ആപൽസമ്പൂർണ്ണമായ ഇക്കാലത്ത്, കത്തോലിക്കാജീവിതചൈതന്യവിശേഷത്തിനു നിദാനമായ വിശ്വാസത്തിൻെറയും സന്മാഗ്ഗത്തിൻെറയും വിശ്വസ്തരായ കാവൽക്കാരായി മറിയത്തിൻെറ ഈ ഭടവ്യൂഹം പരിലസിക്കട്ടെ. അതിൻെറ സംഖ്യാബലവും കമ്മക്ഷമതയും ഈ മരിയൻ വത്സരത്തിൽ വർദ്ധിച്ചുവരുവാനിടയാകട്ടെ!

—o—

## കൃതജ്ഞത



ബ. അൽഫോൻസാമ്മയുടെ സഹായത്താലും കൊച്ചുത്രേസ്യാ പുണ്യവതിയുടെ മദ്ധ്യസ്ഥതാലും എൻെറ ശ്രദ്ധക്കുറവിനാൽ നഷ്ടപ്പെട്ട സാധനം അത്ഭുതകരമാംവണ്ണം കണ്ടുകിട്ടിയതിനു ഉപകാരസ്മരണ.

P. R. Perookutty
Idappally


## ദൈവമാതാവിൻ പുതിയ വണക്കമാസം

നിരവധി കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ ഗ്രന്ഥകത്താവും, സുപ്രസിദ്ധ ചരിത്രകാരനും ഉന്നതബിരുദധാരിയുമായ ശ്രീ കെ. സി. ചാക്കോ, M. A., M. S., A. M. I. E. അവർകളാൽ വിരചിതവും അനേക വൈദികശ്രേഷ്ഠന്മാരുടെയും, അത്മായപ്രമുഖന്മാരുടെയും മുക്തകണ്ഠമായ പ്രശംസക്കു പാത്രീഭൂതവുമായ ഒരു മഹൽഗ്രന്ഥം. സാമാന്യ വണക്കമാസപ്പുസ്തകങ്ങളെ അപേക്ഷിച്ച് സുവിശേഷഗ്രന്ഥങ്ങളിൽ അടിയുറപ്പിച്ച് ശാസ്ത്രീയവും പ്രായോഗികവും, ചരിത്രപരവുമായി രചിക്കപ്പെട്ടതും എല്ലാ കത്തോലിക്കാ ഭവനങ്ങളിലും എല്ലാക്കാലത്തും പ്രത്യേകിച്ച് ഈ മരിയൻജൂബിലി വത്സരത്തിലും ഉണ്ടായിരിക്കേണ്ടതുമായ ഒരു അമൂല്യനിധി. പുതിയ പതിപ്പ് കാലിക്കോ ബയൻറു 1—4—0. തുകൽ ബയൻറു 1—12—0

St. Joseph's I. S. Press, Elthuruth.

# ഉയിർപ്പിൻെറ 2-ാം ഞായറാഴ്ച

## സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിലെ തിരുനാളുകൾ

(ഡേവിഡ് മഹാപിള്ള)

ഈ സഖ്യത്തിൽ നിയമാനുശാസിതമായ ആദ്ധ്യാത്മികചുമതലകൾ പരിമിതമാണെന്നു മുൻലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഈ പരിമിതചുമതലകളിൽ ഏററം പ്രാധാന്യമർഹിക്കുന്നതു് സഖ്യത്തിൻെറ തിരുനാളുകളിലെ ദിവ്യപൂജയും പൊതുദിവ്യകാരുണ്യസ്വീകരണവും പ്രാത്ഥനകളുമാണ്. സൽപ്രവത്തനങ്ങളുടെ പൂണ്ണതയ്ക്കും ഫലപ്രാപ്തിക്കും ദൈവാനുഗ്രഹം ഒരു അനിവാര്യഘടകമത്രെ. "ഈ അനുഗ്രഹം പ്രാപിക്കുന്നതിനു്," കൗൺസിൽ ജനറൽ ചോദിക്കുന്നു, "ഒരേ അരൂപിയോടെയും ഒരേ വിശ്വാസത്തോടെയും ഒരേ അൾത്താരയുടെ മുമ്പിൽ ഒന്നുചേന്നു് ഒരേ പ്രാത്ഥനയിൽ ചേരുന്നതിലും ശക്തമായ മറെറന്തു മാർഗ്ഗമാണുള്ളതു്?" (മാനുവൽ പേ. 121) എല്ലാ രാജ്യക്കാരിലും ദേശക്കാരിലും തരക്കാരിലും പ്രായക്കാരിലുംനിന്നു് വർഗ്ഗവർണ്ണ കുചേലകുബേര വ്യത്യാസങ്ങൾക്കും സ്ഥലകാലസ്ഥിതിഭേദങ്ങൾക്കും അതീതമായി, പാരിലെങ്ങും പട്ടണങ്ങളിലും ഗ്രാമങ്ങളിലുംനിന്നു്, ഒരേ സ്വരത്തിലും അരൂപിയിലും സ്വർഗ്ഗീയപിതാവങ്കലേക്കുയരുന്ന ഈ പ്രാത്ഥനകൾ എത്ര അഭിലഷണീയവും ഫലദായകവുമാണു്! ഇതു ഒരു സങ്കല്പവിവരണമല്ല. ഒരു ഭംഗിവാക്കുമല്ല. നമ്മുടെ സഖ്യത്തിൽ നടക്കുന്ന ഒരു തികഞ്ഞ യാഥാത്ഥ്യം—ഒരു സജീവവസ്തുതയത്രെ.

പരി. ക. മറിയത്തിൻെറ അമലോത്ഭവത്തിരുനാൾ (ഡിസംബർ 8) വിൻസെൻറു് ഡി പോൾ പുണ്യവാൻെറ തിരുനാൾ (ജൂലൈ 19) വിശുദ്ധൻെറ തിരുശേഷിപ്പുകൾ മാററപ്പെട്ടതിൻെറ വാർഷികമായ ഉയിപ്പിൻെറ2-ാം ഞായറാഴ്ച, സഖ്യത്തിലെ മരിച്ചവക്കുവേണ്ടിയുള്ള ദിനമായ വലിയ നോമ്പിലെ 1 ാം ഞായറാഴ്ച എന്നിവയാണു് സഖ്യം ആചരിക്കേണ്ട നാലു തിരുനാളുകൾ. നിയമം 58-ാം വകുപ്പിൻെറ വിശദീകരണത്തിൽ പറയുന്നു: "ഓരോ കോൺഫറൻസും ഓരോ അംഗവും ഈ തിരുനാളുകൾ അതിസൂക്ഷ്മതയോടെ ആചരിക്കണമെന്നുള്ളതു് അത്യന്തം പ്രാധാന്യമർഹിക്കുന്നു. ഒരു മെമ്പർ മററു തരത്തിൽ എത്ര ഭക്തിതീക്ഷ്ണതയുള്ള ക്രിസ്ത്യാനിയായിരുന്നാലും സഖ്യത്തിൻെറ തിരുനാളുകളാചരിക്കുവാൻ അശ്രദ്ധനാകുന്നുവെങ്കിൽ അയാൾക്കു സഖ്യത്തിൻെറ അരൂപിയില്ലതന്നെ. ഈ അബദ്ധത്തിൽ വീഴുന്ന കോൺഫറൻസാകട്ടെ വിൻസെൻറു് പുണ്യവാൻെറ അരൂപി ക്ഷയിച്ചു് അതിവേഗം അധഃപതിക്കുന്നതായിരിക്കും."(മാനു. പേജ് 121)

ഈ തിരുനാളുകളിൽ നിർദ്ദിഷ്ട ദിവസങ്ങളിലോ, അടുത്ത ഏഴു ദിവസങ്ങൾക്കകമോ (Within Octavo), മാററിവയ്ക്കപ്പെട്ടുവെങ്കിൽ അന്നോ ആചരിക്കാവുന്നതാണു്. ഇതു സംബന്ധിച്ചു് ഓരോ കോൺഫറൻസും ഓരോ ദിവ്യപൂജ നടത്തിക്കണം. ഈനാലു് ദിവ്യപൂജയും ഓരോ കോൺഫറൻസിൻെറ മേലുള്ള പ്രഥമ ചാർജ്ജാണെന്നു കൗൺസിൽ ജനറൽ പറഞ്ഞിട്ടുണ്ടു്. ഇതിനുള്ള ചിലവു് വഹിക്കുന്നതിനു ആരും വൈമുഖ്യം വിചാരിക്കേണ്ടതില്ല. പക്ഷേ സാധാരണഗതിയിൽ ആഘോഷമായ പാർട്ടുകുർബാനയ്ക്കും മററും (സാധുക്കളുടേതായ) കോൺഫറൻസുഫണ്ടു് വിനിയോഗിക്കാവുന്നതല്ല. വൈദികരുടെ അസൗകര്യംമൂലമോ മററോ നിർദ്ദിഷ്ട ദിവസംതന്നെ ദിവ്യപൂജ നടത്തുവാൻ സാദ്ധ്യമല്ലെങ്കിൽ അടുത്ത ഏതെങ്കിലും ദിവസം മതിയാകുന്നതാണു്.

ഓരോ തിരുനാളിനും അംഗങ്ങൾ ഒന്നുചേന്നു പൊതുദിവ്യകാരുണ്യസ്വീകരണം നടത്തണം. കോൺഫറൻസിൽനിന്നു് നടത്തിക്കുന്ന ദിവ്യപൂജയ്ക്കുതന്നെ ഇതു നടത്തുന്നതാണുത്തമം. അതിനു് സൗകര്യമില്ലെങ്കിൽ ഏതെങ്കിലും കുർബാനയ്ക്കു നടത്തിയാൽമതി. ഇതിനുള്ള ദിവസവും സമയവും മുൻകൂട്ടി നിശ്ചയിക്കണം. സാധാരണയായി ഇതിൻെറ ചുമതല പ്രാദേശികകൗൺസിൽ ഉണ്ടെങ്കിൽ അതിൻെറ പ്രസിഡൻറിനുള്ളതാണു്. എങ്കിലും ഇതു് അതതു കോൺഫറൻസു് പ്രസിഡൻറിനുതന്നെ വിട്ടുകൊടുക്കുന്നതാണുത്തമം. മേൽപ്രകാരം ദിവസവും സമയവും മററും നിശ്ചയിച്ചുകൊണ്ടു് ആ വിവരം എല്ലാ പ്രവത്തകാംഗങ്ങളേയും പ്രോത്സാഹകാംഗങ്ങളേയും അറിയിക്കേണ്ടതു് സിക്രട്ടറിയുടെ അനുപേക്ഷണീയ ചുമതലയാണു്. തിരുനാൾക്കാര്യം യഥാവസരം അംഗങ്ങളെ അനുസ്മരിപ്പിച്ചും പ്രേരിപ്പിച്ചും യോഗ്യമായി കൊണ്ടാടുന്നതിനു് പ്രസിഡൻറിനുള്ള പ്രത്യേക ചുമതലയെ കൗൺസിൽ ജനറൽ പലപ്പോഴും അനുസ്മരിപ്പിച്ചിട്ടുള്ളതാണു്.

ഏതെങ്കിലും അംഗത്തിനു് നിർദ്ദിഷ്ടസ്ഥലത്തും സമയത്തും ദിവ്യബലിക്കു് സന്നിഹിതനാകുവാൻ തീരെ നിർവ്വാഹമില്ലെങ്കിൽ പ്രസിഡൻറിൻെറ അനുമതിയോടുകൂടി മറെറവിടെയെങ്കിലും (നിർദ്ദിഷ്ടദിവസംതന്നെ) ദിവ്യപൂജയിൽ സംബന്ധിച്ചു് വി. കുർബാന സ്വീകരിച്ചാൽമതി. തക്കകാരണത്താൽ സ്ഥലത്തില്ലാതിരിക്കുകയോ, സുഖക്കേടുമൂലം സംബന്ധിക്കുവാൻ കഴിവില്ലാതെ വരികയോ ചെയ്യുന്നവക്കു് അരൂപിയാലെ ഇതിൽ സംബന്ധിക്കാവുന്നതാണു്.

പ്രസ്തുത തിരുനാളുകൾ മുറപ്രകാരം ആചരിക്കുന്ന സഖ്യാംഗങ്ങൾക്കു പരിശുദ്ധസിംഹാസനത്തിൽനിന്നു പ്രത്യേകം ദണ്ഡവിമോചനങ്ങൾ അനുവദിച്ചിട്ടുണ്ടു്. "സഖ്യത്തിലെ പ്രവത്തകാംഗങ്ങൾക്കും പ്രോത്സാഹകാംഗങ്ങൾക്കും സഖ്യത്തിൻെറ നാലു തിരുനാളുകൾ ആചരിക്കപ്പെടുന്ന ദിവസം പൂണ്ണദണ്ഡമോചനം പ്രാപിക്കാം." (മാനു. പേജ് 142. IV (I) ഇതിനു മേൽ വിഹരിച്ചിട്ടുള്ള പ്രകാരം "ഒരേ ദിവ്യപൂജയിൽ സംബന്ധിച്ചു ദിവ്യകാരുണ്യം സ്വീകരിക്കുകയും തിരുനാൾ സംബന്ധിച്ചു നടത്തുന്ന പൊതുയോഗത്തിൽ സംബന്ധിക്കുകയും ചെയ്യണം." ഈ പ്രത്യേക വ്യവസ്ഥകൾക്കും പുറമേ തിരുസഭയുടെ പൊതുവ്യവസ്ഥയായ മാർപ്പാപ്പായുടെ നിയോഗത്തിനുവേണ്ടി പ്രാത്ഥിക്കുകയും വേണം.

ഈ നാലു തിരുനാളുകൾ സംബന്ധിച്ചും ഓരോ പൊതുയോഗം നടത്തണമെന്നുള്ളതു നിർബന്ധനിയമമാണു്. തിരുനാളുകൾക്കനുവദിച്ചിട്ടുള്ള ദണ്ഡമോചനങ്ങൾ പ്രാപിക്കുന്നതിനു ഈ യോഗം നടത്തിയേ തീരൂ. അംഗങ്ങളിൽ ഉണർവുണ്ടാക്കുന്നതിനും പൊതുജനങ്ങൾക്കു സഖ്യത്തോടു താല്പര്യം വർദ്ധിപ്പിക്കുന്നതിനും അങ്ങനെ കൂടുതൽ സഹായങ്ങൾ ലഭിക്കുന്നതിനും ഈവിധ പൊതുയോഗങ്ങൾ അത്യന്തം സഹായകരമാകുമെന്നു പ്രാരംഭപ്രവത്തകക്കും കൗൺസിൽ ജനറലിനും ബോദ്ധ്യമായിരുന്നു. തന്മൂലം ഇതു നിർബന്ധനിയമവ്യവസ്ഥയാക്കുകയും ചെയ്തു. (നിയമാവലി 45 മുതൽ 50 വരെ വകുപ്പുകൾ നോക്കുക. മാനു. പേജ് 107-112).

ഈ പൊതുയോഗങ്ങളെ സംബന്ധിച്ചിടത്തോളം കേരളത്തിലെ മിക്ക കോൺഫറൻസുകളും അനാസ്ഥരായിട്ടാണു കാണുന്നതു്. ഇതു സാദ്ധ്യമല്ലെന്നും പ്രയാസമെന്നുമൊക്കെയാണു മിക്കവരുടെയും നില. പരിതാപകരമായ ഈ നില മാററണം. ഓരോ കോൺഫറൻസിൻെറയും, പ്രത്യേകിച്ചും ഓരോ പ്രസിഡണ്ടിൻേറയും സത്വരശ്രദ്ധയ്ക്കു ഇതു വിഷയീഭവിക്കേണ്ടതാണു്. പൊതുയോഗങ്ങളെ സംബന്ധിച്ചുള്ള നിയമവിശദീകരണത്തിൽ പറയുന്നതിപ്രകാരമാണു്: "പൊതുയോഗങ്ങൾ നടത്തുന്നതു സാദ്ധ്യമല്ലെന്നുള്ളതിനെ സഖ്യത്തിൻെറ നടപടി എതിർക്കുകതന്നെ ചെയ്യുന്നു. കോൺഫറൻസിലെ പ്രവത്തകാംഗങ്ങളും പ്രോത്സാഹകാംഗങ്ങളും ഉപകാരികളുമടങ്ങിയ ഒരു വിശേഷാൽ സമ്മേളനത്തിൽ ആ കോൺഫറൻസുപ്രവത്തനങ്ങളുടെ ഫലങ്ങളും ഭാവിപരിപാടികളും പരസ്യപ്പെടുത്തുന്നതു ഒരു പൊതുയോഗമായി കരുതപ്പെടുന്നു. പൊതുയോഗങ്ങൾ നടത്താതിരിക്കുന്നതു വളരെ നിർഭാഗ്യകരമാണു്." (മാനു. പേജ്. 106).

കൗൺസിൽ ജനറലിനുവേണ്ടി പ്ര. ജ. ബൗഡൻ പറയുന്നു: "നിയമാനുസരണം ആണ്ടിൽ നാലുപ്രാവശ്യം എല്ലാവിധ അംഗങ്ങളും ചേന്നു്, പാവനമായ അൾത്താരയ്ക്കു മുമ്പിൽ പ്രാത്ഥിച്ച ശേഷം, തങ്ങളുടെ പരസ്നേഹപ്രവത്തനങ്ങളെ തിട്ടപ്പെടുത്തുവാൻ, പ്രായേണ വൈദികശ്രേഷ്ഠന്മാരുടെ, സാധിക്കുമെങ്കിൽ വൈദികമേലദ്ധ്യക്ഷന്മാരുടെ, അദ്ധ്യക്ഷതയിൽ പൊതുയോഗങ്ങൾ നടത്തുന്നതു ഒട്ടും അപ്രധാനമല്ല.... ഇതു വ്യത്ഥമായിട്ടുള്ള ബുദ്ധിമുട്ടാണെന്നും വാർഷികയോഗം പോരെ എന്നും അഭിപ്രായമുണ്ടു്. ഇതിനെ ശക്തിയായി ഞാൻ എതിർക്കുന്നു. മുഖ്യമായും ഇതുസഖ്യത്തിൻെറ നിയമത്തിനും, അമൂല്യമായ ദണ്ഡവിമോചനങ്ങൾ അനുവദിച്ചുകൊണ്ടുള്ള ഗ്രിഗരി 16-ാമൻ മാർപ്പാപ്പായുടെ ബ്രീഫിനും പ്രത്യക്ഷത്തിൽ വിരുദ്ധമാണു്...... അതുകൊണ്ടു നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള പൊതുയോഗങ്ങളുടെ കാര്യം നാം നിർബന്ധമായി പാലിക്കണം." (മാനു. പേ 289-90).

ഈ പൊതുയോഗങ്ങൾ സമീപസ്ഥങ്ങളായ കോൺഫറൻസുകൾ ഒന്നുചേന്നു മാറി മാറി ഓരോരോ സ്ഥലത്തുവച്ചു നടത്തുന്നതു കൂടുതൽ സൗകര്യപ്രദവും പരസ്പരം പ്രയോജനപ്രദവുമായിരിക്കും. പാർട്ടിക്കുലർ കൗൺസിലുള്ളിടത്തു ആ കൗൺസിലിൻെറ നേതൃത്വത്തിൽ മാറി മാറി ഓരോ കേന്ദ്രങ്ങളിൽവച്ചു പൊതുയോഗങ്ങൾ നടത്തുന്നതു കോൺഫറൻസുകൾക്കു പരസ്പരം ഉണർവും ഉത്സാഹവും ഉളവാക്കുന്നതാണു്. ഈവിധയോഗങ്ങൾ ദൈവത്തേയും തങ്ങളുടെ സാധുക്കളേയും അംഗങ്ങളുടെ വിശുദ്ധീകരണത്തേയുംപററി സംസാരിക്കുവാനും പരിചിന്തിക്കുവാനുമാണെന്നുള്ളതു ഭാരവാഹികൾ ഒരിക്കലും വിസ്മരിക്കരുതു്. രാഷ്ട്രീയസാമൂഹ്യാദിരംഗങ്ങളിൽ പേരെടുത്തിട്ടുള്ള പ്രസംഗകരെ ക്ഷണിച്ചുവരുത്തി യോഗങ്ങൾ വ്യയഹേതുകമാക്കുന്നതിനുപകരം സഖ്യത്തെപ്പററി ശരിയായ ജ്ഞാനവും അരൂപിയുമുള്ളവരും ഇതിൽ പ്രവത്തിച്ചുകൊണ്ടിരിക്കുന്നവരുമായി സ്ഥലത്തോ സമീപത്തോ ഉള്ളവരെക്കൊണ്ടു തൃപ്തിപ്പെടണം. രാഷ്ട്രീയകാര്യങ്ങൾ ഈ യോഗങ്ങളിൽ ഒരിക്കലും പരാമശനവിഷയമാകരുതു്. "നമ്മുടെ യോഗങ്ങൾ മോടിയായിരിക്കണമെന്നുള്ളതല്ല, അവയുടെ പ്രയോജനവും ക്രിസ്തീയസ്വഭാവവുമാണു കാര്യമാക്കേണ്ടതു്" എന്നത്രെ കൗൺസിൽ ജനറലിൻെറ നിർബന്ധമായ അഭിപ്രായം. അത്യാസന്നമായിരിക്കുന്ന ഉയിപ്പിൻെറ 2-ാംഞായറാഴ്ച മുറപ്രകാരം ആചരിക്കുന്നതിനു എല്ലാ കോൺഫറൻസുകളേയും കൗൺസിലുകളേയും അനുസ്മരിപ്പിക്കുവാൻ ഈ ലേഖനം സഹായിക്കുമാറാകട്ടെ.

—o—

---

വി. റീത്തായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് നന്ദി. താമസിച്ചതിനു് ക്ഷമാപണം.

മാടപ്പള്ളിക്കുടി വക്കി

---




---

ആദ്ധ്യാത്മികവീഥി

## മറുപടിക്കത്തു് (6)

(തുടച്ച്)

"ഞാൻ ഒരു ചീത്തക്കാഴ്ച മനസ്സറിഞ്ഞുകൊണ്ടു് കുറച്ചുനേരം കണ്ടു. പിന്നീടു് മനസ്സാക്ഷിയുടെ പ്രേരണകൊണ്ടു് കണ്ണു തിരിച്ചുകളഞ്ഞു. കുമ്പസാരിച്ചപ്പോൾ അക്കാര്യം തെളിച്ചുപറയാതെ ചീത്ത വിചാരങ്ങൾ ഉണ്ടായി എന്നേ പറഞ്ഞുള്ളു. മനസ്സിൽ താമസിപ്പിച്ചോ എന്ന ചോദ്യത്തിനു് ഇല്ലെന്നാണു പരിഭ്രമിച്ചു മറുപടി പറഞ്ഞതു്. താമസിപ്പിക്കുന്നതു് എങ്ങനെയാണെന്നും എനിക്കു് നിശ്ചയമില്ലായിരുന്നു. അടുത്ത കുമ്പസാരത്തിൽ ചീത്ത കാഴ്ച കണ്ടെന്നുതന്നെ പറഞ്ഞെന്നാണു തോന്നുന്നതു്. ആദ്യത്തെ കുമ്പസാരത്തിൻെറ ന്യൂനതയെല്ലാം പരിഹരിക്കുന്നതിനായി ചീത്ത പ്രവൃത്തിചെയ്തുവെന്നു് പറഞ്ഞു കുമ്പസാരിക്കട്ടയോ എന്നു വിചാരിക്കുന്നു. അങ്ങനെ ചെയ്യാമോ?"

പാടില്ല. കുമ്പസാരത്തിൽ സത്യം മാത്രമേ പറയാവൂ. ചില സംശയക്കാർ പാപത്തിൻെറ എണ്ണം നിശ്ചയമില്ലാത്തപ്പോൾ പത്തുനൂറുപ്രാവശ്യം എന്നു പറയും. കൃത്യം ചോദിച്ചുവരുമ്പോൾ അഞ്ചോ ആറോ പ്രാവശ്യമേ കാണുകയുള്ളു. ഇത്ര കൂടുതലെന്തിനാണു് പറഞ്ഞതെന്നു ചോദിച്ചാൽ എണ്ണം കുറഞ്ഞുപോയി എന്ന ന്യൂനത ഉണ്ടാകാതിരിക്കാനാണെന്നായിരിക്കും മറുപടി. പക്ഷേ എണ്ണം കൂട്ടുന്നു എന്നുള്ള ന്യൂനതയുണ്ടാകുന്നു എന്ന സംഗതി അവർ വിസ്മരിച്ചുപോകുന്നു.

അതുപോലെ കണ്ടതാണെങ്കിൽ അങ്ങനെതന്നെയാണു് പറയേണ്ടതു്. അല്ലാതെ വിചാരിച്ചു എന്നു പറഞ്ഞു ലഘൂകരിക്കാനോ പ്രവത്തിച്ചുവെന്നു പറഞ്ഞു ഗുരുതരമാക്കുവാനോ പാടില്ല. വിചാരം താമസിപ്പിക്കുകയെന്നു പറഞ്ഞാൽ അനാശാസ്യമായ ഒരു ചിന്തയിൽ ഏപ്പെട്ടിരിക്കുകയാണെന്നു നമുക്കു ബോധംവന്നതിനുശേഷവും അതു മാറേറണ്ടതാണെന്നുള്ള മനസ്സാക്ഷിയുടെ പ്രേരണയെ അവഗണിച്ചുകൊണ്ടു് അതുതന്നെ തുടന്നു ചിന്തിച്ചുകൊണ്ടിരിക്കുകയെന്നാണത്ഥം. സുകൃതജപം ചൊല്ലിയും മററുതരത്തിലും വിചാരം മാററാൻ ശ്രമിച്ചിട്ടും ഈച്ചയെപ്പോലെ മാറാതെ വീണ്ടുംവീണ്ടും വന്നുകൊണ്ടിരിക്കുകയാണെങ്കിൽ നാം സമ്മതിക്കാത്തിടത്തോളംകാലം നമുക്കു് കുററമൊന്നുമില്ല. നേരെമറിച്ചു് അതു മാററാനുള്ള ശ്രമം പുണ്യം തന്നെയായിരിക്കും.

കുഞ്ഞു് അടുത്ത കുമ്പസാരത്തിൽ എന്നെ അറിയിച്ചിട്ടുള്ള വിവരങ്ങൾതന്നെ അതേ രീതിയിൽ കുമ്പസാരക്കാരനോടു പറഞ്ഞാൽമതി. പിന്നീടു് അദ്ദേഹത്തിൻെറ നിദ്ദേശാനുസരണം പ്രവത്തിച്ചുകൊള്ളുക.

എന്നു്

പ്രാത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

Reg. No. M. 2293

# Sathya Deepam

Vol. 27 Ernakulam, April 28, 1954 No. 34

## — വിവിധവൃത്താന്തങ്ങൾ —

### മാതാപിതാക്കന്മാർക്കു രാജശാസനം

ഫ്രാൻസിലെ രാജാവായിരുന്ന നാലാം ഹെൻറി, 13-ാം ലൂയിസെന്ന നാമത്തിൽ തന്റെ പിൻഗാമിയാകാനിരുന്ന പുത്രനെ ഒരു ദിവസം കഠിനമായി ശിക്ഷിക്കയായിരുന്നു രാജ്ഞി വാവിട്ടുകരഞ്ഞുകൊണ്ടു രാജാവിനെ തടഞ്ഞു് ശിക്ഷയിൽനിന്നു വിരമിപ്പിച്ചു. അപ്പോൾ രാജാവു പറഞ്ഞു: "ഭവതി ഇപ്പോൾ മകൻ അല്പം ശിക്ഷയനുഭവിക്കുന്നതിനെപ്പററി കരയുന്നു. എന്നാൽ ഈ കുമാരന്റെ ഭവതിയോടുള്ള ക്രൂരമർദ്ദനങ്ങൾനിമിത്തം ഭവതി കണ്ണുനീർ ചിന്തുന്ന കാലങ്ങളുണ്ടാകും" അതു ഒരു പ്രവചനമായി പരിണമിച്ചു. പുത്രൻ സിംഹാസനാരോഹണം ചെയ്തശേഷം സ്വമാതാവിനെ ബന്ധനസ്ഥയാക്കി, അനന്തരം നാടുകടത്തി, വിദേശത്തിൽ കിടന്നു് അവൾ ചരമമടയുകയും ചെയ്തു. പ്രസിദ്ധനായ ഒരു ഗ്രീക്കു തത്വജ്ഞാനി ഇങ്ങനെ എഴുതിയിരിക്കുന്നു: "എനിക്കു അനുമതി ലഭിക്കുന്ന പക്ഷം നഗരത്തിന്റെ ഏററം ഉന്നതസ്ഥാനത്തു കയറിനിന്നുകൊണ്ടു് ഞാൻ നിലവിളിച്ചുപറയും: മനുഷ്യരേ, എങ്ങോട്ടാണു് നിങ്ങൾ പാഞ്ഞുപോയിക്കൊണ്ടിരിക്കുന്നതു്? നിങ്ങളുടെ മക്കൾക്കായി സമ്പത്തു സമാർജ്ജിക്കുന്നതിൽതന്നെ നിങ്ങൾ ബദ്ധശ്രദ്ധരായിരിക്കുന്നു. എന്നാൽ അവരെ ശിക്ഷണത്തിൽ വളർത്തുന്നതിൽ എന്താണു നിങ്ങൾ ഇത്ര അശ്രദ്ധ പ്രദർശിപ്പിക്കുന്നതു്?"

### നല്ല അദ്ധ്യാപകന്മാർ— പരിശുദ്ധപിതാവിന്റെ ഉൽബോധനം

ക്യൂബായിൽ നടന്ന കത്തോലിക്കാ വിദ്യാഭ്യാസകോൺഗ്രസിലേക്കു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അയച്ച ഒരു സന്ദേശത്തിൽ പറയുന്നു: നല്ല അദ്ധ്യാപകന്മാർ നാലു ഗുണലക്ഷണങ്ങളുള്ളവരായിരിക്കണം. ബുദ്ധിപരമായും സാന്മാർഗ്ഗികമായും പരിപൂർണ്ണസ്വഭാവരൂപവൽക്കരണം സിദ്ധിച്ചവരായിരിക്കണം. അവരവരുടെ ശാഖയിൽ സാമാന്യനിലവാരത്തിൽ കവിഞ്ഞ വൈദഗ്ദ്ധ്യം സമ്പാദിച്ചവരായിരിക്കണം. നല്ല തെളിഞ്ഞ മനഃസാക്ഷിയോടുകൂടിയവരായിരിക്കണം. വൃഥാ പഠിപ്പിക്കാൻ മാത്രമല്ല, സ്വഭാവരൂപവൽക്കരണത്തിലും ശ്രദ്ധാലുക്കളായിരിക്കണം.

### പാരീസുനഗരത്തിൽ പൗരസ്ത്യസഭാപള്ളി

ലത്തീൻ റീത്തുകാരോടു ഇടകലന്നു ജീവിക്കുന്നവരായ പൗരസ്ത്യസഭാംഗങ്ങൾക്കു വേണ്ടി പാരീസിൽ പുതുതായി എട്ടു ഇടവകകൾ സ്ഥാപിച്ചിരിക്കുന്നു. കർദ്ദിനാൾ മെത്രാപ്പോലീത്തായായ ഫെൽററിൻ തിരുമനസ്സുകൊണ്ടു പുതിയ ഇടവകകൾ സ്ഥാപിക്കയിൽ, ലത്തീൻ റീത്തിൽപെട്ട തന്റെ ഇടവകകൾക്കുള്ള സകല അവകാശങ്ങളും ഈ പൗരസ്ത്യ ഇടവകകൾക്കു് ഉണ്ടായിരിക്കുന്നതാണെന്നു പ്രഖ്യാപിക്കയുണ്ടായി. പുതിയ വികാരിമാർക്കു തങ്ങളുടെ റീത്തിൽപെട്ടവരായി നഗരത്തിലുള്ള സകലരുടെ മേലുമാണു ഭരണാധികാരം നൽകപ്പെട്ടിരിക്കുന്നതു് അർമേനിയാക്കാർ, കൽദായക്കാർ, മെല്ക്കായക്കാർ, മാറോനീത്തർ, റുമേനിയർ, യുക്രേനിയർ എന്നീ വിഭാഗക്കാരെല്ലാം അവിടെയുണ്ടു്.

### ഫോർമോസായുടെ ഇന്നത്തെ നില

ചിയാങ്ങിന്റെ നാഷനലിസ്റ്റ് ഗവമ്മെൻറു ആസ്ഥാനമായ ഫോർമോസാദ്വീപിൽ മൂന്നുകൊല്ലംമുമ്പു് കഷ്ടിച്ചു പതിനായിരം കത്തോലിക്കരും, 40 വൈദികരും മാത്രമാണുണ്ടായിരുന്നതു്. ഇന്നു അവിടെ മുപ്പതിനായിരത്തിൽപ്പരം കത്തോലിക്കരും 244 പട്ടക്കാരുമുണ്ടു്. സഹോദരസംഘങ്ങളും കന്യാസ്ത്രീകളുമുൾപ്പടെ ആകെ 461 മിഷ്യനറിമാർ അവിടെ വേല ചെയ്യുന്നുണ്ടു്. ഇവരിൽ പലരും ചൈനായിൽനിന്നു ബഹിഷ്കൃതരായവരുടെ ശേഖരത്തിൽപെട്ടവരാണു്. ഇക്കൂട്ടത്തിൽ ചൈനാക്കാരായ 64 വൈദികരും ഉൾപ്പെടുന്നു. ദ്വീപിൽ ആകെ 80 ലക്ഷത്തോളം ജനങ്ങളാണുള്ളതു്. അഭയാത്ഥികളായ മിഷനറിമാർ ഇവരുടെയിടയിൽ ഊർജ്ജിതമായ വേദപ്രചാരജോലി നടത്തിവരുന്നതിനാൽ കത്തോലിക്കരുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

### പത്താംപീയൂസിന്റെ പുതിയ ചരിത്രം

അയർലണ്ടിലെ പ്രസിദ്ധ പ്രസിദ്ധീകരണശാലക്കാരായ ജിൽ ആൻഡ് സൺ കമ്പനിക്കാർ വാഴ്ത്തപ്പെട്ട പീയൂസിന്റെ ഒരു പുതിയ ചരിത്രം അടിച്ചിറക്കിയിരിക്കുന്നു. 15 ഷില്ലിങ്ങു വിലയുള്ള ഈ ഗ്രന്ഥത്തിൽ വാഴ്ത്തപ്പെട്ടവനെപ്പററി ഇതിനു മുമ്പു കേട്ടിട്ടില്ലാത്ത പല രസകരമായ വിവരങ്ങളും അടങ്ങിയിട്ടുണ്ടു്. ചുരുക്കത്തിൽ ദിവ്യകാരുണ്യഭക്തിയിന്മേലാണു് ഈ വിശുദ്ധപാപ്പായുടെ ജീവിതചക്രം കറങ്ങിയിരുന്നതെന്നു വിശദമായി പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു.

### പരിശുദ്ധ പിതാവിനു് ക്രിസ്മസ് സംഭാവന

ന്യൂയോർക്കിലെ ബർക്കാലോ കമ്പനിയിൽ ജോലിചെയ്യുന്ന 750 തൊഴിലാളികൾചേന്നു് അയച്ചുകൊടുത്ത രണ്ടു കസേരകൾ ഇക്കഴിഞ്ഞ ക്രിസ്മസിനു് വത്തിക്കാനിലെ അമേരിക്കൻ പ്രതിനിധി മിസ്സിസ് ക്ലേയർ ബൂത്തു് മാർപ്പാപ്പാ തിരുമേനിക്കു് സമർപ്പിച്ചിരിക്കുന്നു. അവരുടെ സ്വന്തം കൈവേലയായി അതിമനോഹരരീതിയിൽ പണുതെടുത്തിട്ടുള്ളതാണു് ഈ കസേരകൾ. അതിലൊന്നു വത്തിക്കാനിലെ തന്റെ വായനമുറിയിലേക്കും, മറെറാന്നു് കാസ്റ്റൽഗാൻഡോൾഫിലെ വിശ്രമവസതിയിലേക്കും ഉപയോഗിക്കത്തക്ക രീതിയിലാണു് നിമ്മിക്കപ്പെട്ടിട്ടുള്ളതു്. വിവിധ സഭാംഗങ്ങളായ പ്രസ്തുത തൊഴിലാളികൾ എല്ലാവരും പേരെഴുതി ഒപ്പിട്ടിട്ടുള്ള ഒരു മംഗളാശംസയും അതോടൊന്നിച്ചു് സമപ്പിക്കയുണ്ടായി. "ഭൂമിയിൽ സന്മനസ്സുള്ള എല്ലാവക്കും സമാധാനം കൈവരുത്തുന്നതിനുവേണ്ടി അവിടുന്നു ചെയ്തുവരുന്ന നിരന്തരശ്രമങ്ങൾ വിജയിക്കുമാറാകട്ടെ" എന്നത്രെ അവരുടെ കത്തു ഉപസംഹരിക്കുന്നതു്.

### പട്ടാളം ചാപ്ലന്റെ അന്ത്യകാലപ്രസംഗം

കഴിഞ്ഞ ലോകമഹായുദ്ധത്തിൽ വീരസേവനങ്ങൾ അനുഷ്ഠിച്ചു കീത്തിമുദ്രകൾ സമ്പാദിച്ചിട്ടുള്ള ഒരു പട്ടാളംചാപ്ലനാണു് ഫാദർ ജൂലിയസ് ബ്രൂസ് എന്ന അമേരിക്കൻ വൈദികൻ. യുദ്ധാനന്തരം സെൻറു് പോൾ ഓഫ് ദി ക്രോസ് ആശ്രമത്തിന്റെ അധിപനായിരിക്കയിൽ അദ്ദേഹത്തിനു് കാൻസർ പിടിപെട്ടു. 47 വയസ്സു് പ്രായമേ ആയിട്ടുള്ളു. കാൻസാസിലെ മേഴ്സി ആസ്പത്രിയിൽ മരണാസന്നനായി കിടക്കുമ്പോൾ തന്നെ സന്ദശിച്ചവരോടു അദ്ദേഹം പറഞ്ഞു: "കാൻസർ പിടിപെട്ടു് മരിപ്പാനിടയാകുന്നതു് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. എന്തുകൊണ്ടെന്നാൽ മരണത്തിനു് ഒരുങ്ങാനുള്ള സമയം ലഭിക്കുന്നു. ഹൃദയസ്തംഭനംകൊണ്ടോ മറേറാ ഉള്ള ഒരു വേർപാടാണെങ്കിൽ എത്ര വ്യത്യസ്ഥനിലയായിരിക്കും. വാസ്തവത്തിൽ മരണത്തിന്റെ നിശ്ചിതാവസ്ഥയെ അല്ല മനുഷ്യൻ ഭയപ്പെടുന്നതു്, അതിന്റെ അനിശ്ചിതാവസ്ഥയെയാണു്. രണാങ്കണത്തിൽ ഞാൻ ഒട്ടേറെ ഭടന്മാരെ കണ്ടിട്ടുണ്ടു്. മരണവക്ത്രത്തിലേക്കാണു് പുറപ്പെടുന്നതെന്നു തീച്ചയായിക്കഴിഞ്ഞാൽ പിന്നെ അവക്കു് മരണഭീതിയില്ല. മരണം ആസന്നമായിരിക്കുന്നു എന്നു തീച്ചയായാൽ പിന്നെ എന്താണു് ഭയപ്പെടാനുള്ളതു്? നമ്മുടെ അന്ത്യവിശ്രമസ്ഥാനം സ്വർഗ്ഗമല്ലയോ? പ്രായമായിട്ടില്ലെന്നോ മറേറാ ഉള്ള കാരണങ്ങളാൽ, ആ സ്വർഗ്ഗീയഭവനത്തിലേക്കുള്ള യാത്ര അനുവദിച്ചുകിട്ടിയാൽ പിന്നെ നീട്ടിവയ്ക്കാൻ ആരാണു ആഗ്രഹിക്കുക?"

### മാനിക്സ് മെത്രാപ്പോലീത്താ

ഓസ്ട്രേലിയായിൽ മെൽബോൺ അതിരൂപതയുടെ മെത്രാപ്പോലീത്തായായ ഡോക്ടർ മാനിക്സ് തിരുമനസ്സിലെ 90-ാം ജന്മദിനം ഈയിടെ കൊണ്ടാടിയിരിക്കുന്നു. ഐറിഷ് ദേശീയനായ തിരുമേനി ഇന്നും പൂർണ്ണാരോഗ്യത്തോടെ തന്റെ ചുമതലകൾ നിവ്വഹിച്ചുവരുന്നു. ഓസ്ട്രേലിയായിലെ പുതിയ ഡലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു് ഈ വന്ദ്യവയോധികനെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു: "അഭിവന്ദ്യമെത്രാപ്പോലീത്താ തിരുമനസ്സിലേക്കു് എന്റെ സ്നേഹാദരങ്ങൾ അപ്പിക്കുന്നതിലേക്കു വേണ്ടിത്തന്നെ മാർഗ്ഗമദ്ധ്യേ ഞാൻ മെൽബോണിലടുത്തു. ആധുനികകാലത്തെ കത്തോലിക്കാസഭാനേതാക്കന്മാരിൽ ഒരു പ്രമുഖനാണു് മാനിക്സ് മെത്രാപ്പോലീത്താ. ഓസ്ട്രേലിയായിൽ മാത്രമല്ല, ലോകത്തിന്റെ ഇതരഭാഗങ്ങളിലും അദ്ദേഹം ബഹുമാന്യനായിത്തീന്നിരിക്കുന്നു. പ്രായത്തിൽ വയോധികനെങ്കിലും, ചൈതന്യത്തിൽ ഇന്നും യുവാവും, നിരവധി അത്ഭുതവിജയപ്രാപ്തികളാൽ സമാവൃതനുമായ ആ പൂജ്യദേഹവുമായി കണ്ടുമുട്ടിയതു് എന്നെ സംബന്ധിച്ചിടത്തോളം പറകയാണെങ്കിൽ ആനന്ദസന്ദായകവും ഉൽബോധജനകവുമായിരുന്നു. അഞ്ചു വിനാഴിക അദ്ദേഹത്തോടൊന്നിച്ചു് ചെലവഴിച്ചാൽമതി, എത്ര വിജ്ഞാനസമ്പൂർണ്ണനും അധുനാതനനുമാണു് എല്ലാവിധ പ്രശ്നങ്ങൾ സംബന്ധിച്ചും അദ്ദേഹമെന്നു് ആക്കും മനസ്സിലാകും."

### അയർലണ്ടിന്റെ വിശ്വാസസ്ഥിരത

ഐറിഷ് ജനത അവരുടെ സത്യവിശ്വാസം ഇന്നോളം അഭംഗമായി പാലിച്ചുപോരുന്നതിനെപ്പററി "ആദ്യവും അന്ത്യവും" എന്ന പുസ്തകത്തിൽ ഹില്ലെയർ ബെല്ലക്കു് ഇങ്ങനെ എഴുതിയിരിക്കുന്നു: അയർലണ്ടുകാർ അവരുടെ സത്യവിശ്വാസത്തെ അന്യൂനം ഇന്നുവരെ സംരക്ഷിച്ചുപോരുന്നതു് ചരിത്രത്തിലെ ഒരു വലിയ അത്ഭുതമാണു്. ഇതിനോടു് തുലനം ചെയ്യാവുന്നതായ വേറൊരു സംഭവം യൂറോപ്പിൽ എടുത്തുകാണിപ്പാനില്ല. അയർലണ്ടിലെ ജനങ്ങളുടെ വിശ്വാസത്തിനെതിരായി അനേകനൂററാണ്ടുകൾ സ്വജനങ്ങൾ നടത്തിയ ദീർഘവും രൂക്ഷവും വിഭ്രാന്തിജനകവുമായ ആ മർദ്ദനത്തിനു് തുല്യമായ ഒന്നു ഇതേവരെ ലോകത്തിൽ ദൃശ്യമായിട്ടില്ല. ദൈവം അനുഗ്രഹിച്ചു് ഇനിയും ദൃശ്യമാകയില്ലെന്നു കരുതണം. എന്നാൽ അതു് തീത്തും പരാജയമടയുകയാണു ചെയ്തതു്. ഇത്ര ഊർജ്ജസ്വലമായ പരിശ്രമങ്ങൾ പരാജയത്തിൽ കലാശിച്ചതായി ചരിത്രത്തിൽ വേറൊരു ദൃഷ്ടാന്തം എടുത്തുകാണിപ്പാനില്ലെന്നു പറയാം."

### കത്തോലിക്കാ നടിയുടെ കുരിശുരൂപം

നൃത്തകലയിൽ ഇന്നു അഖിലലോകപ്രശസ്തി സിദ്ധിച്ചിട്ടുള്ള ഒരു നടിയാണു് സ്പെയിൻകാരിയായ പീലാർ ലോപ്പെസ്സു്. അവളുടെ ശയനമുറിയിൽ പ്രധാനസ്ഥാനത്തു സ്ഥലംപിടിച്ചിരിക്കുന്നതു് ഒരു കുരിശുരൂപമാകുന്നു. അതിനടുത്തായി പരേതയായ അവളുടെ ഒരു സഹോദരിയുടെ ഛായാപടവും തൂക്കിയിട്ടുണ്ടു്. ഏതൊരു നടനവും ആരംഭിക്കുന്നതിനു മുമ്പായി ഒരു നന്മനിറഞ്ഞ മറിയം ചൊല്ലുക അവളുടെ പതിവാണു്. അതു സ്വസഹോദരിയുടെ ആത്മാനുകൂലാത്ഥമാണു്.

### ചൈനീസ് കലാവസ്തുക്കൾ അമേരിക്കയിലേക്കു

പുരാതന ചൈനായിലെ അത്ഭുതകലാസൃഷ്ടികളായ പല സാധനങ്ങൾ ഇപ്പോൾ കമ്മ്യൂണിസ്റ്റ് പിടിയിൽപ്പെട്ടു നശിക്കാതെ ഫോർമോസാ ദ്വീപിൽ സൂക്ഷിക്കപ്പെട്ടുവരുന്നുണ്ടു്. ചിത്രങ്ങൾ, കൈയെഴുത്തുഗ്രന്ഥങ്ങൾ, ലോഹങ്ങൾ, കളിമണ്ണുമുതലായവകൊണ്ടുള്ള കൈവേലകൾ ആദിയായി നിരവധി വിചിത്രസാധനങ്ങൾ ഇതിലുൾപ്പെടും. ഇവയിൽഏററം വിശിഷ്ടങ്ങളായ ഇരുനൂറോളം സാധനങ്ങൾ അമേരിക്കയിൽ കൊണ്ടുചെന്നു ഒരു പ്രദശനം നടത്തുന്നതിനു് തീർച്ചപ്പെടുത്തിയിരിക്കുന്നു. ന്യൂയോർക്ക്, ബോസ്റ്റൺ, ചിക്കാഗോ, സാൻഫ്രാൻസിസ്കോ എന്നീ നഗരങ്ങളിൽ അവ പ്രദശിപ്പിക്കാനാണു് ഉദ്ദേശിക്കുന്നതു്.

